



# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY

തൊഴിലാളി വാർത്താ മാസിക

ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം

Volume: 40 | 2023 JANUARY | Issue 1



മസ്ദൂർഭാരതി
കല്ലായ് റോഡ്, കോഴിക്കോട് – 673002
ഫോൺ : 0495 2305040
e-mail : mazdoorbharathi@gmail.com



**മസ്ദൂർ ഭാരതി**

**ഉപദേശക സമിതി**

അഡ്വ.സി.കെ.സജി നാരായണൻ
കെ.ഗംഗാധരൻ
പി.ഗോപാലൻകുട്ടി മാസ്റ്റർ
വി.രാധാകൃഷ്ണൻ
ഡോ.എം.വി.നടേശൻ
ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള
കല്ലറ അജയൻ
എം.എസ്. ശ്യാംകുമാർ
കെ.വി.രാജേന്ദ്രൻ

മാനേജർ : ഇ.ദിവാകരൻ

**പത്രാധിപസമിതി**

എഡിറ്റർ : കെ.കെ.വിജയകുമാർ
അസി.എഡിറ്റർ : ടി.എം.നാരായണൻ
സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ
ജി.കെ.അജിത്ത്
കെ.മഹേഷ്
എം.പി.രാജീവൻ



**മുഖപ്രസംഗം** ഭാരതം ലോകനേതൃത്വത്തിലേയ്ക്ക്........4

**ലഹരിമരുന്ന് എന്ന കാളസർപ്പം** 6
ഡോ.ബി.എസ്.പ്രദീപ്കുമാർ

ഇ–രൂപ യാഥാർത്ഥ്യമാവുമ്പോൾ..................................................11
ഡോ.സജീവ് പി.പി

ഇപിഎഫ് പെൻഷൻ: സുപ്രീംകോടതി വിധി നടപ്പിലാക്കൽ ......................23
അഡ്വ.സി.ബി.മുകുന്ദൻ

ആദ്യമുഖപ്രസംഗം നൽകുന്ന പ്രേരണ ............................................39

വാർത്തകൾ ........................................................................

കവിത
**ആകാശം** ........................................25
കല്ലറ അജയൻ

നിരീക്ഷണങ്ങൾ വിശകലനങ്ങൾ — കേരളവും ഇന്ത്യൻ ദേശീയതയും ........കല്ലറ അജയൻ 17

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

പുസ്തകം: 40 2023 ജനുവരി ലക്കം 1

# ഭാരതം ലോകനേതൃത്വത്തിലേയ്ക്ക്

**ലോ**കത്തെ വികസിത-വികസ്വര രാജ്യങ്ങളുടെ കൂട്ടായ്മയായ ജി-20യുടെ അദ്ധ്യക്ഷസ്ഥാനം ഭാരതം ഏറ്റെടുത്തിരിക്കുകയാണ്. അമേരിക്ക, റഷ്യ, ജപ്പാൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ഇംഗ്ലണ്ട്, യൂറോപ്യൻ യൂണിയൻ, കനഡ, ആസ്ത്രേലിയ, ഇന്ത്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക, ഇന്തോനേഷ്യ, സൗദി അറേബ്യ തുടങ്ങിയ ഇരുപത് രാജ്യങ്ങളാണ് ജി-20യിൽ ഉൾപ്പെടുന്നത്. ലോക സമ്പദ്വ്യവസ്ഥയിൽ 80 ശതമാനം കൈകാര്യം ചെയ്യുന്നത് ഈ രാജ്യങ്ങളാണ്. അംഗരാജ്യങ്ങൾ തമ്മിൽ സാമ്പത്തിക സഹകരണം ഉറപ്പാക്കുകയാണ് കൂട്ടായ്മയുടെ പ്രധാന ലക്ഷ്യം. ഏഷ്യൻ സാമ്പത്തിക തകർച്ചയെത്തുടർന്ന് 1999-ലാണ് ജി-20 സ്ഥാപിതമായത്. എങ്കിലും 2008 മുതലാണ് ഘടകരാജ്യങ്ങളുടെ മുഖ്യഭരണാധികാരികൾ പങ്കെടുത്തുകൊണ്ടുള്ള വാർഷിക സമ്മേളനങ്ങളും മറ്റും നടത്തിത്തുടങ്ങിയത്. ഇന്തോനേഷ്യയിൽനിന്നാണ് അടുത്ത ഒരു വർഷത്തെ അദ്ധ്യക്ഷസ്ഥാനം ഇന്ത്യ ഏറ്റെടുത്തത്.

ലോകം പല പ്രതിസന്ധികളെയും നേരിട്ടുകൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിലാണ് ഭാരതം ജി-20ന്റെ അദ്ധ്യക്ഷസ്ഥാനം ഏറ്റെടുക്കുന്നത്. റഷ്യ-യുക്രെൻ യുദ്ധവും കോവിഡിനെത്തുടർന്നുണ്ടായ സാമ്പത്തിക മാന്ദ്യവും ലോകത്തെ എല്ലാ രാജ്യങ്ങളെയും പിടിച്ചുലച്ചിരിക്കുകയാണ്. ഭക്ഷ്യധാന്യങ്ങളുടെയും പെട്രോളിയം ഉല്പന്നങ്ങളുടെയും ദൗർലഭ്യവും വിലവർദ്ധനയും പല രാജ്യങ്ങളിലും ജനജീവിതം ദുരിതത്തിലാക്കിയിരിക്കുന്നു. കോവിഡ് ഇപ്പോഴും പല രാജ്യങ്ങളിലും പല വകഭേദങ്ങളുമായി പടർന്നുകൊണ്ടിരിക്കുകയാണ്. ലോകത്ത് മുഴുവൻ സമാധാനം നിലനില്ക്കണമെന്നും വികസനത്തിന്റെ ഗുണഫലം മാനവരാശിക്ക് മുഴുവൻ ലഭിക്കണമെന്നുമാണ് ഭാരതം ആഗ്രഹിക്കുന്നത് എന്ന് അദ്ധ്യക്ഷപദവി ഏറ്റെടുത്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കുകയുണ്ടായി. “വസുധൈവകുടുംബകം” എന്ന നമ്മുടെ ആത്മീയാചാര്യന്മാരുടെ വചനത്തിന്റെ അടിസ്ഥാനത്തിൽ “ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി” എന്ന മുദ്രാവാക്യമാണ് പ്രധാനമന്ത്രി ജി-20 യുടെ അടുത്ത വർഷത്തെ മുദ്രാവാക്യമായി അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ ദേശീയ പതാകയിലെ നിറങ്ങൾ സമന്വയിപ്പിച്ചുകൊണ്ടും ദേശീയ പുഷ്പമായ താമരയെ ഉൾപ്പെടുത്തിക്കൊണ്ടുമാണ് ജി-20യുടെ പുതിയ വർഷത്തെ ലോഗോ തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യവും മഹത്വവും ലോകത്തിന് മനസ്സിലാക്കിക്കൊടുക്കാനുള്ള ഒരു അവസരംകൂടിയായിട്ടാണ് രാജ്യം ജി-20യുടെ അദ്ധ്യക്ഷസ്ഥാനം ഉപയോഗിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. കൂട്ടായ്മയുടെ കീഴിൽ രൂപീകരിക്കുന്ന വിവിധ കമ്മിറ്റികളുമായി ബന്ധപ്പെട്ട് 50 യോഗങ്ങൾ ഒരു വർഷത്തിനുള്ളിൽ നമ്മുടെ രാജ്യത്ത് നടക്കുന്നതാണ്. രാജ്യത്തെ 50 നഗരങ്ങളിലായിട്ടാണ് ഇവ നടത്താൻ ഉദ്ദേശിക്കുന്നത്. രാജ്യത്തെ വിവിധ പ്രദേശങ്ങളുടെ പ്രത്യേകതകൾ ലോകരാജ്യങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, 2023 സപ്തംബർ 9, 10 തിയ്യതികളിൽ നടക്കുന്ന രാഷ്ട്രത്തലവന്മാരുടെ സമ്മേളനം ദില്ലിയിൽവെച്ചാണ് നടക്കുക. രാജ്യത്തെ 100 പൈതൃകസ്മാരകങ്ങളെ ലോകത്തിന് പരിചയപ്പെടുത്താനും ലക്ഷ്യമിട്ടിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ അമൃതോത്സവം ആഘോഷിച്ചുവരുന്ന സമയത്തു തന്നെയാണ് ജി-20യുടെ നായകത്വം രാജ്യത്തിനു ലഭിക്കുന്നത് എന്നത് കൂടുതൽ സന്തോഷകരമാണ്.

2021-22ലെ കണക്കനുസരിച്ച് രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം (ഗ്രോസ്സ് ഡൊമസ്റ്റിക് പ്രൊഡക്റ്റ് - ജി.ഡി.പി) 3.12 ട്രില്ല്യൺ ഡോളറാണ്. 2025-നകം ഇത് 5 ട്രില്ല്യൺ ഡോളറിൽ എത്തിക്കുക എന്നതാണ് പ്രധാനമന്ത്രി ആഹ്വാനം

ചെയ്തിട്ടുള്ളത്. മെയ്ക്ക് -ഇൻ-ഇന്ത്യ, സ്റ്റാർട്ട്-അപ്പ് -ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, സ്മാർട്ട് സിറ്റി, ആത്മനിർഭർ ഭാരത്, പ്രധാനമന്ത്രി ഗതിശക്തി തുടങ്ങിയ പദ്ധതികൾ ഈ ലക്ഷ്യത്തിലെത്തുന്നതിനുള്ള ഉദ്ദേശ്യത്തിലാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾക്ക് ഉത്തേജനം നല്കുന്നതിനുവേണ്ടി വിദേശവിനിമയത്തിന് ഡോളറിനുപകരം ഇന്ത്യൻരൂപ ഉപയോഗിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് വിവിധ രാജ്യങ്ങളുമായി റിസർവ്വ് ബാങ്ക് ചർച്ചകൾ തുടങ്ങിയിരിക്കുന്നു. പുതിയ കാലത്തിനനുസരിച്ച് ഡിജിറ്റൽ കറൻസിയും നാം പുറത്തിറക്കിക്കഴിഞ്ഞു. 13 രാജ്യങ്ങളുമായി ഭാരതം സ്വതന്ത്ര വ്യാപാര കരാറുകൾ ഒപ്പിട്ടുകഴിഞ്ഞിട്ടുണ്ട്. വ്യാപാര-വ്യവസായസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് ഒരു രാജ്യം ഒരു നികുതി എന്ന ലക്ഷ്യത്തിൽ ജി.എസ്.റ്റി. നടപ്പാക്കിയത്.

ഉല്പാദനക്ഷമതയുമായി ബന്ധപ്പെടുത്തിയുള്ള സഹായധനം പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ഇൻസെന്റീവ് (പി.എൽ.ഐ.) എന്നപേരിൽ ആരംഭിച്ചിട്ടുള്ള പദ്ധതി പുത്തൻസംരംഭകർക്ക് പ്രോത്സാഹനമാണ്. ഇതിലൂടെ മാത്രം 60 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കപ്പെടുമെന്നു കരുതുന്നു. 2022-23 വർഷത്തെ കേന്ദ്രബജറ്റിൽ മൂലധനചിലവിൽ 27 ശതമാനം വർദ്ധനവാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. റോഡ്, റെയിൽ, ജലഗതാഗതം, വിമാനത്താവളം, തുറമുഖം, എന്നീ രംഗങ്ങളിൽ വൻതോതിലുള്ള നിർമ്മാണപ്രവർത്തനങ്ങളും നവീകരണങ്ങളുമാണ് നടക്കുന്നത്. എല്ലാവർക്കും ബാങ്ക് എക്കൗണ്ട്, ഇൻഷുറൻസ്, റേഷൻ കാർഡ്, ആധാർ കാർഡ് എന്നീ പദ്ധതികൾ സർക്കാർ നടപ്പാക്കി. എല്ലാവർക്കും വീട്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ പദ്ധതികൾ ധൃതഗതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ആഗോള സാമ്പത്തികശക്തികൾ രൂക്ഷമായ പ്രതിസന്ധി നേരിടുന്നതിനിടയ്ക്കും ഇന്ത്യൻ സാമ്പത്തികരംഗം ആഘാതങ്ങളെ അതിജീവിച്ചും മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. കോവിഡിനിടയ്ക്കും ഇന്ത്യയുടെ സാമ്പത്തികവളർച്ച 2021-22 വർഷത്തിൽ 8.7 ശതമാനത്തിൽ എത്തിയിരുന്നു. 2002-23 വർഷത്തിലെ ആദ്യപാദത്തിൽ 13.5 ശതമാനവും രണ്ടാംപാദത്തിൽ 6.3 ശതമാനവുമാണ് വളർച്ചാനിരക്ക്. കോവിഡ് കാലത്ത് തുടങ്ങിവെച്ച സൗജന്യ റേഷൻ സംവിധാനം ഒരു വർഷം കൂടി തുടരാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നു. ലോകത്തിലെത്തന്നെ ഏറ്റവും വലിയ ഭക്ഷ്യധാന്യ വിതരണപദ്ധതിയാണിത്.

ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയുടെ അദ്ധ്യക്ഷസ്ഥാനവും ഈ വർഷം ഇന്ത്യയാണ് വഹിക്കുന്നത്. സെക്യൂരിറ്റികൗൺസിലിൽ ഇന്ത്യക്ക് സ്ഥിരാംഗത്വം നല്കണമെന്ന ആവശ്യത്തിന് കൂടുതൽ രാജ്യങ്ങളുടെ പിന്തുണ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിനിടയ്ക്കും അതിർത്തിയിൽ ചൈനയും പാക്കിസ്ഥാനും പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതിനെതിരായ നിലപാട് എടുക്കാൻ ഇന്ത്യയോടൊപ്പം ധാരാളം രാജ്യങ്ങൾ ഇപ്പോൾ മുന്നോട്ടുവരുന്നുണ്ട് എന്നത് നമ്മുടെ നയതന്ത്രവിജയമാണ്. ഭീകരവാദത്തിനെതിരായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി എല്ലാ ആഗോളവേദികളിലും ഉയർത്തിക്കാട്ടാറുണ്ട്. നേരത്തെ നാം മാത്രം അനുഭവിച്ചിരുന്ന ഭീകരവാദി ആക്രമണങ്ങൾ ഇപ്പോൾ ലോകത്തെ മിക്കവാറും എല്ലാ രാജ്യങ്ങളും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനെതിരായ കൂട്ടായ്മ സൃഷ്ടിക്കുന്നതിലും ഭാരതം വിജയിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഭീകരവാദത്തിന് സഹായം നല്കിവരുന്ന രാജ്യങ്ങൾക്കു നേരെ സാമ്പത്തിക നടപടികൾ എടുത്തുകൊണ്ടാണ് ഇപ്പോൾ അവയെ നേരിട്ടുകൊണ്ടിരിക്കുന്നത്. കൂടുതൽ കടുത്ത നടപടികൾക്ക് ലോകം സമീപഭാവിയിൽത്തന്നെ തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം.

റഷ്യ-യുക്രൈൻ യുദ്ധമുണ്ടായപ്പോൾ ചർച്ചയിലൂടെ പ്രശ്നപരിഹാരമുണ്ടാകണമെന്നാണ് ഇന്ത്യ ആവശ്യപ്പെട്ടത്. ആദ്യം അതിനു തയ്യാറാകാതിരുന്ന റഷ്യ ഇപ്പോൾ ചർച്ചയിലൂടെ മാത്രമേ പ്രശ്നപരിഹാരം സാധ്യമാകൂ എന്ന നിലപാടിലെത്തിയിരിക്കുകയാണ്. കോവിഡിന് അന്ത്യം വന്നതായി തോന്നിയിരുന്നുവെങ്കിലും ഇപ്പോഴും ഭീഷണി തുടരുന്ന സാഹചര്യമാണ് കാണുന്നത്. 2019 അവസാനം ചൈനയിൽ നിന്നാരംഭിച്ച പകർച്ചവ്യാധി വീണ്ടും ആ രാജ്യത്തെ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്. വ്യാപകമായ വാക്സിനേഷന്റെ ഫലമായി ഇന്ത്യയിൽ കോവിഡിനെ പ്രതിരോധിക്കാൻ കഴിഞ്ഞെങ്കിലും വീണ്ടും ജാഗ്രത പുലർത്തണമെന്ന് ഇപ്പോൾ പ്രധാനമന്ത്രി ആഹ്വാനം ചെയ്തിരിക്കുകയാണ്. സമാധാനപരവും ആരോഗ്യപരവുമായ ഒരു നല്ല ഭാവിയിലേയ്ക്ക് ലോകത്തെ നയിക്കാനുള്ള ദൗത്യത്തിൽ കൂടുതൽ സംഭാവനകൾ നല്കാൻ പുതിയ പദവികളിലൂടെ ഇന്ത്യയ്ക്കു കഴിയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**എല്ലാവർക്കും പുതുവത്സരാശംസകൾ.**



# ലഹരിമരുന്ന് എന്ന കാളസർപ്പം



**ഡോ. ബി. എസ്. പ്രദീപ്കുമാർ**
9746057577

**സ**രസ്വതീ ക്ഷേത്രങ്ങളായിരിക്കേണ്ട വിദ്യാലയങ്ങൾ ഇന്ന് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപണന വിതരണ കേന്ദ്രങ്ങളാകുന്ന ഭയപ്പെടുത്തുന്ന കാഴ്ചയാണ് നാം കാണുന്നത്. ശാരീരിക മാനസിക വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടത്തിൽതന്നെ യുവാക്കളെ ലഹരിക്ക് അടിമകളാക്കി സ്ഥിരം ഉപഭോക്താക്കളായി തളച്ചിടാൻ ഉള്ള സംഘടിത ശ്രമം ഡ്രഗ് മാഫിയ നടത്തുന്നു. ചില പുരോഗമന വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നവകാശപ്പെടുന്നവർ, കൗമാരക്കാരെ പ്രലോഭിപ്പിച്ച് ചൂഷണം ചെയ്ത് കൂടെ നിർത്താൻ ഇവയെ പ്രോത്സാഹിപ്പിച്ചിരുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കൗമാരക്കാരായ പെൺകുട്ടികളും ഉപയോഗത്തിലും വിതരണത്തിലും ഈ ശൃംഖലയുടെ ഭാഗമാകുന്നു എന്ന യാഥാർത്ഥ്യം നമ്മെ കുറച്ചൊന്നുമല്ല അലോസരപ്പെടുത്തുന്നത്.

MDMA പോലുള്ള ലഹരിവസ്തുക്കൾക്ക് യാതൊരു വിധമായ ഗന്ധവുമില്ലാത്തത് ഉപയോക്താക്കൾക്ക് കൂടുതൽ പ്രചോദനമാകുന്നു. വെറും ഒരു തമാശയ്ക്കുവേണ്ടി സുഹൃത്ത് ബന്ധങ്ങളുടെ ഊഷ്മളത നിലനിർത്താൻവേണ്ടി അല്ലെങ്കിൽ ഉന്മാദം എന്തെന്നറിയാൻ വേണ്ടി ഉപയോഗിച്ച് തുടങ്ങുന്ന ലഹരി ഉപയോക്താവിനെ പിന്നീട് മുക്തനാകാൻ പറ്റാത്ത അവസ്ഥയിലേയ്ക്ക് കൊണ്ടെത്തിക്കുന്നു. തൊഴിലിടങ്ങളിൽ മദ്യവും കഞ്ചാവുമാണ് ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്നത്.

ഒരു സാധാരണ തൊഴിലാളി കുടുംബത്തിന്റെ ഏക ആശ്രയമായ വ്യക്തി ലഹരിക്കടിമപ്പെട്ടാലുള്ള അവസ്ഥ എത്ര ദയനീയമാണ്. വല്ലപ്പോഴും ആഘോഷ അവസരങ്ങളിൽ തുടങ്ങുന്ന മദ്യപാനം ഇട സമയം കുറഞ്ഞു മാസത്തിലേയ്ക്കോ ആഴ്ചയലിയേക്കോ ചുരുങ്ങി ദിവസവും വേണ്ടുന്ന അവസ്ഥയിലെത്തുന്നത് നമുക്ക് ചുറ്റും കാണാം. ക്രമേണ മദ്യത്തിന്റെ കാര്യമായ അളവ് ശരീരത്തിൽ ഇല്ലാതെ വരുമ്പോൾ പിൻവാങ്ങൽ (withdrawal) ലക്ഷണങ്ങൾ ഉണ്ടാകുന്ന അവസ്ഥയിലെത്തുന്നു. ചായ, കാപ്പി തുടങ്ങിയ പാനീ

യങ്ങൾ പോലും സമയത്ത് കുടിക്കാനുള്ള ഒരു ത്വര നമ്മളിൽ പലർക്കും അനുഭവിച്ചറിയാം ലഹരിയുടെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ.


താഴെ പറയുന്ന കാര്യങ്ങൾ ലഹരി ഉപയോഗത്തിലേയ്ക്ക് നയിക്കാം.

* മാനസിക ഉല്ലാസം നേടാൻ
* പിരിമുറുക്കങ്ങളിൽനിന്നും മോചനം ലഭിക്കാൻ
* നന്നായി പ്രവർത്തിക്കാൻ കഴിയും എന്ന മിഥ്യാബോധം
* ഉൽക്കണ്ഠ ഒഴിവാക്കാൻ പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ

തലച്ചോറിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത് (Neutransmitter substances) ഒരു നാഡീതന്തുവിൽനിന്നും മറ്റൊന്നിലേയ്ക്ക് സംവേദനങ്ങളെ കടത്തിവിടാൻവേണ്ടി നാഡീകോശം ഉല്പാദിപ്പിക്കുന്ന രാസപദാർത്ഥം ആണ് നാഡികൾവഴിയുള്ള സംവേദനം.

അയയ്ക്കുക, സ്വീകരിക്കുക, പാകപ്പെടുത്തുക തുടങ്ങി എല്ലാ ഘട്ടങ്ങളിലും Neutransmitter പ്രവർത്തിക്കുന്നു. ഉല്ലാസം, വ്യസനം, സന്തോഷം, ലൈംഗികത, മാനസിക നിയന്ത്രണം തുടങ്ങി എല്ലാ മാനസിക വ്യാപാരങ്ങളെയും നിയന്ത്രിക്കുന്നത് ഈ രാസപദാർത്ഥങ്ങളാണ്. മരിജ്വാന ഹെറോയിൻ പോലെയുള്ള ലഹരിപദാർത്ഥങ്ങളുടെ രാസഘടന Neutransmitter നോട് സാമ്യമുള്ളതിനാൽ ഇവയ്ക്ക് തലച്ചോറിന്റെ നിയന്ത്രണം എളുപ്പത്തിൽ ഏറ്റെടുക്കാൻ കഴിയും. MDMA, കൊക്കൈൻ തുടങ്ങിയ മരുന്നുകൾ അമിതമായി ഈ രാസപദാർത്ഥങ്ങൾ ഉദ്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു.

തലച്ചോറിലെ ബേസൽ ഗാംഗ്ലിയ എന്ന ഭാഗത്ത് ഉണ്ടാകുന്ന അമിത ഉത്തേജനംകൊണ്ട് ഒരു ഉത്തേജിത (High feeling) അവസ്ഥ ഉണ്ടാകുന്നു. പക്ഷേ ലഹരിപദാർത്ഥങ്ങളുടെ നിരന്തരമായ പ്രവർത്തനംകൊണ്ട് കുറെ കഴിയുമ്പോഴേക്കും ഇവയില്ലാതെ ഉല്ലാസം എന്ന ഭാവം തീരെ ഇല്ലാതാകും. മരുന്നിന്റെ അളവ് കുറയുന്നതോടെ ഉത്ക്കണ്ഠ, മറ്റ് അസ്വസ്ഥതകൾ എന്നിവ പ്രത്യക്ഷപ്പെടുന്നു. സാധാരണ അവസ്ഥയിൽ ഇരിക്കാൻപോലും മരുന്ന് ആവശ്യമായി വരും. സഹനം (tolerance) ഉണ്ടാകുകയും കൂടുതൽ ലഹരിമരുന്ന് ആവശ്യമായി വരികയും ചെയ്യും. പ്രേരണകളെ (impulses) നിയന്ത്രിക്കാൻ കഴിയാതെ വരും. ലഹരിമരുന്നിനോട് അത്യാർത്തി ഉണ്ടാകും.




തലച്ചോറിലെ പ്രീ ഫ്രൊണ്ടൽ കോർടെക്സ് എന്ന ഭാഗം നിയന്ത്രിക്കുന്ന

* വിധിനിർണയം
* തീരുമാനം എടുക്കാനുള്ള ശേഷി
* ഓർമ
* ശ്രദ്ധ
* സ്വയം നിയന്ത്രണം

എന്നിവയെ ലഹരി വിപരീതമായി ബാധിക്കുന്നു. ക്രമേണ വ്യക്തി സ്വത്വം നഷ്ടപ്പെട്ട് ലഹരി നിയന്ത്രിത ഭാവത്തിലേയ്ക്ക് മാറുന്നു.

**ആസക്തി**

ലഹരി മരുന്നിനോട് അമിതമായ "അഭിനിവേശം ഉണ്ടാകുന്ന അവസ്ഥ, അതില്ലാതെ ജീവിക്കാനാവില്ല" എന്നുള്ള അവസ്ഥയിലേയ്ക്ക് എത്തുന്നു. ഇവ ഉപയോഗിച്ച് തുടങ്ങുന്നവരിൽ വീണ്ടും ഉപയോഗിക്കാനുള്ള ത്വര കണ്ടുവരുന്നു. ഈ ആസക്തി കുടുംബ സാമൂഹ്യ ജീവിതങ്ങളെയും വ്യക്തി വികാസത്തെയും പ്രതികൂലമായി ബാധിക്കുന്നു. ലഹരി കരസ്ഥമാക്കാൻ ഉള്ള പണം കണ്ടെത്താൻ എന്ത് തരം പ്രവൃത്തികളും ചെയ്യാൻ സന്നദ്ധനാകും. മറ്റെല്ലാം മാറ്റിവച്ച് സമയത്ത് ലഹരി ഉറപ്പാക്കുക മാത്രമാകുന്നു ജീവിതലക്ഷ്യം. കുടുംബവും സമൂഹവും തൊഴിലും പഠനവും ഒക്കെ അപ്രസക്തമാകുന്നു. വ്യക്തിഗതവും (Genetic) മാനസികവും സാമൂഹികവുമായ സാഹചര്യങ്ങളും ആസക്തിക്ക് കാരണമാകാം. ജീവിതം ലഹരി കേന്ദ്രീകൃതമായി മാറുന്നു.

**അടിമത്തം**

ലഹരി മരുന്നുകൾക്ക് അടിമപ്പെട്ട് പോകുന്ന അവസ്ഥ ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ച് അറിഞ്ഞിട്ടും അമിതമായ ഉപയോഗം നിമിത്തം മാനസിക-ശാരീരിക ആരോഗ്യത്തെയും നാഡീവ്യൂഹത്തെയും ബാധിക്കുന്നത് മൂലം ലഹരിയില്ലാതെ ജീവിക്കാൻപറ്റാത്ത നിലയിലേക്കു എത്തിച്ചേരുന്നു. രോഹിപ്നോൾ തുടങ്ങിയ മരുന്നുകൾ പെട്ടെന്ന് ഉപയോഗിക്കുന്ന ആളിനെ ഉറക്കത്തിലേയ്ക്ക് നയിക്കുന്നത് കാരണം ക്ലബ്ബുകളിൽ ലൈംഗിക ചൂഷണം പോലെയുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. സെക്സ് റാക്കറ്റുകൾ ലഹരിയുടെ ഉപയോക്താക്കളാണെന്ന് പ്രത്യേകം സൂചിപ്പിക്കേണ്ടതില്ലല്ലോ.



**മദ്യവും മയക്കുമരുന്നുകളും ശാരീരികവും മാനസികവുമായ പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കുന്നു. ഒരാളുടെ പ്രവർത്തനക്ഷമത അയാളറിയാതെതന്നെ ചോർന്നുപോകുന്നു. ഉപയോഗിക്കുന്ന വ്യക്തിക്ക് തന്റെ പ്രവർത്തനക്ഷമത കൂടിയതായി തോന്നുമെങ്കിലും യഥാർത്ഥത്തിൽ മറിച്ചാണ് സംഭവിക്കുന്നത്. വ്യക്തിയിൽ അസ്വാഭാവിക സ്വഭാവവിശേഷങ്ങൾ കണ്ടുതുടങ്ങുന്നു.**

**ആശ്രിതത്വം**

മദ്യം, മയക്കുമരുന്ന് എന്നിവ ഒരളവിൽ ശരീരത്തിൽ ഇല്ലാതെ ജീവിക്കാൻ പറ്റാത്ത അവസ്ഥയാണ് ആശ്രിതത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ശരീരത്തിൽ ഇവയുടെ അളവ് വേണ്ടത്ര ഇല്ലാതെ ആകുമ്പോൾ രോഗി മറ്റൊരു മാനസിക ശാരീരിക നിലയിലേയ്ക്ക് (withdrawal symptoms) മാറുകയും ചെയ്യും. ലഹരി വസ്തുക്കളുടെ സഹായമില്ലാതെ ശാരീരികവും മാനസികവുമായി ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കാതെവരും. ഏതവസരത്തിലും ലഹരിയെക്കുറിച്ച് മാത്രം ചിന്തിക്കുന്ന അവസ്ഥയിലേക്ക് വ്യക്തി എത്തുന്നു. പാരമ്പര്യം ചെറുപ്പത്തിലേ തന്നെയുള്ള ഉപയോഗം എന്നിവ വളരെ വേഗം ഈ അവസ്ഥയിലേയ്ക്ക് നയിക്കും. ചില മാനസിക വൈകല്യങ്ങളും അപരിഹൃതമായ നഷ്ടബന്ധങ്ങളും വൈകാരികതയും കാരണമായേക്കാം.

**അഡിക്ഷൻ ലക്ഷണങ്ങൾ**

* ലഹരി ദിവസവും ഒരുപക്ഷെ ഒരു ദിവസം തന്നെ പല പ്രാവശ്യം ഉപയോഗിക്കാനുള്ള ത്വര.

* ആവശ്യത്തിലധികം ഉപയോഗിക്കാനുള്ള വ്യഗ്രത.

* പണമില്ലെങ്കിൽപോലും എങ്ങനെയും ലഹരി മരുന്ന് വാങ്ങി സൂക്ഷിക്കുന്ന അവസ്ഥ.

* ഉപയോഗിക്കാതിരിക്കുമ്പോൾ അസ്വസ്ഥതകൾ പ്രകടിപ്പിക്കുക.

* സ്വത്വത്തെക്കുറിച്ചും തൊഴിലിനെക്കുറിച്ചും ഉള്ള ബോധം കുറഞ്ഞുവരിക.

ലഹരിയോടുള്ള അമിത വിധേയത്വം, മറ്റ് അസാന്മാർഗ്ഗിക പ്രവർത്തനങ്ങളിലേയ്ക്ക് നയിക്കും. റോഡപകടങ്ങളുടെ ഒരു പ്രധാന കാരണവും ലഹരിയാണ്.

മദ്യത്തിന് അല്ലെങ്കിൽ മറ്റു ലഹരി പദാർത്ഥങ്ങൾക്ക് അടിമയാകുന്ന വ്യക്തി അത് നിർത്താൻ ശ്രമിക്കുമ്പോൾ പിൻവാങ്ങൽ (withdrawal) ലക്ഷണങ്ങൾ ഉണ്ടാകുന്നു. വിറയൽ, നെഞ്ചിടിപ്പ്, അമിതമായി വിയർക്കൽ, ലഹരിക്ക് വേണ്ടിയുള്ള അനിയന്ത്രിതമായ ത്വര തുടങ്ങിയവ.

മദ്യം, കഞ്ചാവ്, ചരസ്, ഹാഷിഷ്,ഭാങ്,കറുപ്പ് (LSD), കൊക്കെയ്ൻ ഹെറോയിൻ, മോർഫിൻ, പെത്തടിൻ, എം.ഡി.എം. തുടങ്ങി ഒട്ടുമിക്ക മയക്കുമരുന്നുകളും ഇന്ന് കേരളത്തിൽ സർവ്വസാധാരണമായി ലഭ്യമാണ്. ചികിത്സയുടെ ഭാഗമായി ഉപയോഗിക്കാറുള്ള ചില പ്രിസ്ക്രിപ്ഷൻ ഔഷധങ്ങളും വലിയ ഡോസുകളിൽ ലഹരിക്കായി ഉപയോഗിക്കപ്പെടുന്നുണ്ട്. ചില വേദനാസംഹാരികളും ചുമ മരുന്നുകളും ഇത്തരത്തിൽ ഉപയോഗിക്കുന്നതായി കാണുന്നു. പിടിക്കപ്പെടുന്ന മയക്കുമരുന്നുകളുടെ അളവിലെ വർദ്ധനയും വൈവിധ്യവും വില്പനക്കാരുടെ എണ്ണത്തിലെ വർദ്ധനയും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ഇടയിലെ കൃത്യമായ ആസൂത്രണത്തോടെയുള്ള അതിവേഗവ്യാപനവും നമ്മെ ആശങ്കപ്പെടുത്തുന്നു.

കുട്ടികൾക്ക് മിഠായിയിലും മറ്റും ചേർത്ത് ലഹരിവസ്തുക്കൾ കൊടുക്കുന്ന രീതിയും കാണുന്നുണ്ട്. വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന

കൗമാരക്കാരുടെ ദൗർബല്യങ്ങളെയാണ് ലഹരി മാഫിയ ചൂഷണം ചെയ്യുന്നത്. കഴിഞ്ഞ 2 വർഷത്തിനിടെ 1600-ൽ അധികം കുട്ടികളാണ് മയക്കുമരുന്നുമായി പിടിയിലായിട്ടുള്ളത്. വാഹകരിലും വിതരണക്കാരിലും അപ്പുറം അതിശക്തമായ ഒരു മയക്ക് മരുന്ന് മാഫിയ ഉണ്ട്. ശതകോടികളുടെ ബിസിനസ്. നിരവധി ക്രൂരവും നിഷ്ഠൂരവുമായ കുറ്റകൃത്യങ്ങളിൽ, പ്രത്യേകിച്ചും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്നവ. മയക്കുമരുന്ന് ഒരു പ്രധാന വില്ലനായി മാറുന്ന സാഹചര്യം നമ്മുടെ കൺമുൻപിലുണ്ട്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മായികലോകത്തേയ്ക്കുള്ള വാതായനങ്ങൾ മലർക്കെ തുറന്നുകിടക്കുന്നു.

ഒരുകാലത്ത് നല്ല സൗഹൃദങ്ങളുടെ സർഗ്ഗവാസനകളുടെ ആഹ്ലാദത്തിന്റെയും അഭിമാനത്തിന്റെയും എക്കാലവും ഓർക്കാവുന്ന സൃഷ്ടിപരമായ ദിനങ്ങളായിരുന്നു സ്കൂൾ പഠനകാലം സമ്മാനിച്ചിരുന്നതെങ്കിൽ ഇന്ന് കഥയാകെ മാറിക്കൊണ്ടിരിക്കുന്നു. ആകെ രാഷ്ട്രത്തിന് അഭിമാനമാകേണ്ട യുവതലമുറയുടെ ഒരു ഭാഗം ലഹരിയുടെ നീരാളിപ്പിടുത്തം ഏറ്റുവാങ്ങുന്നു. നമ്മുടെ കുട്ടികൾ പ്രതീക്ഷയുടെ നാമ്പുകൾ ദേശവിരുദ്ധ സാമൂഹ്യവിരുദ്ധ ഗ്രൂപ്പുകളിലെത്തപ്പെടുകയും എന്നേക്കും രാഷ്ട്രവിരുദ്ധ ശക്തികളുടെ ചട്ടുകങ്ങളാവുകയും ചെയ്യുന്നു. ഇന്ന് ബീച്ചുകളിലും മറ്റ് വിനോദകേന്ദ്രങ്ങളിലും സർവ്വസാധാരണയായി കിട്ടുന്നവ ആയിരിക്കുന്നു ലഹരിവസ്തുക്കൾ. ഡീജെ പാർട്ടികളും ക്ലബ് ആഘോഷങ്ങളും ഒക്കെ മദ്യമയക്കുമരുന്ന് ഉപയോക്താക്കളുടെ വിഹാരകേന്ദ്രമാകുന്നു. ആധുനിക തൊഴിലിടങ്ങളിൽപോലും ലഹരി വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ലഹരി ഉപയോക്താക്കളുടെയും വാഹകരുടെയും ഇടയിലെ ആൺ-പെൺ വ്യത്യാസം നേർത്തില്ലാതായിരിക്കുന്നു എന്ന ഭീതിദ യാഥാർത്ഥ്യവും



കാണാതെ പോകാൻ കഴിയില്ല.

ദുഃഖം, വിഷാദം, മാനസിക സമ്മർദ്ദം എന്നിവ പലരെയും മദ്യത്തിലും മയക്കുമരുന്നിലും അഭയം തേടാൻ പ്രേരിപ്പിക്കുന്നു. മാനസിക പിരിമുറുക്കങ്ങൾ അനുഭവിക്കുന്ന കുടുംബാംഗത്തെയൊ സുഹൃത്തിനെയൊ ആശ്വസിപ്പിക്കാനോ പരിഹാരം കാണാനോ കഴിയാത്ത അവസ്ഥയിലേയ്ക്ക് ബന്ധങ്ങൾ ചുരുങ്ങിയിരിക്കുന്നു. വിദൂര സ്ഥലങ്ങളിലേയ്ക്ക് നന്നേ ചെറുപ്രായത്തിൽതന്നെ അധ്യയനത്തിനായി പോകേണ്ടിവരുന്ന സാഹചര്യം ചിലപ്പോഴെങ്കിലും വിപരീത ഫലമുണ്ടാക്കുന്നുണ്ട്. സ്ഥിരമായി ദീർഘദൂരയാത്ര ചെയ്യുന്ന കുട്ടികളെ ലഹരിമരുന്നുകളുടെ വാഹകരാക്കാൻ ലഹരിമാഫിയ ശ്രമിക്കുന്നുണ്ട്. അണുകുടുംബങ്ങളായതോടെ കുട്ടികൾക്ക് അവരുടെ മനസികാവസ്ഥ പങ്കുവയ്ക്കാനും പരിഹാരം തേടാനും ഒരു പരിധിവരെ കഴിയാതെ വരുന്നു. അച്ഛനും അമ്മയും ജോലിക്ക് പോകുന്നതോടെ കുട്ടികളുടെ മുകളിലുള്ള അവരുടെ ശ്രദ്ധയും കുറഞ്ഞുവരുന്നു. തോൽവികൾ മറക്കാനും മാനസിക സമ്മർദ്ദം കുറയ്ക്കാനും ചിലർ ലഹരിയുടെ ഉന്മാദത്തിൽ ലയിക്കുന്നു. ലഭ്യത വളരെ കൂടുതലായതിനാൽ അതിനുള്ള സാധ്യതയും വർദ്ധിക്കുന്നു.

**ദൂഷ്യഫലങ്ങൾ**

മദ്യവും മയക്കുമരുന്നുകളും ശാരീരികവും മാനസികവുമായ പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കുന്നു. ഒരാളിന്റെ പ്രവർത്തനക്ഷമത അയാളറിയാതെതന്നെ ചോർന്നുപോകുന്നു. ഉപയോഗിക്കുന്ന വ്യക്തിക്ക് തന്റെ പ്രവർത്തനക്ഷമത കൂടിയതായി തോന്നുമെങ്കിലും യഥാർത്ഥത്തിൽ മറിച്ചാണ് സംഭവിക്കുന്നത്. വ്യക്തിയിൽ അസ്വാഭാവിക സ്വഭാവവിശേഷങ്ങൾ കണ്ടുതുടങ്ങുന്നു.

ശരിതെറ്റുകൾ വിലയിരുത്തുന്നതിൽ വീഴ്ച, തീരുമാനങ്ങളെടുക്കുന്നതിൽ അവ്യക്തത, ഓർമ്മ നഷ്ടപ്പെടുക, ശ്രദ്ധയും പഠനോത്സുകതയും കുറഞ്ഞുവരിക എന്നിവയ്ക്കെല്ലാം ലഹരി ഉപയോഗം കാരണമാകുന്നു.

പഠനത്തിൽ/തൊഴിലിൽ ഉള്ള താല്പര്യം കുറഞ്ഞുവരികയും ക്രമേണ അതുപേക്ഷിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകും. സാമ്പത്തികനില പരുങ്ങലിൽ ആകുന്നതോടെ ലഹരി വാഹകരും വിതരണക്കാരും ആയിത്തീരുകയും ചെയ്യും. പെട്ടെന്ന് പണമുണ്ടാക്കാൻ കഴിയുന്ന ഏർപ്പാടായതിനാൽ ധാരാളം വിദ്യാർത്ഥികളും യുവാക്കളും ഈ തൊഴിലിലേയ്ക്ക് ആകർഷിക്കപ്പെടുന്നുണ്ട്.

തലച്ചോറിലെ രാസപദാർത്ഥ

ങ്ങളായ ന്യൂറോ ട്രാൻസ്റ്റിറ്റേഴ്സിനെ ആണ് മദ്യവും മയക്കുമരുന്നുകളും സ്വാധീനിക്കുന്നത്. ആദ്യമൊക്കെ ഒരു ഉന്മാദവും ഉത്സാഹവും തോന്നുമെങ്കിലും ക്രമേണ ഇത്തരം അനുഭൂതി ഉണ്ടാകാൻ വേണ്ടിവരുന്ന ലഹരിയുടെ അളവ് വർദ്ധിപ്പിക്കേണ്ടിവരുന്നു. കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട് പോകുന്നു. ഏതെങ്കിലും തരത്തിലുള്ള മാനസിക രോഗമുള്ളവർക്ക് രോഗം മൂർച്ഛിക്കുന്നതിനും കാരണമാകാം. ഈ മരുന്നുകളെ ശരീരത്തിൽനിന്നും പുറത്ത് കളയേണ്ടുന്ന ജോലി കരളിനാണെന്നതിനാൽ ഉയർന്ന ഡോസിലുള്ള മരുന്നുപയോഗം അതിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു, വ്യക്തിശുചിത്വം ഒരു വിഷയമേ അല്ലാതാവുകയും രോഗങ്ങൾ ക്ഷണിച്ചുവരുത്തുകയും ചെയ്യും. തൊഴിലിൽ കാര്യക്ഷമത കുറയാനും തൊഴിൽ നഷ്ടപ്പെടാനും ഇടയാകുന്നു.

അനിയന്ത്രിതമായ മദ്യത്തിന്റെ ഉപഭോഗം കരളിനെ സാരമായി ബാധിക്കുന്നു. Alcoholic liver disease, സീറോസിസ് തുടങ്ങിയ മാരകമായ കരൾരോഗങ്ങൾ ഉണ്ടാകുന്നു. ഒരു ഘട്ടം കഴിഞ്ഞാൽ കരൾവീക്കം ചികിത്സകൊണ്ടും ശരിയാക്കാൻ പറ്റാത്ത അവസ്ഥയിലേയ്ക്ക് എത്തുന്നു.

ലഹരി ഉപയോഗം വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ ഒരു പ്രധാന കാരണമാണ്. പൊതുഇടങ്ങളിൽ പോലും അസഭ്യമായ പെരുമാറ്റംകൊണ്ട് ലഹരിക്ക് അടിമകളായുള്ളവർ കുട്ടികൾക്കും സ്ത്രീകൾക്കും പേടിസ്വപ്നങ്ങളാകുന്നു. HIV/AIDS, മറ്റു ലൈംഗിക രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ് തുടങ്ങിയ മാരകരോഗങ്ങൾ മയക്കുമരുന്ന് ഉപയോക്താക്കളുടെ ഇടയിൽ വ്യാപകമായി കണ്ടുവരുന്നുണ്ട്. MDMA പല്ലുകളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു.

നമ്മുടെ പൂർവ്വികർക്ക്

* ഭക്തിയായിരുന്നു ലഹരി
* കർമ്മമായിരുന്നു ലഹരി
* ദാനമായിരുന്നു ലഹരി

**തലച്ചോറിലെ രാസപദാർത്ഥങ്ങളായ ന്യൂറോ ട്രാൻസ്റ്റിറ്റേഴ്സിനെ ആണ് മദ്യവും മയക്കുമരുന്നുകളും സ്വാധീനിക്കുന്നത്. ആദ്യമൊക്കെ ഒരു ഉന്മാദവും ഉത്സാഹവും തോന്നുമെങ്കിലും ക്രമേണ ഇത്തരം അനുഭൂതി ഉണ്ടാകാൻ വേണ്ടിവരുന്ന ലഹരിയുടെ അളവ് വർദ്ധിപ്പിക്കേണ്ടിവരുന്നു. കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട് പോകുന്നു. ഏതെങ്കിലും തരത്തിലുള്ള മാനസിക രോഗമുള്ളവർക്ക് രോഗം മൂർച്ഛിക്കുന്നതിനും കാരണമാകാം.**

* കുടുംബ ബന്ധങ്ങളായിരുന്നു ലഹരി
* അറിവായിരുന്നു ലഹരി
* ധർമ്മാധിഷ്ഠിത ജീവിതമായിരുന്നു ലഹരി.

അവരെ പിന്തള്ളി ആധുനികതയിലേക്ക് പോകുന്ന പുത്തൻതലമുറ പുതിയ പുതിയ ലഹരി മരുന്നുകൾ കണ്ടെത്തുന്നു. ഉപയോഗിച്ച് സ്വയം നാശക്കയത്തിലേയ്ക്ക് പ്രയാണം ചെയ്യുന്നു. രാജ്യത്തിന്റെ തന്നെ സാമ്പത്തികഭദ്രതയും സാംസ്കാരിക മഹിമയും തകർക്കാൻ പോലും പ്രാപ്തരായിക്കൊണ്ടിരിക്കുന്നു ലഹരിമാഫിയ.

**പരിഹാരം**

* ലഹരി മുക്ത വ്യക്തി, ലഹരിമുക്ത കുടുംബം, ലഹരിമുക്ത ഗ്രാമം, ലഹരിമുക്തരാഷ്ട്രം എന്ന ഭാവന എല്ലാവരിലും എത്തിക്കുക.
* ലഹരിക്കടിമപ്പെട്ടുപോകുന്നവരുടെ ചികിത്സയും പുനരധിവാസവും സമൂഹത്തിന്റെ സർക്കാരിന്റെ പ്രഥമ പരിഗണനാവിഷയമായികാണുക.

ലഹരിക്ക് അടിമപ്പെട്ടു പോകുന്നവരെ വെറുക്കുന്നതിന് പകരം അവരെ അതിലേയ്ക്ക് നയിച്ച സാഹചര്യത്തെ കണ്ടെത്തുകയും തിരുത്തുകയും ചെയ്യുക.

* വിദ്യാഭ്യാസ പദ്ധതിയിൽ ദേശസ്നേഹം, സാമൂഹ്യസമരസത, പാരമ്പര്യം, സേവന തൽപരത തുടങ്ങിയ മൂല്യങ്ങൾ പഠിപ്പിക്കുക.
* ലഹരിനിർമ്മാണം, വിതരണം, ഉപഭോഗം എന്നിവ രാഷ്ട്രവിരുദ്ധപ്രവർത്തനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുക. രാഷ്ട്രീയത്തിന്റെ പേരിൽ ദേശീയതയെ എതിർക്കുന്നവർ രാഷ്ട്രവിരുദ്ധ ശക്തികളുടെ ചട്ടുകങ്ങളാണ്.
* കുട്ടികളോട് സംസാരിക്കാനും അവരെ സ്നേഹിക്കാനും അവരുടെ ആവശ്യങ്ങൾ അറിയാനും നിറവേറ്റാനും സമയം കണ്ടെത്തുക. വീട്ടിലെ ബുദ്ധിമുട്ടുകളും പ്രാരാബ്ധങ്ങളും കുട്ടികൾക്ക് കൂടി അറിയണം. അവർക്കിഷ്ടമില്ലാത്ത കോഴ്സുകൾക്ക് അവരെ നിർബന്ധിച്ച് അയക്കാതിരിക്കുക, അവരെ അംഗീകരിക്കുകയും അവരുടെ നേട്ടങ്ങളിൽ പ്രോത്സാഹിപ്പിക്കുകയും വേണം. അവരിൽ മാനസികധൈര്യവും ആത്മാഭിമാനവും ഉണ്ടാകണം.
* മദ്യത്തിന്റെയും മറ്റു ലഹരി പദാർത്ഥങ്ങളുടെയും ദോഷവശങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
* മയക്കുമരുന്ന് നിർമാതാക്കളും വിതരണക്കാരും മാതൃകാപരമായി ശിക്ഷിക്കപ്പെടണം.

ലഹരി വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ശത്രുവാണ്.

ലഹരിമുക്ത കേരളം
ആരോഗ്യയുക്ത കേരളം
അതാവട്ടെ നമ്മുടെ ലക്ഷ്യം.






**വരും നാളുകളിൽ പേപ്പർ കറൻസിയുടെ അച്ചടിയും വിതരണവും കേന്ദ്രസർക്കാർ പരിമിതപ്പെടുത്തുമെന്നുതന്നെ വിശ്വസിക്കാനാണ് ന്യായം. എങ്കിൽമാത്രമേ ഡിജിറ്റൽ കറൻസിയുടെ പ്രചാരത്തിന് വേഗം കൈവരികയുള്ളൂ.**

**ഡോ. സജീവ്. പി. പി**
9497693340

**ഡി**ജിറ്റൽ കറൻസിയെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ എഴുതിയ കാര്യം വായനക്കാർ ഓർക്കുമല്ലോ. അത് എഴുതുന്ന സമയത്ത് ഡിജിറ്റൽ കറൻസിയെക്കുറിച്ചുള്ള രൂപരേഖ മാത്രമേ നമുക്കു മുമ്പിൽ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ അത് യാഥാർത്ഥ്യമായിരിക്കുന്നു. നവംബർ ഒന്നുമുതൽ ബാങ്കുകൾ തമ്മിലുള്ള ഇടപാടുകൾക്കും ഡിസംബർ ഒന്നുമുതൽ പരീക്ഷണാടിസ്ഥാനത്തിൽ ചിലയിടങ്ങളിൽ സാധാരണക്കാർക്കും ഇ-രൂപ ലഭ്യമായിത്തുടങ്ങിയിരിക്കുന്നു.

നിലവിലുള്ള ഡിജിറ്റൽ ഇടപാടുകളും ഇ-രൂപയുടെ ഇടപാടുകളും എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന കാര്യത്തിൽ നമുക്ക് ചില സംശയങ്ങൾ ഉണ്ടായിരുന്നു. റിസർവ്വ് ബാങ്ക് പുറത്തിറക്കിയ വാലറ്റ് വഴിയാണ് ഇ-രൂപയുടെ ഇടപാടുകൾ നടക്കുന്നത്. ആർ.ബി.ഐ. അധികാരപ്പെടുത്തിയ ബാങ്കുകളിൽനിന്ന് ഇത് സ്വീകരിക്കാവുന്നതാണ്. പണമടച്ച് നിശിചിത മൂല്യമുള്ള ഇ-രൂപ നമ്മുടെ വാലറ്റിലേക്ക് സ്വീകരിക്കാവുന്നതാണ്. ഈയൊരു ഘട്ടത്തിൽ മാത്രമാണ് നമുക്ക് ബാങ്കിന്റെ ഇടനില ആവശ്യമായി വരുന്നത്. തുടർന്നങ്ങോട്ടുള്ള ഇടപാടുകളിൽ ബാങ്കിന്റെ ഇടപെടൽ ഉണ്ടാകുന്നില്ല. അതായത് യു.പി.ഐ ഇടപാടുകൾ പോലെ ബാങ്ക് അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേക്കല്ല പണം കൈമാറ്റം ചെയ്യപ്പെടുന്നത്. വാലറ്റിൽനിന്നും വാലറ്റിലേക്കാണ്. സാധാരണ കറൻസി കൈകാര്യം ചെയ്യുന്നതുപോലെത്തന്നെ. സാധനങ്ങൾക്കും സേവനങ്ങൾക്കും നമ്മൾ പണം കറൻസിയായി നൽകുമ്പോൾ ആ ഇടപാടുകൾ ഒന്നും തന്നെ നമ്മുടെ അക്കൗണ്ടിൽ പ്രതിഫലിക്കുന്നില്ലല്ലോ.

ഇവിടെ മറ്റൊരു സംശയം ഉയരാം. സ്മാർട്ട് ഫോണുകൾ ഇല്ലാത്തവർക്ക് ഇ-രൂപയുടെ ഇടപാടുകൾ നടത്താൻ കഴിയുമോ? ആർ.ബി.ഐ അതും മുന്നിൽ കണ്ടിട്ടുണ്ട്. എസ്.എം.എസ് വഴിയോ, ക്യു.ആർ കോഡ് വഴിയോ ഇ-രൂപാ ടോക്കണുകൾ കൈമാറാവുന്നതാണ്. ഇന്റർനെറ്റ് ലഭ്യത കുറഞ്ഞ കുഗ്രാമങ്ങളിൽ ഓഫ്-ലൈനായും ഇടപാടുകൾ നടത്താൻ കഴിയും. അതുകൊണ്ടുതന്നെ സാധാരണയിൽ സാധാരണക്കാരായവർക്കിടയിൽപോലും ഇ-രൂപയ്ക്ക് സ്വീകാര്യത ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

പേപ്പർ കറൻസിയുടെ മൂല്യം പോലെത്തന്നെ ഇ-രൂപയുടെ മൂല്യവും സ്ഥിരമായിരിക്കും. ഉദാഹരണത്തിന്

നൂറുരൂപയുടെ ഒരു പേപ്പർ കറൻസിയിൽ തത്തുല്യമായ മൂല്യം ആർ.ബി.ഐ. ഉറപ്പുതരുന്നുണ്ട്. നൂറുരൂപാ മൂല്ല്യമുള്ള ഒരു ഇടപാട് അതുപയോഗിച്ച് നടത്താൻ അതുവഴി നമുക്ക് സാധ്യമാവുന്നു. അതുപോലെത്തന്നെ നൂറു രൂപയുടെ ഡിജിറ്റൽ കറൻസി ഉപയോഗിച്ചും തത്തുല്യമായ ഇടപാടുകൾ നടത്താൻ കഴിയും.

എന്നാൽ ക്രിപ്റ്റോ കറൻസികളുടെ കാര്യം അങ്ങനെയല്ല. ക്രിപ്റ്റോ കറൻസിയുടെ മൂല്യം നിശ്ചയിക്കപ്പെട്ടിട്ടില്ല. ഊഹക്കച്ചവടത്തെ അധികരിച്ചാണ് അതിന്റെ മൂല്യം. കേന്ദ്രബാങ്കുകളോ സർക്കാരുകളോ അതിന് ഗാരന്റി നൽകുന്നുമില്ല. തികച്ചും സർക്കാർ സംവിധാനങ്ങൾക്കുപുറത്താണ് അതിന്റെ ക്രയ-വിക്രയം നടക്കുന്നത്. അതുകൊണ്ടുതന്നെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് ക്രിപ്റ്റോകൾ ഉപയോഗിക്കപ്പെടാനുള്ള സാധ്യതകൾ ഏറെയാണ്. ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യയിൽ നിപുണരായ ആർക്കും സ്വന്തമായി ക്രിപ്റ്റോ കറൻസി ഉണ്ടാക്കാവുന്നതേയുള്ളൂ.

നിലവിൽ മുപ്പത്തിയൊന്ന് ലക്ഷം കോടി രൂപയുടെ കറൻസിയാണ് ഇന്ത്യയിൽ പ്രചാരത്തിലുള്ളത്. നോട്ട് നിരോധനം വഴി പ്രചാരത്തിലുള്ള കറൻസിയുടെ എണ്ണം കുറയേണ്ടതായിരുന്നു. എന്നാൽ അത് ഉണ്ടായില്ലെങ്കിലും ഡിജിറ്റൽ ഇടപാടുകൾ പരശതം വർദ്ധിച്ചു. അതുവഴി ഇ-രൂപയുടെ പ്രചാരവും വരും നാളുകളിൽ വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

> **രാജ്യാന്തര ഇടപാടുകൾക്ക് ഇ-രൂപ ഉപയോഗപ്പെടുത്താൻ കഴിയുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. കാരണം രാജ്യാന്തര ഇടപാടുകൾ ഏറിയപങ്കും നടക്കുന്നത് അമേരിക്കൻ ഡോളർ വഴിയാണ്. അമേരിക്കൻ കേന്ദ്ര ബാങ്ക് ഡിജിറ്റൽ ഡോളർ ശക്തിപ്പെടുത്തിയാൽ മാത്രമേ അതിനു സാധ്യതയുള്ളൂ. ആ ദിശയിലുള്ള ആലോചനകൾ നടക്കുന്നേയുള്ളൂ.**

രാജ്യാന്തര ഇടപാടുകൾക്ക് ഇ-രൂപ ഉപയോഗപ്പെടുത്താൻ കഴിയുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. കാരണം രാജ്യാന്തര ഇടപാടുകൾ ഏറിയപങ്കും നടക്കുന്നത് അമേരിക്കൻ ഡോളർ വഴിയാണ്. അമേരിക്കൻ കേന്ദ്ര ബാങ്ക് ഡിജിറ്റൽ ഡോളർ ശക്തിപ്പെടുത്തിയാൽ മാത്രമേ അതിനു സാധ്യതയുള്ളൂ. ആ ദിശയിലേക്കുള്ള ആലോചനകൾ നടക്കുന്നേയുള്ളൂ.

4985 കോടി രൂപയാണ് കറൻസി നോട്ടുകൾ അച്ചടിക്കാൻ 2021-22 വർഷത്തിൽ ചെലവായതെന്ന് കേന്ദ്ര സർക്കാറിന്റെ കണക്കുകൾ പറയുന്നു. ഡിജിറ്റൽ കറൻസി പ്രചാരത്തിലാകുന്നതോടെ ഈ ഇനത്തിലുള്ള ചെലവുകൾ ഗണ്യമായി കുറയ്ക്കാൻ കഴിയും. വികസനപ്രവർത്തനങ്ങൾക്ക് കൂടുതൽ പണം നീക്കിവെക്കാൻ സർക്കാറിന് അതുവഴി സാധ്യമാവുകയും ചെയ്യും.

വരും നാളുകളിൽ പേപ്പർ കറൻസിയുടെ അച്ചടിയും വിതരണവും കേന്ദ്രസർക്കാർ പരിമിതപ്പെടുത്തുമെന്നുതന്നെ വിശ്വസിക്കാനാണ് ന്യായം. എങ്കിൽമാത്രമേ ഡിജിറ്റൽ കറൻസിയുടെ പ്രചാരത്തിന് വേഗം കൈവരികയുള്ളൂ. ■



**പെട്രോളിയം & ഗ്യാസ് മസ്ദൂർ സംഘം HPCL ഇരുമ്പനം യൂണിറ്റ് ഭാരവാഹികളായ കെ.ബി.സുനിൽ കുമാർ(പ്രസിഡന്റ്) കെ.സ്റ്റാജു (വർക്കിങ് പ്രസിഡന്റ്) ഹരീഷ് (സെക്രട്ടറി) നിതിൻ ഹരിദാസ് (ട്രഷറർ)**

# മുംബൈയിൽ വൻ തൊഴിലാളി പ്രതിഷേധം



ആസാദ് മൈതാനിയിൽ നടന്ന ബി.എം.എസ്. പ്രതിഷേധ മാർച്ച്.

**മുംബൈ:** ഭാരതീയ മസ്ദൂർ സംഘ് മഹാരാഷ്ട്ര പ്രദേശിന്റെ ആഭിമുഖ്യത്തിൽ മുംബൈ ആസാദ് മൈതാനിയിൽ സംഘടിപ്പിച്ച മാർച്ചിൽ 15,000ത്തിലധികം തൊഴിലാളികൾ പങ്കെടുത്തു. ധർണയിൽ ബി.എം.എസ്. അഖിലഭാരതീയ സെക്രട്ടറി സുരേന്ദ്രകുമാർ പാണ്ഡെ, ക്ഷേത്ര സംഘടനാ സെക്രട്ടറി സി.വി. രാജേഷ്, സംസ്ഥാന അധ്യക്ഷൻ അനിൽ ദുമ്നെ, ജനറൽ സെക്രട്ടറി മോഹൻ യെനൂരെ, രവീന്ദ്ര ദേശ് പാണ്ഡെ, അണ്ണാ ധുമൽ, ജയന്ത് ദേശ് പാണ്ഡെ മറ്റ് യൂണിയൻ നേതാക്കൾ എന്നിവർ പ്രസംഗിച്ചു.

തൊഴിൽ മേഖലയിൽ നേരിടുന്ന നിരവധി ആവശ്യങ്ങൾ അവിടെ ഉന്നയിക്കുകയുണ്ടായി.

1. കരാർ തൊഴിൽ സമ്പ്രദായം നിർത്തലാക്കുക, ഹരിയാന, ഒറീസ എന്നീ സർക്കാർ കരാർ തൊഴിലാളികളെ സ്ഥിര ജീവനക്കാരായി നിലനിർത്തിയതുപോലെ തീരുമാനമെടുക്കുക.

2. എല്ലാ ജില്ലകളിലും



തൊഴിലാളികൾക്കായി ഇഎസ്ഐസി ആശുപത്രി സ്ഥാപിക്കുക. 2018 മുതൽ അടച്ചിട്ടിരിക്കുന്ന അന്ധേരി ആശുപത്രി ഉടൻ പ്രവർത്തനം ആരംഭിക്കുക.

3. കൺസ്ട്രക്ഷൻ വർക്കേഴ്സ് ബോർഡിന്റെയും ഗാർഹിക തൊഴിലാളി ബോർഡിന്റെയും ആനുകൂല്യങ്ങൾ മുൻകൂർ പ്രാബല്യത്തോടെ നടപ്പിലാക്കുക.

4. അങ്കണവാടി പ്രവർത്തകർക്ക് 15,000 രൂപയെങ്കിലും വേതനം നൽകുക. ഒഴിവുകൾ ഉടൻ നികത്തുക.

5. ബീഡിത്തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ച മിനിമം വേതനം ലഭ്യമാക്കുക.

6. റിക്ഷ ടാക്സി ഡ്രൈവർമാർക്കായി ക്ഷേമനിധി ബോർഡ് സ്ഥാപിക്കുക.

7. വഴിയോര കച്ചവടക്കാർക്കായി പോളിസി നടപ്പിലാക്കുക. ഗവൺമെന്റിന്റെ ബുദ്ധിമുട്ടിക്കൽ നയം അവസാനിപ്പിക്കുക.

8. മിനിമം വേതനം, ബോണസ്, ജോലി സമയം, ഓവർടൈം വേതനം, ഗ്രാറ്റുവിറ്റി എന്നീ നിയമങ്ങൾ നടപ്പാക്കുക.

9. വേതന കോഡ് 2019, സോഷ്യൽ സെക്യൂരിറ്റി കോഡ് 2020 എന്നിവ ഉടനടി നടപ്പിലാക്കുക. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ബാധകമാക്കുക.

10. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 2020, ഇൻഡസ്ട്രിയൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ് 2020-ലെ തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ നിർത്തലാക്കുക.

11. പ്രൊവിഡന്റ് ഫണ്ട് പെൻഷൻ മിനിമം 5000 രൂപ ആക്കുക.

12. സർക്കാർ ജീവനക്കാർക്ക് പഴയ പെൻഷൻ പദ്ധതി നടപ്പാക്കുക.

13. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണവും വികേന്ദ്രീകരണവും നിർത്തുക.

14. കൊറോണ കാലത്ത് ആരോഗ്യ മേഖലയിൽ ജോലി ചെയ്ത ജീവനക്കാരെ സ്ഥിരം സർവീസിൽ ഉൾപ്പെടുത്തുക.

15. എയർ ഇന്ത്യയിൽ വർഷങ്ങളായി ജോലി ചെയ്യുന്ന കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുക.

16. ശുദ്ധജല മത്സ്യബന്ധന കരാറിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മാത്രം പ്രാധാന്യം നൽകുക.

17. ഗേറ്റ്വേ ഓഫ് ഇന്ത്യയുടെ മുമ്പിലുള്ള സ്ഥലത്ത് ഫോട്ടോ എടുക്കുന്ന തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് അനുവദിക്കുക.

18. പെട്രോൾ, ഡീസൽ, സിഎൻജി തുടങ്ങിയ പെട്രോളിയം ഉൽപ്പന്നങ്ങൾ ജിഎസ്ടിയുടെ പരിധിയിൽ കൊണ്ടുവരിക.

19. സെപ്തംബർ 17 വിശ്വകർമ്മജയന്തി തൊഴിലാളി ദിനമായി പ്രഖ്യാപിക്കുക.

മേൽ ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി, തൊഴിൽമന്ത്രി എന്നിവർക്ക് സമർപ്പിച്ചു. പ്രസിഡന്റ് അനിൽ ധൂമ്നെ, ജനറൽ സെക്രട്ടറി മോഹൻ യെനുരെ, ഓർഗനൈസർ ശ്രീപദ് കുടസ്കർ, ബാപ്പു, ദഡസ്, സന്ദീപ് കദം, നിലേഷ് ഖരാട്ട്, അർജുൻ ചവാൻ, ഹരി ചവാൻ, ശ്രീമതി ബേബിനന്ദ കാംബ്ലെ, ശ്രീമതി വനിതാ വാഡ്കർ, സന്ദീപ് പാട്ടീൽ, സൂര്യകാന്ത് ഹോണാൽക്കർ തുടങ്ങിയവർ പങ്കെടുത്തു. ആവശ്യങ്ങളിൽ ഉടൻ ചർച്ച നടത്താമെന്ന് സർക്കാർ ഉറപ്പുനൽകുകയും ചെയ്തു.

# കണ്ണൂരിൽ വൈദ്യുതി ജീവനക്കാരുടെ കരുത്തുറ്റ പ്രകടനം




**കണ്ണൂർ**: വൈദ്യുതി ബോർഡിന്റെ ഉത്പാദനശേഷി വർധിപ്പിക്കുവാൻ നടപടി എടുക്കണമെന്ന് ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ പറഞ്ഞു. കേരള വൈദ്യുതി മസ്ദൂർസംഘ് സംസ്ഥാന സമ്മേളനം കണ്ണൂർ ഠേംഗിഡിജി നഗറിൽ (സ്റ്റേഡിയം കോർണർ) ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

1940-ൽ ആദ്യ ജലവൈദ്യുത പദ്ധതി ആരംഭിക്കുകയും 38-ഓളം ജലവൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ബോർഡിന് കേരളത്തിന് ആവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്നില്ല. കേവലം 28% വൈദ്യുതി മാത്രമേ ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നുള്ളൂ. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന കേരളത്തിൽ 90% ജലവും പാഴായിപ്പോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇതിന് മാറ്റം ഉണ്ടാകേണ്ടതാണ്. വൈദ്യുതി ബോർഡിൽ നിലനില്ക്കുന്ന 12 മണിക്കൂർ ജോലി സമയം അടിയന്തിരമായി തിരുത്തണമെന്നും വ്യാപകമായി നടക്കുന്ന കരാർവത്ക്കരണം അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നവംബർ 25, 26 തീയതികളിൽ നടന്ന സമ്മേളനത്തോടനുബന്ധിച്ച് കണ്ണൂർ ടൗണിൽ നടത്തിയ പ്രകടനം വൈദ്യുതി മേഖലയിലെ ബി.എം.എസിന്റെ ശക്തി തെളിയിക്കുന്നതായിരുന്നു. 25ന് ചേർന്ന പ്രവർത്തക സമിതി ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് എം.പി. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. പി.വി. സജീവ് കുമാർ (ഡെപ്യൂട്ടി ജനറൽ സെക്രട്ടറി) സ്വാഗതം പറഞ്ഞു.

26-ാം തീയതി ജവഹർ ഓഡിറ്റോറിയത്തിൽ (ഠേംഗിഡിജി നഗർ) ചേർന്ന പ്രതിനിധി സമ്മേളം ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ

# കേരള വൈദ്യുതി മസ്ദൂർ സംഘ് സംസ്ഥാന ഭാരവാഹികൾ



കെ.വി. മധുകുമാർ
പ്രസിഡന്റ്



സി. ഗിരീഷ് കുമാർ
ജന. സെക്രട്ടറി



വി.ആർ. അനിൽ
വർക്കിംഗ് പ്രസിഡന്റ്



പി.പി. സജീവ് കുമാർ
ഡെപ്യൂട്ടി ജന. സെക്രട്ടറി



പി.എസ്. മനോജ് കുമാർ
ട്രഷറർ

ഉദ്ഘാടം ചെയ്തു. കെ.വി.എം.എസ് വർക്കിങ്ങ് പ്രസിഡന്റ് വി.ആർ. അനിൽ അധ്യക്ഷത വഹിച്ചു. ടി. ഷാനവാസ് സ്വാഗതം ആശംസിക്കുകയുണ്ടായി.

പി.പി. സുരേഷ് ബാബു, രാജ് മുരുകൻ, എം. വേണുഗോപാൽ, പ്രസാദ് പുത്തലത്ത്, കെ. രാജേഷ് എന്നിവർ ആശംസാ പ്രസംഗം നടത്തി. ജനറൽ സെക്രട്ടറി സി. ഗിരീഷ് കുമാർ പ്രവർത്തനറിപ്പോർട്ടും, ട്രഷറർ പി.എസ്. മനോജ് വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. ബി.എം.എസ്. സംസ്ഥാന സംഘടനാ സെക്രട്ടറി കെ. മഹേഷ് സമാപന പ്രസംഗം നടത്തുകയുണ്ടായി.

പുതിയ ഭാരവാഹികളായി പ്രസിഡന്റ് - കെ.വി. മധുകുമാർ, വർക്കിംഗ് പ്രസിഡന്റ് - വി.ആർ. അനിൽ, വൈസ്പ്രസിഡന്റുമാർ - എൻ.കെ. കൃഷ്ണൻകുട്ടി, ടി. ഷാനവാസ്, ടി. മനോജ്, എസ്. രാധാകൃഷ്ണൻ. ജനറൽ സെക്രട്ടറി - സി. ഗിരീഷ് കുമാർ, ഡെപ്യൂട്ടി ജന. സെക്രട്ടറി - പി.പി. സജീവ് കുമാർ, ട്രഷറർ - പി.എസ്. മനോജ് കുമാർ സെക്രട്ടറിമാർ - എ. രാജേഷ്, കെ.എസ്. മഹേന്ദ്ര രാജ്, എസ്.കെ. സതീഷ് കുമാർ, ടി. എസ്. അരുൺ, ജോ. സെക്രട്ടറിമാർ - സി. സുധീർ (തൃശൂർ), ടിനോയ് കണ്ണൻ (തൃശൂർ), കെ. രാജേഷ് (പാലക്കാട്), ടി.എം. രാജേഷ് കുമാർ (എറണാകുളം), ജി. സുഭാഷ് കുമാർ (പത്തനംതിട്ട), ഷാനി പി. തമ്പി (കോട്ടയം), ടി. അനിൽകുമാർ (കൊല്ലം), ആർ. എസ്. രമേഷ് കുമാർ (തിരുവനന്തപുരം), രാധാകൃഷ്ണൻ (നൊച്ചിക്കാട്) എന്നിവരെ തെരഞ്ഞെടുത്തു.

പൊതുസമ്മേളനത്തിൽ സ്വാഗതസംഘം ജനറൽ കൺവീനർ ടി. ഷാനവാസ് സ്വാഗതം പറഞ്ഞു. കെ.വി. എം.എസ്. വർക്കിംഗ് പ്രസിഡന്റ് അനിൽ വി. ആർ. അധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ പ്രസിഡന്റ് സി.വി. തമ്പാൻ, കെ.വി.എം.എസ്. ജില്ലാ സെക്രട്ടറി അനിൽകുമാർ ടി.കെ. എന്നിവർ സംസാരിച്ചു.




കല്ലറ അജയൻ
9446751163


## നിരീക്ഷണങ്ങൾ
## വിശകലനങ്ങൾ

# കേരളവും ഇന്ത്യൻ ദേശീയതയും

**ഇന്നത്തെ കേരളത്തിൽ ഒരു വലിയ വിഭാഗം ഇടതുപക്ഷ വിശ്വാസികൾ കരുതുന്നത് രാജ്യസ്നേഹം വളരെ പഴഞ്ചനായ ആശയമാണെന്നും സാർവ്വദേശീയതയാണ് പ്രധാനമെന്നുമാണ്.**




ഇന്ത്യൻ ദേശീയതയ്ക്ക് അതിന്റേതായ സംഭാവനകൾ നൽകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഭാരതീയതയിൽനിന്നും വേറിട്ടുനില്ക്കുന്നതല്ല നമ്മുടെ സ്വരൂപം. അതിപൗരാണികകാലം മുതലേ നമ്മൾ മലയാളികൾ ഭാരതഖണ്ഡത്തിന്റെ അഭാജ്യ ഭാഗമായിക്കഴിഞ്ഞിരുന്നു. കുരുക്ഷേത്രയുദ്ധ സന്ദർഭത്തിൽ നേരിട്ടു യുദ്ധത്തിൽ പങ്കെടുത്തിട്ടില്ലെങ്കിലും യുദ്ധസഹായികളായി പാണ്ഡവപക്ഷത്ത് കേരളീയരുമുണ്ടായിരുന്നതായി ഭാരതത്തിൽ സൂചനകളുണ്ട്. അശോകശാസനങ്ങളിലും കേരളമുണ്ട്. ഭാരതത്തിന്റെ അഭിമാനമായ ഗണിതശാസ്ത്രജ്ഞൻ ആര്യഭടനും മലയാളിയായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു. പിൽക്കാലത്ത് ഭാരതസംസ്കൃതിയെ അടിമുടി നവീകരിച്ച ആദിശങ്കരനിലൂടെ ഏറ്റവും മഹത്തായ സംഭാവന നമ്മൾ നൽകി.


ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങളിലും കേരളത്തിന്റെ പങ്ക് എടുത്ത് പറയാൻ പോന്നവിധം വലുതാണ്. ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി ഇന്ത്യയിൽ ഏറ്റവും ആദ്യം നടന്ന സൈനികമായ ചെറുത്ത് നില്പ് 1721-ൽ കുടമൺപിള്ള എന്ന എട്ടുവീട്ടിൽ പിള്ള പ്രമാണിയുടെ നേതൃത്വത്തിൽ നടന്ന ആറ്റിങ്ങൽ കലാപമാണ്. അക്കാലത്ത് ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യം പിച്ചവച്ചുതുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളു. പിൽക്കാലത്ത് വേലുത്തമ്പിയും പഴശ്ശിയും നയിച്ച കലാപങ്ങളും ബ്രിട്ടനെ കാര്യമായി അലോസരപ്പെടുത്തിയവയായിരുന്നു.

എന്നാൽ അതിനുശേഷം മലയാളിയുടെ രാജ്യസ്നേഹം പതുക്കെ പതുക്കെ പിൻവാങ്ങുന്നതായി ശ്രദ്ധിച്ചാൽ മനസ്സിലാകും. ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ സ്വാതന്ത്ര്യസമര

പ്രവർത്തനങ്ങൾ തിളച്ചുമറിഞ്ഞപ്പോഴൊക്കെ കേരളം താരതമ്യേന ശാന്തമായിരുന്നു. വള്ളത്തോൾ, ബോധേശ്വരൻ, അംശിനാരായണപ്പിള്ള തുടങ്ങിയവരൊഴിച്ചാൽ അക്കാലത്തെ കേരളത്തിലെ പ്രമുഖ എഴുത്തുകാരാരും ബ്രിട്ടനെതിരെ കാര്യമായ ഉദ്ബോധനത്തിനൊന്നും ശ്രമിച്ചില്ല. പ്രമുഖരായ കവികളും പണ്ഡിതാഗ്രേസരരുമെല്ലാം സ്വാതന്ത്ര്യസമരം എന്നൊന്നു നടന്നതായിപോലും ഭാവിച്ചില്ല.

1920കളോടുകൂടി പതുക്കെ പതുക്കെ പ്രചരിച്ചുതുടങ്ങിയ ഇടതുപക്ഷാശയങ്ങൾ കേരളത്തിലെ ജനങ്ങളെ വംശീയമായി ഭിന്നിപ്പിക്കാൻ തുടങ്ങിയതാണ് ബ്രിട്ടനെതിരായ സമരങ്ങളിൽ മലയാളികൾ അണിനിരക്കാൻ തയ്യാറാകാതിരുന്നതിനു കാരണം. ജാതിയെ ഇടതുപക്ഷത്തിന്റെ രാഷ്ട്രീയാവശ്യത്തിനായി ഉയർത്തിക്കൊണ്ടുവന്നു. അത് വലിയ ഭിന്നിപ്പിനു വഴിവയ്ക്കുകയും രാഷ്ട്രീയ സ്വാതന്ത്ര്യത്തേക്കാൾ പ്രധാനം ജാതിവിരുദ്ധസമരങ്ങളാണെന്ന ധാരണ സാധാരണ മനുഷ്യരിലുണ്ടാക്കുകയും ചെയ്തു. ഇടതുപക്ഷത്തിന്റെ ഈ നീക്കങ്ങൾക്കു ബ്രിട്ടീഷുകാരുടെ രഹസ്യ പിൻതുണയും ഉണ്ടായിരുന്നിരിക്കാം. താഴേത്തട്ടിൽ കഴിഞ്ഞിരുന്നവർ ബ്രിട്ടീഷ് ഭരണം രാജാവിന്റെ ഭരണത്തേക്കാളും സ്വയംഭരണത്തേക്കാളും മെച്ചമാണെന്ന് തെറ്റിദ്ധരിച്ചു. അതുകൊണ്ടു തന്നെ അവർ സ്വാതന്ത്ര്യസമരത്തേക്കാൾ കൂടുതൽ പ്രാധാന്യത്തോടെ ജാതിവിരുദ്ധസമരങ്ങളിലേർപ്പെട്ടു.

1939-ൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രൂപപ്പെട്ടതോടുകൂടി കേരളത്തിൽ വലിയ ഒരു വിഭാഗം പ്രത്യക്ഷമായി







**വള്ളത്തോൾ, ബോധേശ്വരൻ, അംശിനാരായണപ്പിള്ള തുടങ്ങിയവരൊഴിച്ചാൽ അക്കാലത്തെ കേരളത്തിലെ പ്രമുഖ എഴുത്തുകാരാരും ബ്രിട്ടനെതിരെ കാര്യമായ ഉദ്ബോധനത്തിനൊന്നും ശ്രമിച്ചില്ല. പ്രമുഖരായ കവികളും പണ്ഡിതാഗ്രേസരരുമെല്ലാം സ്വാതന്ത്ര്യസമരം എന്നൊന്നു നടന്നതായിപോലും ഭാവിച്ചില്ല.**


ത്തന്നെ സ്വാതന്ത്ര്യസമരത്തിനെതിരെ തിരിഞ്ഞു. രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടനും റഷ്യയും ഒരു ചേരിയിലായിരുന്നതിനാൽ ബ്രിട്ടനെ സഹായിക്കുക ഒരു കമ്മ്യൂണിസ്റ്റിന്റെ കടമയാണെന്ന് പ്രചരിപ്പിക്കപ്പെട്ടു. ലോകതൊഴിലാളി വർഗത്തിന്റെ കണ്ണിലുണ്ണിയായ സോവിയറ്റ് യൂണിയനെ സംരക്ഷിക്കാനായി വേണ്ടിവന്നാൽ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകൾ ആയുധമെടുത്ത് ബ്രിട്ടനുവേണ്ടി യുദ്ധംചെയ്യാൻപോലും തയ്യാറാകണമെന്നു ചിലർ അഭിപ്രായപ്പെട്ടു. കമ്മ്യൂണിസ്റ്റ് ആഭിമുഖ്യം ക്രമേണ ഭാരതവിരുദ്ധതയായി പരിണമിച്ചു.

ഇന്നത്തെ കേരളത്തിൽ ഒരു വലിയ വിഭാഗം ഇടതുപക്ഷ വിശ്വാസികൾ കരുതുന്നത് രാജ്യസ്നേഹം വളരെ പഴഞ്ചനായ ആശയമാണെന്നും സാർവ്വദേശീയതയാണ് പ്രധാനമെന്നുമാണ്. ലോകതൊഴിലാളിവർഗ്ഗം എന്നൊന്നു ഉണ്ടെന്നു കരുതുന്നവർ ഇന്നും കേരളത്തിലുണ്ട്. അങ്ങനെ ഒരുവർഗ്ഗത്തിനും എങ്ങും നിലനില്ക്കാനാവില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള വിവേചനശക്തി മലയാളികൾക്ക് ഇതുവരേയും ഉണ്ടായിട്ടില്ല എന്നത് അത്ഭുതകരംതന്നെ. ഭൂമിയിൽ എല്ലായിടത്തുനിന്നും കമ്മ്യൂണിസം എന്ന ആശയം തുടച്ചുനീക്കപ്പെട്ടിട്ടും കേരളത്തിൽ മാത്രം അതു നിലനിൽക്കുന്നതിന് രാഷ്ട്രീയബാഹ്യമായ മറ്റുചില കാരണങ്ങളുണ്ട്. അത് അവർ എക്കാലത്തും ജാതിമതങ്ങളെ പ്ര

യോജനപ്പെടുത്തുന്നതുകൊണ്ടാണ്. ജാതിക്കും മതത്തിനുമപ്പുറമുള്ള ലോകത്തേയ്ക്ക് മലയാളി ഒരിക്കലും നീങ്ങാതിരിക്കാൻ തന്ത്രപരമായ നീക്കങ്ങൾ നടത്താൻ കമ്മ്യൂണിസ്റ്റുകൾ ബദ്ധശ്രദ്ധരാണ്. ഇത് വളരെ പ്രച്ഛന്നമായ രീതിയിലാണെന്നു മാത്രം.

ഒരു കമ്മ്യൂണിസ്റ്റ് ഒരിക്കലും രാജ്യസ്നേഹി ആകാൻ പാടില്ലെന്ന തെറ്റായ പാഠം അറിഞ്ഞുവച്ചിരിക്കുന്നതിനാൽ രാഷ്ട്രസ്നേഹം അധമവികാരമെന്ന് കരുതുന്ന വലിയ ഒരു വിഭാഗമുണ്ട്. അതിനോടൊപ്പം ജാതിമതതാല്പര്യങ്ങൾ കൂടി ഇഴചേർത്ത് ഇന്ത്യാ വിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിൽ ഇടതുപക്ഷം വിജയിച്ചിരിക്കുന്നു. അത് കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ മനോഭാവങ്ങളിൽ പ്രകടമാണ്. ഇന്ത്യ മൊത്തത്തിൽ അനുഭവിച്ച യുദ്ധ ദുരിതങ്ങളൊന്നും തെക്കേ അറ്റത്തു കിടക്കുന്ന നമ്മൾ അനുഭവിക്കേണ്ടി വന്നിട്ടില്ല എന്നതും നമ്മുടെ അത്തരം അനുഭവസമ്പത്തിന് ഒരു കാരണമായി.

രാജ്യം എന്നത് പലരും കരുതുന്നതുപോലെ ഒരു യാദൃച്ഛികത അല്ല. സഹസ്രാബ്ദങ്ങൾ കൊണ്ടാണ് ഒരു രാഷ്ട്രം രൂപപ്പെടുന്നത്. അത്തരം രൂപപ്പെടലിന് ഭൂപ്രകൃതി, ഭാഷ, സംസ്കാരം, മതം എന്നിവയൊക്കെ കാരണങ്ങളാകാം. എന്നതിനെല്ലാം ഉപരിയായി ആത്മീയമായ ചില ഘടകങ്ങളുമുണ്ട്. ഭാരതത്തെ സംബന്ധിച്ചിടത്തോളം ആത്മീയ ഘടകങ്ങൾക്കാണ് പ്രാധാന്യം. ഭാരതീയർ മതാതീനമായിത്തന്നെ ചില വിശ്വാസങ്ങൾ വച്ചുപുലർത്തുന്നു. ഹിന്ദു, ബുദ്ധ, ജൈന, സിഖ് വിഭാഗങ്ങളെല്ലാം ഒരേ ഈശ്വരന്മാരെത്തന്നെ ആരാധിക്കുന്നു. ഇപ്പോൾ ക്രിസ്ത്യൻ മുസ്ലീം വിഭാഗങ്ങളിൽപ്പെടുന്നവരും ഈ പൊതുവിശ്വാസത്തിലേക്കു വരുന്നു. ആഴത്തിലുള്ള ഒരു ആത്മീയധാര ഭാരതത്തെ ഒന്നാക്കി നിർത്തുന്നുണ്ട്. ആ ധാര പൗരാണിക കാലത്ത് അഫ്ഗാൻ മുതൽ ഇന്തോനേഷ്യവരെ പടന്നുയർന്നിടത്താണ് ഇത്തരം സംസ്കാര ധാര നിലനില്ക്കുന്നത്. അതാണ് ഭാരതത്തിന്റെ രാഷ്ട്രശരീരത്തിന് ആധാരമായിരിക്കുന്നത്.




**ആഴത്തിലുള്ള ഒരു ആത്മീയധാര ഭാരതത്തെ ഒന്നാക്കി നിർത്തുന്നുണ്ട്. ആ ധാര പൗരാണിക കാലത്ത് അഫ്ഗാൻ മുതൽ ഇന്തോനേഷ്യവരെ പടന്നുയർന്നിടത്താണ് ഇത്തരം സംസ്കാര ധാര നിലനില്ക്കുന്നത്. അതാണ് ഭാരതത്തിന്റെ രാഷ്ട്രശരീരത്തിന് ആധാരമായിരിക്കുന്നത്.**

ബ്രിട്ടീഷുകാരും ഇന്ത്യയിലേക്കുവന്ന വിദേശികളുമാണ് ഇന്ത്യയെ രൂപപ്പെടുത്തിയതെന്നു പറയുന്നവർക്ക് 16, 17 നൂറ്റാണ്ടുകളിലായി ജീവിച്ചിരുന്ന പൂന്താനം എഴുതിയ ജ്ഞാനപ്പാനയിലെ ഈ വരികളാണുത്തരം.

''ലവണാംബുധി മദ്ധ്യേവിളങ്ങുന്ന
ജംബു ദ്വീപൊരു യോജനലക്ഷവും
അതിലൊമ്പതുഖണ്ഡങ്ങളുണ്ടല്ലോ
അതിലുത്തമം ഭാരതഭൂതലം
സമ്മതരായ മാമുനിശ്രേഷ്ഠന്മാർ
കർമക്ഷേത്രമെന്നല്ലോ പറയുന്നു
കർമബീജമിതീന്നു മുളയ്ക്കേണ്ടു
ബ്രഹ്മലോകത്തിരിക്കുന്നവർക്കും
കർമബീജം വരട്ടിക്കളഞ്ഞുടൻ
ജന്മനാശംവരുത്തേണമെങ്കിലും
ഭാരതമായഖണ്ഡമൊഴിഞ്ഞുള്ള
പാരിലെങ്ങുമെളുതല്ല നിർണയം''

ഭാരതത്തിന്റെ തെക്കേയറ്റത്തിരിക്കുന്നവർക്കുപോലും ഉണ്ടായിരുന്ന രാഷ്ട്രീയബോധം എത്ര ആഴമുള്ളതായിരുന്നുവെന്ന് ഈ വരികൾ സാക്ഷ്യപ്പെടുത്തുന്നു.

# 2022 ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് തിളക്കമാർന്ന വർഷം: പ്രധാനമന്ത്രി




**ന്യൂദൽഹി:** ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് തിളക്കമാർന്ന വർഷമായി 2022 മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജി-20യുടെ അദ്ധ്യക്ഷ പദവിയെന്ന വലിയ ചുമതല രാജ്യത്തിന് ലഭിച്ച വർഷമാണിതെന്നും ഈ വർഷത്തെ അവസാന പ്രതിമാസ റേഡിയോ പരിപാടിയായ മൻ കീ ബാത്തിൽ സംസാരിക്കവെ പ്രധാനമന്ത്രി പറഞ്ഞു.

ലോകത്തിലെ ഏറ്റവും ശക്തമായ ഫോറമായ ജി-20യിൽ ആഗോള ജി.ഡി.പി.യുടെ 85 ശതമാനം കൈകാര്യം ചെയ്യുന്ന രാജ്യങ്ങൾ അംഗങ്ങളാണ്. ആഗോളവ്യാപാരത്തിന്റെ 75 ശതമാനവും ജി-20 രാജ്യങ്ങളാണ് കൈകാര്യം ചെയ്യുന്നത്. എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ മുന്നേറ്റമാണ് രാജ്യം ജി-20 അദ്ധ്യക്ഷപദവിയിലൂടെ നിർവഹിക്കാൻ ആഗ്രഹിക്കുന്നത്.

എല്ലാ മേഖലകളിലും രാജ്യം ശക്തി തെളിയിച്ച വർഷമാണിത്. ഒളിംപ്ക്സിലും കോമൺവെൽത്ത് ഗെയിംസിലും വനിതാഹോക്കിയിലുമെല്ലാം നാം കരുത്തുകാട്ടി. ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിന വേളയിൽ രാജ്യം മുഴുവൻ ത്രിവർണ്ണാത്മകമായി. ആറു കോടിയിലേറെപ്പേർ ത്രിവർണ്ണ പതാകയുമായി സെൽഫി എടുത്തു. ലോകത്തെ അഞ്ചാമത്തെ വലിയ സാമ്പത്തിക ശക്തിയായി രാജ്യം ഉയർന്നുവന്ന വർഷം കൂടിയാണിത്. 220 കോടി വാക്സിനുകൾ പൗരന്മാർക്ക് നല്കാനും 400 ബില്യൺ യു.എസ്. ഡോളറിന്റെ കയറ്റുമതി നടത്താനുമായി. ആത്മനിർഭര ഭാരതത്തിന് കരുത്ത് പകർന്ന് ആദ്യ വിമാനവാഹിനിക്കപ്പലായ ഐ.എൻ.എസ്. വിക്രാന്ത് പുറത്തിറക്കിയതും നേട്ടമായി പ്രധാനമന്ത്രി വിശദീകരിച്ചു.

ആവാസ വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ ലോകത്തിലെ ആദ്യ പത്തിൽ നമാമി ഗംഗ ഇടംപിടിച്ചു. എട്ടുവർഷം മുമ്പാരംഭിച്ച പദ്ധതി പുണ്യനദിയായ ഗംഗയുടെ ശുചീകരണം സാധ്യമാക്കുന്നുണ്ട്. ഗംഗയിലെ ഡോൾഫിനുകളുടെയും ഹിൽസാ മത്സ്യങ്ങളുടെയും ആമകളുടെയും എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് വെള്ളത്തിന്റെ ഗുണനിലവാരം വർദ്ധിച്ചു എന്നതിന്റെ തെളിവാണ്, പ്രധാനമന്ത്രി പറഞ്ഞു. എല്ലാവർക്കും നവവത്സരാശംസകൾ നേർന്ന പ്രധാനമന്ത്രി ഉത്സവാഘോഷങ്ങളിൽ കോവിഡ് ജാഗ്രത പാലിക്കണമെന്നും ഓർമ്മിപ്പിച്ചു.

# കേരളത്തിന് പുതിയ ഇ.എസ്.ഐ. ആശുപത്രി

ഇ.എസ്.ഐ.യുടെ സമ്പൂർണ്ണ യോഗം ഡിസംബർ 3, 4 തീയതികളിൽ ഡൽഹിയിലെ ഇഎസ്ഐസി ആസ്ഥാനത്ത് ഇഎസ്ഐസി ബോർഡ് ചെയർമാൻ ബഹു. തൊഴിൽ വകുപ്പ് മന്ത്രി ഭൂപേന്ദ്ര യാദവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

**തീരുമാനങ്ങൾ**

1. കേരളത്തിലെ ഇടുക്കിയിലും തൃപുരയിലെ അഗർത്തലയിലും ഇഎസ്ഐസി 100 ബെഡ് ഹോസ്പിറ്റൽ ആരംഭിക്കാൻ തീരുമാനിച്ചു.

2. 2021–2022 വർഷത്തെ, സാമ്പത്തിക റിപ്പോർട്ട് അംഗീകരിച്ചു. 21974.19 കോടി വരവും 17,187.19 കോടി ചെലവുമാണ്.

3. 2021–2022 വർഷത്തിൽ ഇഎസ്ഐസിയിൽ 20 ലക്ഷം തൊഴിലാളികളുടെ കുറവ് വന്നത് പരിശോധിക്കും.

4. സ്റ്റേറ്റ് ഇഎസ്ഐസി സംവിധാനത്തിലെ ആശുപത്രികളുടെയും ഡിസ്പൻസറികളുടെയും പ്രവർത്തനം പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തും.

5. കേരളത്തിലെ ഇഎസ്ഐസി അബ്സോർബ്ഡ് സ്റ്റാഫിന്റെ Modified Assured Career Progression - MACP ഉടൻ നൽകും.

6. ഗ്രൂപ്പ് ബി കേഡറിലേക്ക് മാറ്റിയ നേഴ്സസ് സ്റ്റാഫ് ഉൾപ്പെടെയുള്ളവരുടെ ബോണസ് പരിഗണിക്കും.

7. കേരളത്തിൽ ആയുർവേദ ആശുപത്രി ആരംഭിക്കുന്നത് പരിഗണിക്കും.

8. ESIC എല്ലാ കേഡറിലുള്ള വേക്കൻസികളും നികത്താൻ തീരുമാനം.

9. എല്ലാ തസ്തികയിലുമുള്ള കരാർ തൊഴിലാളികളുടെയും തൊഴിൽ സുരക്ഷിതത്വവും നിയമാനുസൃതമുള്ള ആനുകൂല്യവും ലഭ്യമാക്കും.

10. ഇഎസ്ഐസി റീജിയണൽ ബോർഡ് ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി, ലോക്കൽ കമ്മിറ്റി തുടങ്ങിയ തൃകക്ഷി സംവിധാനം ശക്തമാക്കും.

11. ഇഎസ്ഐസി വിവരങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച് മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും.

12. ശംബളപരിധി ഉയർത്തണമെന്ന ബി.എം.എസിന്റെ ആവശ്യം പരിഗണിക്കാമെന്ന് പറഞ്ഞതായി ഇഎസ്ഐസി ബോർഡ് മെമ്പറും ബി.എം.എസ്. ദേശീയ സെക്രട്ടറിയുമായ വി. രാധാകൃഷ്ണൻ അറിയിച്ചു.

# കാഞ്ഞങ്ങാട് ഇ.എസ്.ഐ. ആശുപത്രി അനുവദിക്കണം

**കാഞ്ഞങ്ങാട്:** കശുവണ്ടി ഫാക്ടറിയും മറ്റു സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന കാഞ്ഞങ്ങാട് പ്രദേശത്ത് നിലവിൽ ഇഎസ്ഐയിൽ അംഗങ്ങളായ നൂറ് കണക്കിന് തൊഴിലാളികൾ ചികിത്സാ സൗകര്യം ലഭിക്കാതെയും, ആനുകൂല്യങ്ങൾ ലഭിക്കാതെയും ദുരിതമനുഭവിച്ച് വരികയാണ്. ഇതിന് പരിഹാരം ഉണ്ടാക്കുന്നതിന് കാഞ്ഞങ്ങാട് കേന്ദ്രീകരിച്ച് 50 കിടക്കകൾ ഉള്ള ഇഎസ്ഐ ആശുപത്രിയും റീജിയണൽ ഓഫീസും അനുവദിക്കണമെന്ന് കാഷ്യു മസ്ദൂർ സംഘം ബി.എം.എസ്. വിട്ടൽ കാഷ്യു യൂണിറ്റ് വാർഷിക സമ്മേളനം ആവശ്യപ്പെട്ടു.

ബി.എം.എസ്. അഖിലേന്ത്യാ സെക്രട്ടറിയും ഇഎസ്ഐ കേന്ദ്ര ബോർഡ് അംഗവുമായ വി. രാധാകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് മിനി ശ്രീനിവാസന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ബി.എം.എസ്. ജില്ലാ പ്രസിഡന്റ് വി.വി. ബാലകൃഷ്ണൻ, ജില്ല സെക്രട്ടറി ഗോവിന്ദൻ മടിക്കൈ, വി. കൃഷ്ണൻ എന്നിവർ സംസാരിച്ചു.

വി.ബി. സത്യനാഥ്, സുനിൽ വാഴക്കോട്, ഉണ്ണികൃഷ്ണൻ വാഴക്കോട്, എന്നിവർ സംബന്ധിച്ചു. ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ. പി. മുരളീധരൻ സമാരോപ് പ്രഭാഷണം നടത്തി. രത്നാകരൻ വാഴക്കോട് സ്വാഗതവും ബിന്ദു കോട്ടപ്പാറ നന്ദിയും രേഖപ്പെടുത്തി.

പുതിയ ഭാരവാഹികളായി പ്രസിഡന്റ് രത്നാകരൻ വാഴക്കോട്, വൈസ് പ്രസിഡന്റുമാരായി മുരളീധരൻ മീങ്ങോത്ത്, സോനാ ഗോപാലൻ, സെക്രട്ടറി മിനി ശ്രീനിവാസൻ, ജോ. സെക്രട്ടറിമാരായി സുമ ഗുരുപുരം, യമുന രവീന്ദ്രൻ, ട്രഷറർ ബിന്ദു കോട്ടപ്പാറ എന്നിവരെയും തെരഞ്ഞെടുത്തു.

# നോട്ട് നിരോധനം കള്ളപ്രചരണത്തിന്റെ വായടഞ്ഞു

2016 നവംബർ 8 ന് 1000 ത്തിന്റെയും 500ന്റെയും കറൻസി നോട്ടുകൾ നിരോധിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം സുപ്രീം കോടതി ശരിവച്ചു. നോട്ട് നിരോധനത്തിൽ കേന്ദ്രസർക്കാരിന് തീരുമാനമെടുക്കാമെന്ന് ജസ്റ്റിസ് ബി.ആർ. ഗവായ് എഴുതിയ ഭൂരിപക്ഷ വിധിയിൽ വ്യക്തമാക്കി. അതിനാൽ നടപടി റദ്ദാക്കാനാവില്ലെന്നും ജസ്റ്റിസ് ഗവായ് പറഞ്ഞു. ജസ്റ്റിസുമാരായ എസ്. അബ്ദുൾ നസീർ, ബി.ആർ. ഗവായ്. എ.എസ്. ബൊപ്പണ്ണ, വി. രാമസുബ്രഹ്മണ്യൻ, ബി.വി. നാഗരത്ന എന്നിവർ ഉൾപ്പെട്ട അഞ്ചംഗ ഭരണഘടനാ ബെഞ്ചാണ് കേസ് പരിഗണിച്ചത്.

നോട്ട് നിരോധനത്തിനെതിരായ 58 ഹർജികളാണ് ഭരച്ചത്. വിജ്ഞാപനം നടപ്പിലാക്കിയ രീതി ഭരണഘടനാ വിരുദ്ധമാണോയെന്നും സർക്കാരിന്റെ സാമ്പത്തിക നയങ്ങളിൽ കോടതി ഇടപെടൽ എവിടെവരെയാകാമെന്ന വിഷയവും ബെഞ്ച് പരിഗണിച്ചിരുന്നു.

കള്ളനോട്ടും കള്ളപ്പണ ഇടപാടുകളും തടയുക ഇതു



**2016 ഡിസംബർ 16–ന് നിരോധനത്തിനെതിരായ ഹർജികൾ സുപ്രീംകോടതി മൂന്നംഗ ബെഞ്ച് ഭരണഘടനാ ബെഞ്ചിന് വിടുകയായിരുന്നു. ഈ കേസുകളിൽ 2022 ഡിസംബർ ഏഴിന് വാദം കേൾക്കൽ പൂർത്തിയാക്കി. തുടർന്ന് കേസ് വിധി പറയാനായി മാറ്റി.**

ക്കാനാവില്ല. നിരോധനത്തിൽ കറൻസി നോട്ടിന്റെ ഏതെങ്കിലും ഒരു ശ്രേണി എന്നതിന് നിയന്ത്രിത അർത്ഥം നല്കാനാവില്ല. മുഴുവൻ ശ്രേണിയിലുമുള്ള നോട്ടുകൾ നിരോധിക്കുന്നതിന് നിയമ തടസമില്ല. രേഖകൾ വ്യക്തമാക്കുന്നത് നിരോധ നത്തിന് മുൻപ് മതിയായ കൂടിയാലോചനകൾ നടത്തിയെന്നാണ്. ആവശ്യമെങ്കിൽ റെഗുലേറ്ററി ബോർഡായ റിസർവ് ബാങ്കുമായി കൂടിയാലോചിച്ച ശേഷം സർക്കാരിന് തീരുമാനമെടുക്കാൻ സർക്കാരിന് അധികാരമുണ്ട്. കേന്ദ്രസർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചു എന്നതുകൊണ്ടു മാത്രം നടപടി തെറ്റിദ്ധരിക്കാണഘടനാ ബെഞ്ചിന് മുന്നിലെത്തിയത്. 2016 നവംബർ 8–നാണ് രാജ്യത്ത് 500, 1000 നോട്ടുകൾ നിരോധിച്ച് പ്രധാനമന്ത്രി പ്രഖ്യാപനം നടത്തിയത്. 2016 ഡിസംബർ 16–ന് നിരോധനത്തിനെതിരായ ഹർജികൾ സുപ്രീംകോടതി മൂന്നംഗ ബെഞ്ച് ഭരണഘടനാ ബെഞ്ചിന് വിടുകയായിരുന്നു. ഈ കേസുകളിൽ 2022 ഡിസംബർ ഏഴിന് വാദം കേൾക്കൽ പൂർത്തിയാക്കി. തുടർന്ന് കേസ് വിധി പറയാനായി മാറ്റി. 2016 നവംബർ എട്ടിലെ വിജ്ഞാപനം ഭരണഘടനയുടെ ആർട്ടിക്കിൾ 14, 19 എന്നിവയുടെ ലംഘനമാണോ എന്നായിരുന്നു ഭരണഘടനാ ബെഞ്ച് പരിഗണിപയോഗിച്ച് ഭീകരവാദ പ്രവർത്തനങ്ങളും മറ്റും നടത്തുന്നത് തടയുക എന്നീ ലക്ഷ്യങ്ങളാണ് നിരോധനത്തിന് പിന്നിലെന്നാണ് സർക്കാർ വ്യക്തമാക്കിയത്. ഈ ലക്ഷ്യം പൂർത്തീകരിച്ചില്ലെങ്കിൽ പോലും നടപടി തെറ്റെന്ന് പറയാനാവില്ലെന്ന കേന്ദ്ര സർക്കാർ വാദം സുപ്രീംകോടതി അംഗീകരിച്ചു. രാജ്യത്തിന്റെ സുരക്ഷയും സാമ്പത്തിക സുരക്ഷിതത്വവും കണക്കിലെടുത്തുകൊണ്ടുള്ള നിരോധന നടപടി നല്ല ഉദ്ദേശത്തോടെയായിരുന്നു എന്ന് ഭിന്ന വിധി എഴുതിയ ജസ്റ്റിസ് നാഗരത്നയും വ്യക്തമാക്കി.

# ഇ. പി. എഫ്. പെൻഷൻ
# സുപ്രീംകോടതി വിധി നടപ്പിലാക്കൽ



**അഡ്വ. സി. ബി. മുകുന്ദൻ**
**(തൃശ്ശൂർ)**

**ഉ**യർന്ന ശമ്പളത്തിന് ആനുപാതികമായി ഉയർന്ന പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഒട്ടേറെ വ്യവഹാരങ്ങൾ വിവിധ കോടതികളിലായി ഉണ്ടായിരുന്നല്ലോ? കേരള ഹൈക്കോടതി അടക്കമുള്ള പല ഹൈക്കോടതികളിൽനിന്നും ജീവനക്കാർക്ക് ആശ്വാസം പകരുന്ന വിധികളാണുണ്ടായത്. അത്തരം വിധികളുടെ അടിസ്ഥാനത്തിൽ ഇ.പി.എഫ്. ഓർഗനൈസേഷന് ഒരുപാട് പേർക്ക് ശമ്പളത്തിന് ആനുപാതികമായ പെൻഷൻ അനുവദിക്കേണ്ടതായും വന്നു. എന്നാൽ ജീവനക്കാർക്ക് അനുകൂലമായി ഉണ്ടായ വിധികൾക്കെതിരെ ഇ.പി.എഫ്.ഒ. സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായി. സുപ്രീം കോടതിയുടെ ഡിവിഷൻ ബഞ്ച് അത്തരം അപ്പീലുകൾ അപ്പാടെ നിരാകരിക്കുകയാണുണ്ടായത്. ആ വിധിക്കെതിരെ ഇ.പി.എഫ്.ഒ. ഫയൽ ചെയ്ത റിവ്യൂപെറ്റീഷൻ സുപ്രീം കോടതിയുടെ ഫുൾ ബഞ്ചിന് റഫർ ചെയ്യുകയുണ്ടായി. എല്ലാ തർക്കങ്ങൾക്കും പരിസമാപ്തി കുറിക്കും എന്ന് കരുതി ജീവനക്കാർ വളരെ പ്രത്യാശയോടെ കാത്തിരുന്ന ഫുൾബഞ്ചിന്റെ വിധി 04-11-2022-ൽ പുറപ്പെടുവിക്കുകയുണ്ടായി. ആ വിധിയിൽ ജീവനക്കാർക്ക് അനുകൂലമായ ഏതാനും നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു എങ്കിലും പൊതുവിൽ ജീവനക്കാർക്ക് ആശ്വസിക്കാൻ വക നൽകുന്നതായിരുന്നില്ല ആ വിധിയിലെ പല പരാമർശങ്ങളും. എങ്കിലും ആ വിധിയിലെ പല പരാമർശങ്ങളും ജീവനക്കാർക്ക് അനുകൂലമായും വ്യാഖ്യാനിച്ച് ശമ്പളത്തിന് ആനുപാതികമായ ഉയർന്ന പെൻഷൻ ഒരുപാട് പേർക്ക് അനുവദിക്കാമായിരുന്നു. പക്ഷേ ഇ.പി.എഫ്.ഒ. 29-12-2022 തീയതിയിൽ പുറപ്പെടുവിച്ച സർക്കുലർ അത്തരത്തിലുള്ള എല്ലാ പ്രത്യാശകളും അസ്തമിച്ചിരിക്കുകയാണ്. ഈ സർക്കുലർ അനുസരിച്ച് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉയർന്ന പെൻഷൻ ലഭ്യമാക്കുക എന്നത് ഏറെ ദുഷ്കരമായിരിക്കും. പ്രസ്തുത സർക്കുലർ അനുസരിച്ച് താഴെ പറയുന്നവർക്ക് മാത്രമേ, അതും ഓൺലൈനായി, ഉയർന്ന പെൻഷനുവേണ്ടി അപേക്ഷകൾ സമർപ്പിക്കാൻ കഴിയുകയുള്ളു.

**ജീവനക്കാർക്ക് അനുകൂലമായി ഉണ്ടായ വിധികൾക്കെതിരെ ഇ. പി. എഫ്. ഒ. സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായി. സുപ്രീം കോടതിയുടെ ഡിവിഷൻ ബഞ്ച് അത്തരം അപ്പീലുകൾ അപ്പാടെ നിരാകരിക്കുകയാണുണ്ടായത്.**

1. ഇ.പി.എഫ്. പദ്ധതിയിലെ ഖണ്ഡിക 26(6) അനുസരിച്ച് 5000, 6500 എന്നീ ശമ്പള പരിധികൾ നോക്കാതെ മുഴുവൻ ശമ്പളത്തിന്മേലും ആദ്യം മുതൽക്കേ വിഹിതം അടച്ചുവന്നിരിക്കണം.
2. ഇ.പി.എഫ്. പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരുന്നപ്പോൾ തന്നെ ഖണ്ഡിക 11(3) അനുസരിച്ച് ജോയിന്റ് ഓപ്ഷൻ കൊടുത്തിട്ടുണ്ടായിരിക്കണം.
3. അത്തരം ഓപ്ഷനുകൾ ഇ.പി.എഫ്.ഒ. നിരാകരിച്ചിട്ടുണ്ടായിരിക്കുകയും വേണം.

അപേക്ഷകൾ താഴെ പറയുന്ന രീതിയിലായിരിക്കണം സമർപ്പിക്കേണ്ടത്.

1. കമ്മീഷണർ നിഷ്കർഷിക്കുന്ന രീതിയിലും ഫോമിലും അപേക്ഷ സമർപ്പിക്കണം.
2. സർക്കാർ നോട്ടിഫിക്കേഷനിൽ പറയുന്ന ''ഡിസ് ക്ലെയിമർ'' അത്തരം അപേക്ഷയിൽ

ഉണ്ടായിരിക്കണം. (ഈ ഖണ്ഡികയിൽ പറയുന്നതരം സർക്കാർ നോട്ടിഫിക്കേഷൻ പുറത്തിറങ്ങിയിട്ടുണ്ടോ, ഉണ്ടെങ്കിൽ തന്നെ അത് ഏതാണ് എന്നും വ്യക്തമാക്കിയിട്ടില്ല.)

3. പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽനിന്നും പെൻഷൻ ഫണ്ടിലേക്ക് കോൺട്രിബ്യൂഷൻ മാറ്റേണ്ടതുണ്ടെങ്കിലോ അല്ലെങ്കിൽ പെൻഷൻ ഫണ്ടിലേക്ക് പുനർനിക്ഷേപം നടത്തേണ്ടതോ ഉണ്ടെങ്കിൽ ആയതിനുള്ള പെൻഷനറുടെ സമ്മതം അപേക്ഷയിൽ ഉണ്ടായിരിക്കണം.

4. എക്സംപ്ഷൻ ലഭിച്ചിട്ടുള്ള പ്രോവിഡന്റ് ഫണ്ട് ട്രസ്റ്റിൽനിന്നും പെൻഷൻ ഫണ്ടിലേക്ക് കോൺട്രിബ്യൂഷൻ മാറ്റേണ്ടതുണ്ടെങ്കിൽ ആയതിനുള്ള സമ്മതം ട്രസ്റ്റി നൽകേണ്ടതാണ്.

5. ഫണ്ട് എങ്ങനെ നിക്ഷേപിക്കണം എന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നുള്ള സർക്കുലറുകളിൽ ഉണ്ടാകും.

6. അപേക്ഷയോടൊപ്പം തന്നെ തെളിവിലേക്കായി താഴെപറയുന്ന രേഖകളും സമർപ്പിച്ചിരിക്കണം.

എ) പ്രോവിഡന്റ് ഫണ്ട് പദ്ധതിയിലെ ഖണ്ഡിക 26(6) പ്രകാരം സമർപ്പിച്ചിട്ടുള്ള ജോയിന്റ് ഓപ്ഷൻ സംബന്ധിച്ച (തൊഴിലുടമ സാക്ഷ്യപ്പെടുത്തിയത്)

ബി) പെൻഷൻ ഫണ്ട് പദ്ധതിയിലെ ഖണ്ഡിക 11(3) പ്രകാരം സമർപ്പിച്ചിട്ടുള്ള ജോയിന്റ് ഓപ്ഷൻ സംബന്ധിച്ച (തൊഴിലുടമ സാക്ഷ്യപ്പെടുത്തിയത്) രേഖ.

സി) 5000 രൂപ 6500 രൂപ എന്നീ പരിധികൾ നോക്കാതെ മുഴുവൻ ശമ്പളത്തിന്മേലും പ്രോവിഡന്റ് ഫണ്ടിലേക്ക് കോൺട്രിബ്യൂഷൻ അടച്ചിട്ടുണ്ടായിരുന്നു എന്നു കാണിക്കുന്ന രേഖകൾ.

ഡി) 5000 രൂപ 6500 രൂപ എന്നീ പരിധികൾ നോക്കാതെ മുഴുവൻ ശമ്പളത്തിന്മേലും പെൻഷൻ ഫണ്ടിലേക്ക് കോൺഡ്രിബ്യൂഷൻ അടച്ചിട്ടുണ്ടായിരുന്നു എന്നു കാണിക്കുന്ന രേഖകൾ.

ഇ) മേൽപറഞ്ഞ പ്രകാരം ഉയർന്ന ശമ്പളത്തിന്മേൽ കോൺട്രിബ്യൂഷൻ അടയ്ക്കാനുള്ള അപേക്ഷ രേഖാമൂലം അസിസ്റ്റന്റ് പി.എഫ്. കമ്മീഷണറോ അതിനു മുകളിലുള്ള അധികാരിയോ നിരാകരിച്ചിട്ടുള്ളത് സംബന്ധിച്ച രേഖ.

ചുരുക്കിപ്പറഞ്ഞാൽ ഉയർന്ന പെൻഷൻ ലഭ്യമാക്കാൻ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കണം എന്നു മാത്രമല്ല ആയതു സംബന്ധിച്ച അസ്സൽ രേഖകളോടൊപ്പം 04-03-2023-ന് മുമ്പായി ഓൺലൈനായി (ഇ. പി.എഫ്.ഒ. നിഷ്കർഷിക്കാൻ പോകുന്ന ഫോറത്തിൽ) അപേക്ഷ നൽകിയിരിക്കുകയും വേണം.


1. 5000 രൂപ (16-03-1996 to 31-5-2001), (01-06-2001 to 31-08-2014) എന്നീ ശമ്പളപരിധികൾ നോക്കാതെ തൊഴിലുടമ മുഴുവൻ ശമ്പളത്തിന്മേലും പി.എഫ്. ഫണ്ടിലേക്കും പെൻഷൻ ഫണ്ടിലേക്കും ആദ്യം മുതൽക്ക് വിഹിതം അടച്ചിട്ടുണ്ടായിരിക്കണം.

2. പി.എഫ്. പദ്ധതിയിലെ ഖണ്ഡിക 26(6), പെൻഷൻ പദ്ധതിയിലെ ഖണ്ഡിക 11(3) എന്നിവ പ്രകാരം ജോയിന്റ് ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ടായിരിക്കണം.

3. അത്തരം ജോയിന്റ് ഓപ്ഷനുകൾ ഇ.പി.എഫ്.ഒ. നിരാകരിച്ചിട്ടുണ്ടായിരിക്കണം.

ഇ.പി.എഫ്.ഒ. ഇപ്പോൾ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുള്ളവർ വിരളമായിരിക്കും. അഥവാ പാലിച്ചിട്ടുണ്ടെങ്കിൽ തന്നെ അവ തെളിയിക്കാനാവശ്യമായ രേഖകൾ സൂക്ഷിച്ചുവെച്ചിട്ടുള്ളവർ ഉണ്ടാകാനും ഇടയില്ല.

മുകളിൽ പറഞ്ഞ പല കർശനമായ വ്യവസ്ഥകളും സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ശമ്പളപരിധി നോക്കാതെ മുഴുവൻ ശമ്പളത്തിന്മേലും തൊഴിലുടമ വിഹിതം അടച്ചുവന്നിരുന്നു എങ്കിൽ അവർ കൈവശമുള്ള രേഖകളുമായി ഇ.പി.എഫ്.ഒ. ഉടൻതന്നെ പുറത്തിറക്കാൻ ഇടയുള്ള ഫോറത്തിൽ 04-03-2023-നു മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതായിരിക്കും കൂടുതൽ ബുദ്ധിപരം. കൂടുതൽ വിവരങ്ങൾ താമസിയാതെ അറിയിക്കുന്നതായിരിക്കും. പുതുവത്സരാശംസകളോടെ,



# ആകാശം

വർണ്ണക്കുടയിതു കാണുമ്പോൾ
ഉത്സവമാണിന്നെന്നുള്ളിൽ
കാലത്തെന്തു ചുവപ്പുനിറം!
അന്തിക്കും നിറമതുതന്നെ
ഉച്ചയ്ക്കമ്മേ കണ്ണുകളിൽ
സൂചികൾ വന്നു തറയ്ക്കുന്നു
ഒട്ടുംവയ്യാ മേലോട്ട്
നോക്കാനപ്പോൾ ഞങ്ങൾക്ക്
വെള്ള നിറത്തിൽ തുണ്ടുകളായ്
തുള്ളി നടക്കുവതാരാണ്?
പലപല വേഷം കെട്ടിവരും
പഞ്ഞി കണക്കു വെളുത്തവരും
മീനുകൾപോലെ പറന്നുവരും
ഒന്നിച്ചങ്ങനെ ചേർന്നുവരും
ഒന്നായ്ചേർന്നു പറന്നുവരും
മാനുകൾ പോലെ കുതിച്ചുവരും
ചടപട ശബ്ദം കേൾക്കുമ്പോൾ
ഇരുളുകണക്കു കറുത്തുവരും
ഇടിയുടെ പൂരമിടയ്ക്കുവരും
തെളിമിന്നൽപ്പിണർ കൂടെ വരും
ചന്നംപിന്നം താഴോട്ട്
ചറപറ ചറപറ താഴോട്ട്
പുരയുടെ മുകളിൽ ചെണ്ടയടി
മുറ്റത്താകെ കോലുകളി
രാത്രിവരുമ്പോൾ കമ്മലുകൾ
ഞാത്തിയ മാതിരിയാകാശം
മിന്നും പൊന്നിൻ ഞാത്തുകളെ
കണ്ടാലെന്നും ആവേശം
കൂട്ടിനു വട്ടത്തളികയിലെ
വെട്ടം പകരാനപ്പൂപ്പൻ.

**കല്ലറ അജയൻ**

# രാഷ്ട്രഭാവത്തിന് പ്രാമുഖ്യം നല്കണം

## - ഡോ. മോഹന്‍ ഭാഗവത്



**ഗുവാഹത്തി:** സമാജത്തിലെ ഓരോ വ്യക്തിയും രാഷ്ട്രത്തിന് പ്രാമുഖ്യം നല്കണമെന്ന് ആര്‍.എസ്.എസ്. സര്‍സംഘചാലക് ഡോ. മോഹന്‍ ഭാഗവത്. ഉത്തര അസമിലെ ചന്ദ്രപൂര്‍ വിദ്യാഭാരതി സ്കൂളില്‍ മൂന്നുദിവസമായി തുടര്‍ന്നുവരുന്ന ആര്‍.എസ്.എസ്. പ്രവര്‍ത്തകരുടെ പ്രേരണാശിബിരത്തിന്റെ സമാപന പൊതുപരിപാടിയില്‍ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിഭിന്നതകള്‍ക്കും വൈവിധ്യങ്ങള്‍ക്കുമപ്പുറം രാജ്യത്തിനുവേണ്ടി അവിശ്രമം പ്രയത്നിക്കുമെന്ന ഭാവം സമാജത്തിലാകെ ഉണ്ടാകണം. സമാജം രാഷ്ട്രത്തിനുവേണ്ടി എന്തുചെയ്യാനും പ്രതിജ്ഞാബദ്ധരായി മാറണം. ഏത് ദൗത്യത്തിന്റെയും വിജയകരമായ പൂര്‍ത്തീകരണത്തിന് കൂട്ടായ പരിശ്രമമല്ലാതെ മറ്റ് വഴികളില്ല. രാജ്യത്തിന് വേണ്ടി എല്ലാം സമര്‍പ്പിക്കാനുള്ള മനുഷ്യശേഷിയുടെ വികാസത്തിനുവേണ്ടിയാണ് ഡോ. ഹെഡ്ഗേവാര്‍ സംഘം സ്ഥാപിച്ചതെന്നും അദ്ദേഹം പറഞ്ഞു.

സംഘപ്രവര്‍ത്തനം നൂറുവര്‍ഷം പിന്നിടാന്‍ പോകുകയാണ്. ആറാമത്തെ തലമുറയാണ് ഇപ്പോള്‍ പ്രവര്‍ത്തനനിരതരായിരിക്കുന്നത്. ഭാരതത്തിലെ ഓരോ ഗ്രാമത്തിലും സംഘശാഖകളുണ്ടാകണം. അതുവഴി സമാജത്തെ രാഷ്ട്രാനുകൂലമാക്കി ശക്തിപ്പെടുത്താന്‍ കഴിയും. ദേശീയമായ പാരമ്പര്യത്തിനും അഭിമാനത്തിലും ഊന്നി രാജ്യത്തിന്റെ പുരോഗതിക്കായി പ്രവര്‍ത്തിക്കാന്‍ സമാജത്തെ സജ്ജമാക്കുകയാണ് സംഘം ചെയ്യുന്നത്. സമാജത്തെ ശക്തിശാലിയാക്കി യഥാര്‍ത്ഥ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്ന പ്രവര്‍ത്തനമാണത്. ദുര്‍ബലമായ സമാജത്തിന് രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ ഫലമാസ്വദിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.

# ക്ഷേമനിധി ബോർഡ് : സർക്കാർ ഇടപെടണമെന്ന് മനുഷ്യാവകാശകമ്മീഷൻ

**തിരുവനന്തപുരം:** ക്ഷേമനിധിബോർഡിൽ അംശാദായം അടക്കുന്നവർക്ക് ഫണ്ടില്ലെന്ന് പറഞ്ഞ് ആനുകൂല്യങ്ങൾ നല്കാതിരുന്നാൽ സർക്കാർ ഇടപെടണമെന്ന് മനുഷ്യാവകാശകമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ആവശ്യമായ ഫണ്ട് സർക്കാർ അനുവദിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ആനുകൂല്യങ്ങൾ യഥാസമയം നല്കാതിരിക്കുന്നത് അനീതിയാണ്. ഉത്തരവിൻമേൽ സ്വീകരിക്കുന്ന നടപടികൾ തൊഴിൽവകുപ്പ് സെക്രട്ടറി ജനുവരി 17-നകം കമ്മീഷനിൽ സമർപ്പിക്കണം.

1992 മാർച്ച് ഒന്നിന് ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത ആലിയാട് മൂളയം സ്വദേശിനി ചെല്ലമ്മ സമർപ്പിച്ച പരാതിയിലാണ് നടപടി. പരാതിക്കാരി 60 വയസ്സ് തികഞ്ഞപ്പോഴാണ് അപേക്ഷ നല്കിയത്. എന്നാൽ 70 വയസ്സ് കഴിഞ്ഞിട്ടും പെൻഷനോ ആനുകൂല്യങ്ങളോ ലഭിച്ചില്ല. 2015 ജനുവരി 31 വരെയുള്ള അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ടെന്ന് കർഷകതൊഴിലാളി ക്ഷേമനിധിബോർഡ് കമ്മീഷനെ അറിയിച്ചു.

സർക്കാരിൽനിന്നും ഫണ്ട് ലഭികാത്തതിനാൽ 2015 ജനുവരി 31-ന് ശേഷം ലഭിച്ച അപേക്ഷകളിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. ബോർഡിന്റെ ഇത്തരം നടപടികൾ വിചിത്രമാണെന്ന് ജസ്റ്റിസ് ആന്റണി ഡൊമിനിക് ഉത്തരവിൽ പറഞ്ഞു.



കാസർഗോഡ് ജില്ലാ ലൈറ്റ് മോട്ടോർ വെഹിക്കിൾ മാവുങ്കാൽ യൂണിറ്റ് സമ്മേളനം. ബി.എം.എസ്. അഖിലേന്ത്യ സെക്രട്ടറി വി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

## യൂണിറ്റ് സമ്മേളനം

**മാവുങ്കാൽ:** കാസർഗോഡ് ജില്ല ലൈറ്റ് മോട്ടോർ വെഹിക്കിൾ മസ്ദൂർ സംഘം മാവുങ്കാൽ യൂണിറ്റ് സമ്മേളനം ബി.എം.എസ്. അഖിലേന്ത്യാ സെക്രട്ടറിയും ഇഎസ്ഐ ബോർഡ് മെമ്പറുമായ വി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

രാജേഷ് മൂന്നാംമൈൽ അധ്യക്ഷം വഹിച്ചു. ഹോസ്ദുർഗ്ഗ് മേഖലാ സെക്രട്ടറി ഭരതൻ കല്യാൺ റോഡ്, ചന്ദ്രൻ നെല്ലിത്തറ, വിഭാഗ് സഹ ശാരീരിക് പ്രമുഖ് ശ്രീജിത്ത്, രാജീവൻ പി.പി. ബി.എം.എസ്. ജില്ലാ സെക്രട്ടറി ഗോവിന്ദൻ മടിക്കൈ എന്നിവർ സംസാരിച്ചു, രാജേഷ് പൊള്ളക്കട സ്വാഗതവും സജിത്ത് കോട്ടപ്പാറ നന്ദിയും പറഞ്ഞു.

# തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സർക്കാർ അട്ടിമറിക്കുന്നു

**പാലക്കാട്:** ഇടതു സർക്കാർ തൊഴിലാളികൾക്ക് നൽകേണ്ട പെൻഷനുകളും ആനുകൂല്യങ്ങളും നൽകാതെ തൊഴിലാളി വിരുദ്ധ നടപടിയുമായി മുന്നോട്ടു പോകുകയാണെന്ന് ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ. പി. മുരളീധരൻ ആരോപിച്ചു.

മേലാമുറി ചുമട് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊഴിലാളികൾക്ക് അടിയന്തിരമായി പെൻഷനും ആനുകൂല്യങ്ങളും നൽകാതിരുന്നാൽ ശക്തമായ സമരം സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പ്രസിഡന്റ് ഷൺമുഖൻ അധ്യക്ഷനായിരുന്നു. മേഖല സെക്രട്ടറി വി. ശരത്, പ്രസിഡന്റ് ദണ്ഡപാണി എന്നിവർ സംസാരിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി ശിവദാസ് സമാരോപ് പ്രസംഗം നടത്തി. ഭാരവാഹികളായി ഷണ്മുഖൻ പ്രസിഡന്റ്, സെക്രട്ടറി ദണ്ഡപാണി എന്നിവരെ നിശ്ചയിച്ചു. എസ്. പ്രദീപ് സ്വാഗതവും ആർ. സുരേഷ് നന്ദിയും പറഞ്ഞു.




**ചുമട് മസ്ദൂർ സംഘം മേലാമുറി യൂണിറ്റ് വാർഷിക സമ്മേളനത്തിൽ ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ.പി.മുരളീധരൻ സമർപ്പണ നിധി ഏറ്റുവാങ്ങുന്നു.**

# കശുവണ്ടി കോർപ്പറേഷൻ : നടപടി പ്രതിഷേധാർഹം

**കൊല്ലം:** മിനിമം കൂലി പുതുക്കണമെന്നും തൊഴിൽ ദിനങ്ങൾ വർധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ചിറ്റുമലയിലെ ഫാക്ടറി പടിക്കൽ തൊഴിലാളികൾ നടത്തി വരുന്ന സമരം പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്ന കാഷ്യു കോർപറേഷൻ നടപടി തൊഴിലാളി വിരുദ്ധവും നീതി നിഷേധവുമാണെന്ന് കേരള സ്റ്റേറ്റ് കശുവണ്ടി വ്യവസായ മസ്ദൂർ സംഘ് (ബി.എം.എസ്.) ജില്ലാ ജനറൽ സെക്രട്ടറി പരിമണം ശശി പറഞ്ഞു.

തൊഴിലാളികൾക്ക് ഏഴു വർഷം മുൻപ് നിശ്ചയിച്ച കൂലി വളരെ അപര്യാപ്തമാണെന്നും വിലവർദ്ധനവിനും ജീവിത ചെലവിനും ആനുപാതികമായി കശുവണ്ടി തൊഴിലാളികളുടെ നിലവിലുള്ള കൂലിയും മറ്റ് ആനുകൂല്യങ്ങളും പുതുക്കി നിശ്ചയിക്കണമെന്നും സെക്രട്ടറി ആവശ്യപ്പെട്ടു. പ്രശ്നത്തിന് പരിഹാരം ഉണ്ടാകാത്തപക്ഷം യൂണിയൻ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകുന്നതാണെന്നും, കൊല്ലം മസ്ദൂർ ഭവനിൽ കൂടിയ യോഗം തീരുമാനിച്ചു.

യൂണിയൻ പ്രസിഡന്റ് അഡ്വ. ശിവകുമാർ അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ സെക്രട്ടറി ആർ. അജയൻ, യൂണിയൻ ഭാരവാഹികളായ തുളസീധരൻപിള്ള, സതീശൻ, സജീവ്, പ്രസന്നൻ, സുന്ദരൻ, സുധീഷ്, സേതുലാൽ, ബാബു, നസിയ, വിനോദ് രാജ് എന്നിവർ സംസാരിച്ചു.

# കോമളപുരം സ്പിന്നിങ് മിൽ യൂണിറ്റിൽ ബി. എം. എസിന് അംഗീകാരം

**ആലപ്പുഴ:** കേരള ടെക്സ്റ്റയിൽ കോർപ്പറേഷൻ യൂണിറ്റായ കോമളപുരം സ്പിന്നിങ് ആൻഡ് വീവിങ്ങ് മില്ലിലെ അംഗീകൃത തൊഴിലാളി യൂണിയനുകളെ തെരഞ്ഞെടുക്കുന്നതിനായി നടത്തിയ ഹിതപരിശോധനയിൽ ടെക്സ്റ്റൈൽ മസ്ദൂർ സംഘ്(ബി.എം.എസ്.) ചരിത്ര നേട്ടം കൈവരിച്ചു, 45 വോട്ടുകൾ നേടി മസ്ദൂർ സംഘ് അംഗീകൃത യൂണിയനായി. 295 തൊഴിലാളികൾക്കാണ് വോട്ട് അവകാശം ഉണ്ടായിരുന്നത്. 15 ശതമാനം വോട്ടു നേടിയാലാണ് അംഗീകാരം ലഭിക്കുന്നത്. സിഐടിയുവിനും എഐടിയുസിക്കും വോട്ട് ചോർച്ചയുണ്ടായി. ഏറ്റവും വലിയ തിരിച്ചടിയുണ്ടായത് സിഐടിയുവിനാണ്. അംഗത്വത്തിന് അനുസരിച്ച് ഇരു യൂണിയനുകൾക്കും വോട്ട് ലഭിച്ചില്ല. ബി.എം. എസിനെ കൂടാതെ സിഐടിയു, എഐടിയുസി, ടിയുസിഐ എന്നീ യൂണിയനുകൾക്കും അംഗീകാരം ലഭിച്ചു. ബി.എം.എസിന് ചരിത്രനേട്ടം സമ്മാനിച്ച തൊഴിലാളികൾക്ക് ടെക്സ്റ്റൈൽ മസ്ദൂർ സംഘ് പ്രസിഡന്റ് ബിനീഷ് ബോയിയും, സെക്രട്ടറി ആർ. രാജീവും നന്ദി അറിയിച്ചു.

# യൂണിറ്റ് വാർഷികം

**തിരുവനന്തപുരം :** തിരുവനന്തപുരം ജില്ലാ ഓട്ടോ മസ്ദൂർ സംഘം ഗാന്ധിപാർക്ക് പ്രീ പെയ്ഡ് യൂണിറ്റ് വാർഷികം അഡ്വ. എസ്. ആശാ മോൾ ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ജില്ലാ സെക്രട്ടറി കെ. ജയകുമാർ, ഓട്ടോ മസ്ദൂർ സംഘം ജനറൽ സെക്രട്ടറി ഇ.വി. ആനന്ദ്, ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി എസ്. ജയശങ്കർ, ഓട്ടോറിക്ഷാ മസ്ദൂർ സംഘം പ്രസിഡന്റ് മണികണ്ഠൻ ചാല, ബി.എം.എസ്. മേഖലാ പ്രസിഡന്റ് കുമാർ, ഖജാൻജി ഹരികൃഷ്ണൻ എന്നിവർ സംസാരിച്ചു. യോഗത്തിൽ മുതിർന്ന പൗരന്മാരെ ആദരിക്കുകയും അംഗങ്ങളുടെ കുട്ടികളുടെ കലാപരിപാടികൾ നടത്തുകയും ചെയ്തു.

# അനധികൃത കരാർ നിയമനങ്ങൾ അന്വേഷിക്കണം

**തൃശൂർ:** തൃശൂർ മെഡിക്കൽ കോളേജിലെയും, ആരോഗ്യ സർവകലാശാലയിലെയും അനധികൃത കരാർ നിയമനങ്ങളെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തണമെന്നും ചട്ട ലംഘനങ്ങൾക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കണമെന്നും ഫെഡറേഷൻ ഓഫ് എംപ്ലോയീസ് & ടീച്ചേഴ്സ് ഓർഗനൈസേഷൻ (ഫെറ്റോ) ജില്ലാ സമിതി ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് അധികൃതർക്ക് പരാതി നൽകുന്നതിനും ഫെറ്റോ തൃശൂർ ജില്ലാ സമിതി യോഗം തീരുമാനിച്ചു.

ജില്ലാ പ്രസിഡന്റ് കെ.കെ. ഗിരീഷ് കുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി ജയൻ പൂമംഗലം, കെ.കെ. സതീശൻ, അനൂപ് ശങ്കരപ്പിള്ള, ആർ. ശ്രീജിത്, പ്രസാദ്, പി.ബി. ഹരിദാസ്, വി. വിശ്വകുമാർ, ദേവദാസ് വർമ്മ, കെ. ഡി.മാധവദാസ്,എം.രാജഗോപാൽ തുടങ്ങിയവർ പ്രസംഗിച്ചു.

## കലണ്ടർ പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** ദേശീയ അധ്യാപക പരിഷത്ത് (എൻടിയു) പ്രസിദ്ധീകരിക്കുന്ന കലണ്ടർ പ്രകാശനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് പി. എസ്. ഗോപകുമാർ, വൈസ് പ്രസിഡന്റ് കെ. സ്മിതയ്ക്ക് നൽകിയാണ് പ്രകാശനം നിർവഹിച്ചത്. ജനറൽ സെക്രട്ടറി ടി. അനൂപ് കുമാർ, വൈസ് പ്രസിഡന്റ് ആർ. ജിഗി, ട്രഷറർ എം. ടി. സുരേഷ് കുമാർ, സെക്രട്ടറി ടി.ജെ. ഹരികുമാർ, വനിതാ വിഭാഗം കൺവീനർ പി. ശ്രീദേവി, ഹയർ സെക്കൻഡറി വിഭാഗം കൺവീനർ ജി. എസ്. ബൈജു, സംസ്ഥാന സമിതിയംഗം കെ.വി. ബിന്ദു എന്നിവർ സംസാരിച്ചു.

# കോമൺ സർവീസ് സെന്ററുകൾക്കെതിരെ വ്യാജപ്രചാരണം: കളക്ടർക്ക് നിവേദനം നൽകി




**കോഴിക്കോട്:** കേന്ദ്രസർക്കാരിന്റെ ഐടി ആൻഡ് ഇലക്ട്രോണിക്സ് മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന കോമൺ സർവീസ് സെന്റർ (സിഎസ്സി)കൾക്കെതിരെ നടക്കുന്ന ദുഷ്പ്രചാരണങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഭാരതീയ കോമൺ സർവീസ് സെന്റർ വർക്കേഴ്സ് സംഘ് (ബി.എം.എസ്.) ഭാരവാഹികൾ കോഴിക്കോട് ജില്ലാ കലക്ടർക്കു നിവേദനം സമർപ്പിച്ചു.

ഏകീകൃത സ്വഭാവത്തോടുകൂടി പ്രവർത്തിക്കുന്നവയാണ് സംസ്ഥാനത്ത് അക്ഷയകേന്ദ്രങ്ങൾക്ക് പുറമേ സർക്കാർ അംഗീകാരമുള്ള പൊതു സേവന കേന്ദ്രമായ സിഎസ്സി. അക്ഷയ കേന്ദ്രങ്ങൾക്കൊപ്പം അല്ലെങ്കിൽ അതിനേക്കാൾ മൂന്നിരട്ടി സർക്കാർ, സർക്കാർ ഇതര സേവനങ്ങൾ ജനങ്ങളിലേക്ക് ആധികാരികതയോടെ എത്തിക്കുന്ന കോമൺ സർവീസ് സെന്റർ വൻ മാറ്റമാണ് ഈ മേഖലയിൽ കൊണ്ടുവന്നത്. എന്നാൽ കേരളത്തിലെ സ്വകാര്യ ഓൺലൈൻ കേന്ദ്രങ്ങൾക്കൊപ്പം സിഎസ്സിയും വ്യാജമാണെന്ന് പ്രചരിപ്പിക്കുന്ന നടപടി നിരുത്തരവാദപരവും പ്രതിഷേധാർഹവുമാണെന്ന് സംഘടന വ്യക്തമാക്കി.

സ്വകാര്യ ഓൺലൈൻ കേന്ദ്രങ്ങൾക്കെതിരെ നിരവധി പരാതികൾ സംഘടന സർക്കാറിനും ജില്ലാ അധികൃതർക്കും സമർപ്പിച്ചിരുന്നുവെങ്കിലും ഇതേവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അക്ഷയ കേന്ദ്രങ്ങൾ ഒഴികെ എല്ലാ ഓൺലൈൻ കേന്ദ്രങ്ങളും വ്യാജമാണെന്ന പ്രചാരണത്തിലൂടെ സിഎസ്സി കേന്ദ്രങ്ങളും വ്യാജമാണെന്ന് പരോക്ഷമായി തെറ്റായ വാർത്ത ജനങ്ങളിലേക്ക് നൽകാൻ ശ്രമിക്കുന്നതിനെ അംഗീകരിക്കാൻ കഴിയില്ലെന്നും ജില്ലാ കലക്ടർക്ക് നൽകിയ നിവേദനത്തിൽ ഭാരതീയ കോമൺ സർവീസ് സെന്റർ വർക്കേഴ്സ് സംഘ് അറിയിച്ചു.

വ്യാജപ്രചരണങ്ങൾ അവസാനിപ്പിക്കാനും സ്വകാര്യ ഓൺലൈൻ കേന്ദ്രങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു. ജില്ലാ അധ്യക്ഷൻ എ. ശശീന്ദ്രൻ, ജനറൽ സെക്രട്ടറി അഖിൽ ചന്ദ്രൻ, സാബു എന്നിവർ നിവേദക സംഘത്തിലുണ്ടായിരുന്നു.

വിഷയത്തിൽ ഉടൻ നടപടി സ്വീകരിക്കാമെന്ന് കളക്ടർ അറിയിച്ചതായി യൂണിയൻ ഭാരവാഹികൾ അറിയിച്ചു.




**അശാസ്ത്രീയമായ ടോൾബൂത്ത് നിർമ്മാണത്തിനെതിരെ ബി.എം.എസ്. മലമ്പുഴ മേഖല കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ ജില്ലാ വൈസ് പ്രസിഡന്റ് പി.കെ.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു.**

# പൊരിയാനിയിലെ ടോൾ ബൂത്ത് മാറ്റിസ്ഥാപിക്കണം

**പാലക്കാട്**: കോഴിക്കോട് ദേശീയ പാതയിലെ മുണ്ടൂർ പൊരിയാനിയിൽ അശാസ്ത്രീയമായ ടോൾ ബൂത്ത് നിർമ്മാണത്തിനെതിരെ ബി.എം.എസ്. മലമ്പുഴ മേഖല സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ ബി.എം.എസ്. ജില്ലാ വൈസ് പ്രസിഡന്റ് പി.കെ. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു.

ടോൾബൂത്ത് പൊരിയാനിയിൽ സ്ഥാപിക്കുന്നത് മൂലം കോങ്ങാട്, പറളി ഭാഗത്ത്നിന്നും വരുന്ന യാത്രക്കാർ ടോൾ കൊടുത്ത് വരേണ്ട അവസ്ഥയാണ് എന്നും, ടോൾ ബൂത്ത് പൊരിയാനിയിൽ നിന്ന് മാറ്റി സ്ഥാപിക്കണമെന്നും അല്ലാത്ത പക്ഷം ശക്തമായ പ്രതിഷേധപരിപാടികളുമായി ബി.എം.എസ്. മുന്നോട്ടു പോകുമെന്നും അദ്ദേഹം പറഞ്ഞു.

മേഖലാ പ്രസിഡന്റ് എൽ. പ്രകാശൻ അധ്യക്ഷത വഹിച്ചു. മേഖലാ സെക്രട്ടറി വിപിൻ സ്വാഗതം പറഞ്ഞു. വാർഡ് മെമ്പർ മാധവദാസ് ആശംസകൾ അർപ്പിച്ചു. ബി.എം.എസ്. മുണ്ടൂർ പഞ്ചായത്ത് സെക്രട്ടറി ഗോപി നന്ദി പ്രകാശിപ്പിച്ചു.



**നിർമ്മാണ തൊഴിലാളി സംഘം ഫറോക്ക് മുനിസിപ്പൽ സമ്മേളനം ബി.എം.എസ്. സംസ്ഥാന സമിതി അംഗം പി.പരമേശ്വരൻ ഉദ്ഘാടനം ചെയ്യുന്നു.**

# വയോജനങ്ങളുടെ സംരക്ഷണം സർക്കാരിന്റെ കടമ

**തൃശൂർ**: വയോജനങ്ങളുടെ സംരക്ഷണം സർക്കാരിന്റെ ബാധ്യതയാണെന്ന് ബി.എം.എസ്. ജില്ലാ പ്രസിഡന്റ് എം.കെ. ഉണ്ണികൃഷ്ണൻ പ്രസ്താവിച്ചു. ലോക രാഷ്ട്രങ്ങൾക്കു മുന്നിൽ ഭാരതത്തെ ഒന്നാമതാക്കുന്നതിന് വയോജനങ്ങൾ അവരുടെ ശ്രേഷ്ഠ ജീവിതം ഉപയോഗിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നമ്മുടെ സംസ്കാരത്തിന് അനുസൃതമായ രീതിയിൽ ഭാവിതലമുറയെ വാർത്തെടുക്കുന്നതിന് പ്രവർത്തിക്കാൻ വയോജനങ്ങൾക്ക് സാധിക്കണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി. സീനിയർ സിറ്റിസൺ സംഘ് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡന്റ് എം.ആർ. രഘുനാഥൻ അധ്യക്ഷത വഹിച്ചു. രാഷ്ട്രീയ സ്വയം സേവക സംഘം സാമാജിക് സമരസത പ്രാന്തീയ സംയോജകൻ വി.കെ. വിശ്വനാഥൻ (വിശ്വൻ പാപ്പ) മുഖ്യ പ്രഭാഷണം നടത്തി. കെ.എൻ. വിജയൻ (ബി.എം.എസ്. ജില്ലാ സെക്രട്ടറി), എ.സി. കൃഷ്ണൻ (സ്വാഗതസംഘം ചെയർമാൻ), വി. കൊച്ചു മാധവൻ (ആർ.എസ്.എസ്. പൂങ്കുന്നം നഗർ സംഘചാലക്), കെ.കെ. സതീശൻ (പെൻഷൻ സംഘ് ജില്ലാ സെക്രട്ടറി), വി. വിശ്വകുമാർ (എൻ.ജി.ഒ. സംഘ് സംസ്ഥാന ജോയിന്റ് സെക്രട്ടറി), ഇ.പി. ഗിരീഷ് (കെ.എസ്.ടി. എംപ്ലോയീസ് സംഘ് ജില്ലാ സെക്രട്ടറി), ജയൻ പൂമംഗലം (ഫെറ്റോ ജില്ലാ സെക്രട്ടറി) എന്നിവർ സംസാരിച്ചു.

ജില്ലാ സെക്രട്ടറി എം.എസ്. രാജൻ പ്രവർത്തന റിപ്പോർട്ടും ട്രഷറർ ടി.എസ്. അരുണൻ വരവു ചെലവ് കണക്കുകളും അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ചന്ദ്രൻ നെടുമ്പ്രക്കാട്, സംസ്ഥാന ട്രഷറർ ടി.ആർ. മോഹനൻ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ഇന്ദിരാദേവി ടീച്ചർ, കെ. രാധാകൃഷ്ണൻ എന്നിവർ സംഘടനാ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. വി. സുധാകരൻ (സംസ്ഥാന സെക്രട്ടറി) സി. ശക്തിധരൻ (സംസ്ഥാന സമിതി അംഗം) എന്നിവർ പ്രമേയങ്ങൾ അവതരിപ്പിച്ചു. സംഘടനാ തെരഞ്ഞെടുപ്പിനു ശേഷം നടന്ന സമാപന സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി കെ.വി. അച്യുതൻ ഉദ്ഘാടനം ചെയ്തു.



**സീനിയർ സിറ്റിസൺ സംഘ് തൃശ്ശൂർ ജില്ലാ സമ്മേളനം ബി.എം.എസ്. ജില്ലാ പ്രസിഡന്റ് എം.കെ.ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.**

# മാഹിയിൽ പുതിയ പാലം നിർമിക്കണം

**–ഓട്ടോറിക്ഷാ മസ്ദൂർ സംഘം**

**ന്യൂമാഹി:** കണ്ണൂർ ജില്ലയേയും മാഹിയേയും ബന്ധിപ്പിക്കുന്നതും, കാലപ്പഴക്കത്താൽ ബലക്ഷയം നേരിടുന്നതുമായ മാഹി പാലം എത്രയും പെട്ടെന്ന്



**സമ്മേളനം ബി.എം.എസ്. കണ്ണൂർ ജില്ലാ പ്രസിഡന്റ് സി.വി.തമ്പാൻ ഉദ്ഘാടനം ചെയ്യുന്നു**

പുതുക്കി പണിയണമെന്ന് ഓട്ടോറിക്ഷാ മസ്ദൂർ സംഘം ന്യൂമാഹി യൂണിറ്റ് വാർഷിക സമ്മേളനം അധികൃതരോട് ആവശ്യപ്പെട്ടു. ബി.എം.എസ്. കണ്ണൂർ ജില്ലാ പ്രസിഡന്റ് സി.വി. തമ്പാൻ ഉദ്ഘാടനം ചെയ്തു. യൂനിറ്റ് പ്രസിഡന്റ് സത്യൻ ചാലക്കര അധ്യക്ഷത വഹിച്ചു. ഓട്ടോറിക്ഷ മസ്ദൂർ സംഘ് ജില്ലാ ജനറൽ സെക്രട്ടറി കെ.കെ. സുരേഷ്ബാബു, ജില്ലാ വൈസ് പ്രസിഡന്റ് വി.വി. അനിൽകുമാർ, ബി.എം.എസ്. തലശ്ശേരി മേഖല സെക്രട്ടറി കെ. ദേവരാജൻ, വൈസ് പ്രസിഡന്റ് കെ. രാജൻ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിന് മുന്നോടിയായി ന്യൂമാഹി ടൗണിൽ പതാകയുയർത്തി. യൂനിറ്റ് സെക്രട്ടറി ബിജേഷ് പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ.പി. രാജൻ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. കെ.കെ. സജീവൻ മസ്ദൂർ ഗീതം ആലപിച്ചു.

**പുതിയ ഭാരവാഹികൾ**

വി.വി. അനിൽകുമാർ (പ്രസിഡന്റ്), സി. പ്രവീൺകുമാർ, സി. സുരേഷ് ബാബു, കെ. സത്യൻ (വൈസ് പ്രസിഡന്റുമാർ), ബിജേഷ് തയ്യിൽ (സെക്രട്ടറി), കെ.കെ. സജീവൻ, കെ. രാജൻ, കെ. പ്രജോഷ് (ജോ. സെക്രട്ടറിമാർ), കെ.പി. രാജൻ (ട്രഷറർ) എന്നിവരെ സമ്മേളനം തെരഞ്ഞെടുത്തു.




**എൻ.ജി.ഒ സംഘ് വനിതാ വിഭാഗം ഫെബ്രുവരി 17 ന് നടത്തുന്ന സെക്രട്ടേറിയറ്റ് ധർണ്ണയുടെ പ്രചാരണത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട സിവിൽ സ്റ്റേഷന് മുന്നിൽ നടത്തിയ ധർണ്ണ കെ.ജി.ഒ. സംഘ് തൃശൂർ ജില്ലാ സെക്രട്ടറി എം.കെ.നരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.**



**കെ.എസ്.ആർ.ടി.സി. പാലക്കാട് ഡിപ്പോയിൽ നടന്ന പ്രതിഷേധ പൊതുയോഗം കെ.എസ്.ടി.എംപ്ലോയീസ് സംഘ് സംസ്ഥാന സെക്രട്ടറി പി.കെ.ബൈജു ഉദ്ഘാടനം ചെയ്യുന്നു.**

# കെ.എസ്.ടി. എംപ്ലോയീസ് സംഘ് പ്രതിഷേധിച്ചു

**പാലക്കാട്** – കെ.എസ്.ആർ.ടി.സിയിലെ മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം ഇരട്ടിയാക്കുന്ന അശാസ്ത്രീയ ഡ്യൂട്ടി പരിഷ്കരണം ഏകപക്ഷീയമായി അടിച്ചേൽപിക്കുന്ന ഇടതു സർക്കാർ നയത്തിനെതിരെ കെ.എസ്.ടി. എംപ്ലോയീസ് സംഘിന്റെ നേതൃത്വത്തിൽ പാലക്കാട് ഡിപ്പോയിൽ പ്രതിഷേധ പ്രകടനവും പൊതുയോഗവും നടത്തി. സംസ്ഥാന സെക്രട്ടറി പി.കെ. ബൈജു ഉദ്ഘാടനം ചെയ്തു.

യാതൊരുവിധ അടിസ്ഥാന സൗകര്യവും ഒരുക്കാതെയുള്ള അശാസ്ത്രീയ പരിഷ്കരണങ്ങൾ അംഗീകരിക്കാനാവില്ലെന്നും കാലങ്ങളായി കെ.എസ്.ആർ.ടി.സി. പുതിയ ബസുകളൊന്നും വാങ്ങാത്തതിനാൽ കാലപ്പഴക്കം ചെന്ന ബസുകൾ പണിയെടുക്കാൻ നിലവിലുള്ള സമയംതന്നെ അപര്യാപ്തമായിരിക്കെ പരിഷ്ക്കരണത്തിന്റെ പേരിൽ അധികഭാരം അടിച്ചേല്പിക്കുന്ന ഇടതു സർക്കാർ സ്വേച്ഛാധിപത്യമാണ് നടപ്പാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ജീവനക്കാരെ വിശ്വാസത്തിലെടുക്കാതെ കാടൻ പരിഷ്കാരങ്ങൾ അടിച്ചേൽപ്പിക്കുന്ന സർക്കാർ ജനാധിപത്യ സമൂഹത്തിന് അപമാനമാണെന്നും ഇതിനെ ജീവനക്കാരെ അണിനിരത്തി ചെറുത്തു തോൽപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് കെ.പി. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. എൽ. രവിപ്രകാശ്, എസ്. സരേഷ് എന്നിവർ സംസാരിച്ചു. സി. രാജഗോപാൽ, നാഗനന്ദകുമാർ, ആർ. ശിവകുമാർ, എ. വിനോദ് എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി.



**അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് സംഘ് മീഞ്ച യൂണിറ്റ് (കാസർഗോഡ്) ജില്ലാ പ്രസിഡന്റ് സിന്ധു മനോരാജ് ഉദ്ഘാടനം ചെയ്യുന്നു.**

# വേമ്പനാട്ടുകായൽ : തീരുമാനം പുനഃപരിശോധിക്കണം

വേമ്പനാട്ടുകായലിൽ കുറുകെ 1974 നിർമ്മിച്ച തണ്ണീർമുക്കം ബണ്ട് 1976 മുതൽ പ്രവർത്തനക്ഷമമാണ്. നാളിതുവരെ ആദ്യകാലത്ത് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം നടന്നുവരികയും എന്നാൽ കഴിഞ്ഞ നാലുവർഷക്കാലമായി ബന്ധപ്പെട്ട സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും അനാസ്ഥ മൂലം വ്യവസ്ഥയ്ക്ക് വിപരീതമായി തുറക്കുകയും അടയ്ക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉൾനാടൻ മേഖലയിൽ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം വരികയും വേമ്പനാട്ട് കായലിലെ മത്സ്യസമ്പത്ത് പൂർണ്ണമായും നശിക്കുകയും ചെയ്തിരിക്കുന്നു.

കായൽകൃഷി ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. പത്മകുമാറിന്റെ നേതൃത്വത്തിൽ യാതൊരുവിധ പഠനവും നടത്താതെ തണ്ണീർമുക്കം ബണ്ട് വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും അടിസ്ഥാനത്തിൽ തുറക്കാനും അടയ്ക്കാനും ഉള്ള തീരുമാനം വേമ്പനാട്ടുകായലിലും അനുബന്ധമേഖലയിലും തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കും. ഈ നിലപാട് പുനപരിശോധിക്കുകയും ഇത് സംബന്ധിച്ച ചർച്ചകളിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി തൊഴിലാളികളുടെ ആശങ്ക പരിഹരിക്കുകയും ചെയ്യാത്ത പക്ഷം കേരള പ്രദേശ് മത്സ്യത്തൊഴിലാളി സംഘം ശക്തമായ സമരപരിപാടിയുമായി മുന്നോട്ടുപോകുമെന്ന് യൂണിയൻ ആലപ്പുഴ ജില്ലാ സമിതി തീരുമാനിച്ചു.

യൂണിയൻ ജില്ലാ പ്രസിഡന്റ് അഭിലാഷ് ബേർളി, ജനറൽ സെക്രട്ടറി കെ.റ്റി. രാജു, അൽഫോൺസ് മാമ്മച്ചൻ അർത്തുങ്കൽ, ഉദയഭാനു, റോയി കാട്ടൂർ എന്നിവർ സംസാരിച്ചു.



**കാസറഗോഡ് ജില്ലാ ഓട്ടോറിക്ഷ മസ്ദൂർ സംഘം പൊയ്നാച്ചി യൂണിറ്റ് വാർഷിക സമ്മേളനം ഓട്ടോറിക്ഷ മസ്ദൂർ സംഘം ജില്ലാ സെക്രട്ടറി കെ.വി.ബാബു ഉദ്ഘാടനം ചെയ്യുന്നു.**

## കേരള തയ്യൽ മസ്ദൂർ ഫെഡറേഷൻ സംസ്ഥാന സമ്മേളനം

# ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ വിവേചനം അരുത്



സമ്മേളനം ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു

**തൃശ്ശൂർ :** ക്ഷേമ ബോർഡിൽ അംഗങ്ങളായ തയ്യൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ വിവേചനം കാണിക്കരുതെന്നും, അംഗ തൊഴിലാളികളുടെ കുട്ടികൾക്കുള്ള ധനസഹായം ആൺ/പെൺ വ്യത്യാസമില്ലാതെ അനുവദിക്കണമെന്നും ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ആവശ്യപ്പെട്ടു. കേരള തയ്യൽ മസ്ദൂർ ഫെഡറേഷൻ 5-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രതിനിധി സമ്മേളനം തൃശൂർ വൃന്ദാവൻ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആനുകൂല്യങ്ങൾഅടിയന്തിരമായി വർദ്ധിപ്പിക്കുക, ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സർവീസ് കാലാവധി മൂന്ന് വർഷമാക്കിയ ബോർഡിന്റെ തീരുമാനം തിരുത്തുക, മുഴുവൻ തൊഴിലാളികളെയും ഇഎസ്ഐ പദ്ധതിയിൽ ഉൾപ്പെടുത്തുക, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, ക്ഷേമനിധി ബോർഡിൽ ബി.എം.എസ്. പ്രതിനിധിയെ ഉൾപ്പെടുത്തുക, നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് തടയുക. തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു. ഫെഡറേഷൻ പ്രസിഡന്റ് അഡ്വ. എസ്. ആശാമോൾ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബി.എം.എസ്. സംസ്ഥാന ഖജാൻജി സി. ബാലചന്ദ്രൻ, ബി.എം.എസ്. തൃശൂർ ജില്ലാ സെക്രട്ടറി കെ.എൻ. വിജയൻ എന്നിവർ സംസാരിച്ചു.

ഫെഡറേഷൻ ജനറൽ സെക്രട്ടറി കെ. ജയൻ സംഘടനാ റിപ്പോർട്ടും ട്രഷറർ പി. മോഹനൻ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു.

പുതിയ ഭാരവാഹികളെ ബി.എം.എസ്. സംസ്ഥാന ഖജാൻജി സി. ബാലചന്ദ്രൻ പ്രഖ്യാപിച്ചു. പ്രസിഡന്റ് സോണി സത്യൻ, ജനറൽ സെക്രട്ടറി കെ. ജയൻ, ട്രഷറർ പി. മോഹനൻ എന്നിവരടക്കം 15 ഭാരവാഹികളും 14 പ്രവർത്തക സമിതി അംഗങ്ങളും ഉൾപ്പെടുന്ന 39 അംഗ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.

ബി.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ. അജിത്ത് സമാപന പ്രസംഗം നടത്തി. ഫെഡറേഷൻ സെക്രട്ടറിമാരായ പി.കണ്ണൻ സ്വാഗതവും, അനിൽ ബി നായർ നന്ദിയും പ്രകാശിപ്പിച്ചു.



പ്രസിഡന്റ്
സോണി സത്യൻ



ജനറൽ സെക്രട്ടറി
കെ. ജയൻ

# സർക്കാർ ജീവനക്കാരെ പണിമുടക്കിലേക്ക് തള്ളിവിടരുത്



ഫെറ്റോ സംസ്ഥാന കൺവെൻഷൻ ബി.എം.എസ്. ദേശീയ സമിതിയംഗം കെ.കെ.വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

**തിരുവനന്തപുരം** : കേരളത്തിലെ സർക്കാർ ജീവനക്കാരുടെ അവകാശങ്ങളെല്ലാം നിഷേധിച്ച് കൊണ്ട് സർവീസ് മേഖലയെ പണിമുടക്കിലേക്ക് തള്ളിവിടുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് ബി.എം.എസ്. ദേശീയ സമിതി അംഗം കെ.കെ. വിജയകുമാർ പറഞ്ഞു. ഫെറ്റോ സംസ്ഥാന കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പിണറായി സർക്കാരിന്റെ ഭരണം ജീവനക്കാർക്കും പെൻഷൻകാർക്കും ദുരിതകാലമായി മാറി. വിലക്കയറ്റം അതിരൂക്ഷമായ അവസ്ഥയിൽ പോലും രണ്ടു വർഷമായി ക്ഷാമബത്ത സർക്കാർ നിഷേധിക്കുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ലോകത്തിനു മുന്നിൽ രാജ്യത്തെ ശക്തമായി നയിച്ചുകൊണ്ടിരിക്കുന്ന നരേന്ദ്ര മോദി സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന നടപടികളിൽ നിന്നും പിന്തിരിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എം. ശിവദാസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എസ്.കെ. ജയകുമാർ, എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് ടി.എൻ. രമേശ്, ജനറൽ സെക്രട്ടറി എ. പ്രകാശ്, എൻ.ടി.യു. സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് കുമാർ, പെൻഷനേഴ്സ് സംഘ് ജനറൽ സെക്രട്ടറി സി. സുരേഷ് കുമാർ, ട്രഷറർ കെ.പി. രാജേന്ദ്രൻ, ഫെറ്റോ നേതാക്കന്മാരായ ബി. മനു, ഇ.പി. പ്രദീപ്, ടി.ഐ. അജയകുമാർ, ആർ. ഹരികൃഷ്ണൻ, അനിൽകുമാർ, പ്രദീപ് ഡി. ഷേണായി, എസ്. അരുൺകുമാർ, ബി. എസ്. ഭദ്രകുമാർ എന്നിവർ സംസാരിച്ചു. യാത്രയയപ്പ് സമ്മേളനം ആർ.ആർ.കെ.എം.എസ്. അഖിലേന്ത്യാ ഉപാധ്യക്ഷൻ പി. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം ബി.എം.എസ്. ദക്ഷിണമേഖലാ സഹ സംഘടനാ കാര്യദർശി എം.പി. രാജീവൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡന്റായി എസ്.കെ. ജയകുമാറിനെയും (എൻ.ജി.ഒ. സംഘ്) ജനറൽ സെക്രട്ടറിയായി പി.എസ്. ഗോപകുമാറിനെയും (എൻ.ടി.യു.) ട്രഷറർ ആയി ജയപ്രസാദ് (ഗവ. പ്രസ്സ് വർക്കേഴ്സ് സംഘ്), മറ്റ് ഭാരവാഹികളായി അനിതാ രവീന്ദ്രൻ (എൻ.ജി.ഒ. സംഘ്), കെ.കെ. ശ്രീകുമാർ (പെൻഷനേഴ്സ് സംഘ്), കെ.എം. രാജീവ് (കെ.ജി.ഒ. സംഘ്), പി. അനിൽകുമാർ (കെ.എം.സി.എസ്.എസ്.), ബി. ഉണ്ണികൃഷ്ണൻ നായർ (പ്രൈവറ്റ് കോളേജ് എംപ്ലോയീസ് സംഘ്), സെക്രട്ടറിമാരായി കെ. സ്മിത ടീച്ചർ (എൻ.ടി.യു.) ആർ. ശ്രീകുമാരൻ (എൻ.ജി.ഒ. സംഘ്), പൂന്തുറ സുദർശനൻ (സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ്), സജീവ് തങ്കപ്പൻ (പി.എസ്.സി. എംപ്ലോയീസ് സംഘ്), ബി.എസ്. ഭദ്രകുമാർ (ഫോറസ്റ്റ് പ്രൊറ്റക്റ്റീവ് സ്റ്റാഫ് സംഘ്), എസ്. അരുൺകുമാർ (ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് സംഘ്) എന്നിവരെയും തെരഞ്ഞെടുത്തു.

ഫെറ്റോ സംസ്ഥാന കൺവെൻഷൻ അംഗീകരിച്ച പ്രമേയങ്ങൾ

1. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക,

2. ക്ഷാമബത്ത കുടിശ്ശിക മുഴുവൻ അനുവദിക്കുക,

3. ലീവ് സറണ്ടർ പുനസ്ഥാപിക്കുക, പെൻഷൻ പ്രായം 60 ആയി ഉയർത്തി ഏകീകരിക്കുക,

4. സർക്കാർ പങ്കാളിത്തത്തോടെ മെഡിസെപ്പ് വിപുലീകരിക്കുക,

5. അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുക,

6. ശമ്പള പരിഷ്ക്കരണ കുടിശ്ശിക ഉടൻ അനുവദിക്കുക.



എസ്.കെ.ജയകുമാർ
പ്രസിഡന്റ്



പി.എസ്.ഗോപകുമാർ
ജനറൽ സെക്രട്ടറി

# ബി.എം.എസ്. പ്രവർത്തകർ സേവനത്തിന്റെ പാതയിൽ

**കാസർഗോഡ്:** തകർന്ന് വീഴാറായ കാസർഗോഡ് കടപ്പുറത്തെ കാർത്ത്യായനി അമ്മയുടെ വീട് കേരള പ്രദേശ് മത്സ്യതൊഴിലാളി സംഘത്തിന്റെ പ്രവർത്തകർ വാസയോഗ്യമാക്കി കൊടുത്തു.

ജില്ലാസെക്രട്ടറി ദിനേഷ്, പ്രസിഡന്റ് ശരത്ത്, ട്രഷറർ രമേശൻ, ടൗൺ സെക്രട്ടറി ശിവപ്രസാദ്, രതീശൻ യൂണിറ്റ് സെക്രട്ടറി രഞ്ജു. ശശി, രതീഷ്, ജനാർദ്ദനൻ, തുടങ്ങിയ പ്രവർത്തകരും പങ്കെടുത്തു.



കേരള പ്രദേശ് മത്സ്യത്തൊഴിലാളി സംഘ് കാസർഗോഡ് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ കാർത്യായനിഅമ്മയുടെ വീട് പുനർനിർമ്മിക്കുന്നു.

# ആദ്യ മുഖപ്രസംഗം നൽകുന്ന പ്രേരണ

**നാല്** പതിറ്റാണ്ട് പിന്നിട്ട മസ്ദൂർ ഭാരതി മലയാളത്തിലെ തൊഴിലാളികളുടെ വാർത്താ പത്രിക എന്ന നിലയ്ക്ക് തുടക്കം കുറിച്ചത് 1979 മെയ് മാസത്തിലാണ്. "തൊഴിലാളികൾക്ക് വേണ്ടി തൊഴിലാളികളാൽ" എന്ന ആ മുഖപ്രസംഗത്തിൽ മസ്ദൂർ ഭാരതിയുടെ ദൗത്യം എന്താണെന്ന് വ്യക്തമായി പറയുന്നുണ്ട്. ആ ദൗത്യം കേരളത്തിലെ തൊഴിലാളി സമൂഹം ഏറ്റെടുത്തു എന്നതിന്റെ തെളിവാണ് മസ്ദൂർ ഭാരതിയുടെ വായനക്കാർ മൂന്നു ലക്ഷത്തിലധികവും, വരിക്കാരുടെ എണ്ണം എൺപത്തിനായിരത്തിലധികവുമായി ഉയർന്നിട്ടുള്ളത്.

രാഷ്ട്രീയ താല്പര്യങ്ങളുടെ കെട്ടുപാടിൽ തൊഴിലാളി താല്പര്യം ബലികഴിക്കുന്ന തൊഴിലാളി സംഘടനകളാണ് ഇന്ന് രാജ്യത്തുള്ളവയിൽ പലതും. അവർക്ക് അവരുടെ യജമാനന്മാരുടെ നിയന്ത്രണങ്ങൾക്ക് വിധേയമായേ പ്രവർത്തിക്കാനാകൂ. തൊഴിലാളി താല്പര്യവും രാഷ്ട്ര താല്പര്യവും മാത്രമാണ് ബി.എം.എസ്സിന് ഹിതമായിട്ടുള്ളത്. അതാണ് ബി.എം.എസ്സിന്റെ വളർച്ചയുടെ രഹസ്യവും.

നാൽപതു വർഷം പിന്നിട്ട മസ്ദൂർ ഭാരതിയുടെ കാഴ്ചപ്പാട് ശരിയായിരുന്നു എന്നാണ് അതിന്റെ വളർച്ച തെളിയിക്കുന്നത്. മസ്ദൂർ ഭാരതിക്ക് കൂടുതൽ പ്രചാരണം നൽകാൻ ഇത് പ്രചോദനം നൽകേണ്ടതുണ്ട്.

**- പത്രാധിപർ**


മസ്ദൂർ ഭാരതി
MAZDOOR BHARATHI
Vol 1 No. 1 May 1979 Price 50 p.

തൊഴിലാളികൾക്കുവേണ്ടി
തൊഴിലാളികളാൽ

INTUC AITUC CITU ... BMS ...

**മസ്ദൂർ ഭാരതിയുടെ ആദ്യ ലക്കം**

# പാണത്തൂർ ലോറി അപകടത്തിൽ മരണമടഞ്ഞതൊഴിലാളികളെ അനുസ്മരിച്ചു

**കാസർഗോഡ്** : പാണത്തൂർ ലോറി അപകടത്തിൽ മരണമടഞ്ഞ ടിമ്പർ തൊഴിലാളികളായ എങ്കപ്പു, മോഹനൻ,നാരായണൻ,വിനോദ് എന്നിവരുടെ ഓർമ്മകൾക്ക് മുന്നിൽ ബി.എം.എസ്. പാണത്തൂർ മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന അനുസ്മരണ പരിപാടി ബി.എം.എസ്. പാണത്തൂർ മേഖല പ്രസിഡന്റ് സുരേഷ് പെരുമ്പള്ളിയുടെ അദ്ധ്യക്ഷതയിൽ ബി.എം.എസ്. ജില്ലാപ്രസിഡന്റ് വി.വി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

രാഷ്ട്രീയ സ്വയംസേവക സംഘം ഖണ്ഡ് സമ്പർക്ക പ്രമുഖ് വിനോദ് അടോട്ട് കയ, ബി.എം.എസ്. ജില്ലാസെക്രട്ടറി വി. ഗോവിന്ദൻ മടിക്കൈ, ഹെഡ്ലോഡ് & ജനറൽ മസ്ദൂർസംഘം ജില്ലാ സമിതി അംഗം രാമചന്ദ്ര സരളായ, വനവാസി വികാസകേന്ദ്രം കണ്ണൂർ വിഭാഗ് ഹിതരക്ഷാപ്രമുഖ് ഷിബു, ഹിന്ദു ഐക്യവേദി താലൂക്ക് സെക്രട്ടറി വിനോദ് എൻ.ആർ. ബി.എം.എസ്. ജില്ലാ ഭാരവാഹികളായ കെ.വി. ബാബു, വി.ബി. സത്യനാഥ്, മേഖലാ ഭാരവാഹികളായ യശോദ ആടകം, തങ്കച്ചൻ പാണത്തൂർ, എസ്.ബിജുകുമാര എന്നിവർ സംബന്ധിച്ചു. മേഖലാ സെക്രട്ടറി അനൂപ് കോളിച്ചാൽ സ്വാഗതവും രാമചന്ദ്രൻ പുല്ലടുക്കം നന്ദിയും രേഖപ്പെടുത്തി.



**പാണത്തൂർ ലോറി അപകടത്തിൽ മരണമടഞ്ഞ തൊഴിലാളികളുടെ അനുസ്മരണ യോഗം ബി.എം.എസ് ജില്ല പ്രസിഡന്റ് വി.വി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.**

# കേരള വൈദ്യുതി മസ്ദൂർ സംഘ് ധർണ്ണ നടത്തി

**തിരുവനന്തപുരം:** വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള വൈദ്യുതി മസ്ദൂർസംഘ് (കെ.വി.എം.എസ്) തിരുവനന്തപുരം വൈദ്യുതി ഭവന് മുന്നിൽ ധർണ നടത്തി. കെ.വി.എം.എസ്. സംസ്ഥാന പ്രസിഡന്റ് കെ.വി. മധുകുമാർ ധർണ ഉദ്ഘാടനം ചെയ്തു. തൊഴിലാളി പാർട്ടിയുടെ സർക്കാർ തൊഴിലാളിവിരുദ്ധ സർക്കാരായി മാറിയെന്ന് കെ.വി. മധുകുമാർ പറഞ്ഞു. തൊഴിലാളികളുടെ പടത്തലവൻ എന്ന് വിശേഷിപ്പിക്കുന്ന പിണറായി വിജയൻ ഭരിക്കുമ്പോഴാണ് തൊഴിലാളിവിരുദ്ധത കാട്ടുന്നത്. ഇടതുതൊഴിലാളി യൂണിയനുകൾ അന്യംനിന്നുകഴിഞ്ഞു. തൊഴിലാളിപ്രശ്നങ്ങളിൽ ഇടപെടാതെ ഏഴുവർഷമായി സമ്മേളനം മാത്രം നടത്തുന്ന സംഘടനയായി ഇടതുയൂണിയനുകൾ മാറിയെന്നും മധുകുമാർ പറഞ്ഞു.

ഡി.എ. കുടിശ്ശിക ഉടൻ നല്കുക, ലീവ് സറണ്ടർ ഉടൻ പുനഃസ്ഥാപിക്കുക, 12 മണിക്കൂർ ഡ്യൂട്ടി അവസാനിപ്പിക്കുക, സ്ഥാനക്കയറ്റങ്ങൾ സമയബന്ധിതമായി നല്കുക, ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ.

കെ.വി.എം.എസ്. തിരുവനന്തപുരം ജില്ലാപ്രസിഡന്റ് ശ്രീകുമാർ അദ്ധ്യക്ഷനായി. സംസ്ഥാന വർക്കിങ് പ്രസിഡന്റ് വി.ആർ. അനിൽ മുഖ്യപ്രഭാഷണം നടത്തി. ബി.എം.എസ്. ജില്ലാസെക്രട്ടറി ജയകുമാർ, കെ.വി.എം.എസ്. സംസ്ഥാന ജനറൽസെക്രട്ടറി ഗിരീഷ് കുളത്തൂർ, കൊല്ലം ജില്ലാ സെക്രട്ടറി കൊല്ലം അനിൽ, സംസ്ഥാന സെക്രട്ടറി അരുൺ, സംസ്ഥാന ജോയിന്റ് സെക്രട്ടറി രമേഷ് കുമാർ, ഷിജിൻ തുടങ്ങിയവർ സംസാരിച്ചു.




**കേരള വൈദ്യുതി മസ്ദൂർ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വൈദ്യുതി ഭവൻ ധർണ്ണ ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ.വി.മധുകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

## ആദരാഞ്ജലി



**ഇ.കെ. പ്രഹളാദൻ വയനാട്**

എൻ.ജി.ഒ.
സംഘ് പനമരം
മേഖലാ കൺവീനർ



**സത്യനാഥ് കണ്ണൂർ**

ഭാരതീയ പ്രൈവറ്റ്
ടെലികോം മസ്ദൂർ സംഘ്
ജില്ലാ പ്രസിഡന്റായിരുന്നു.



**ഗോപാലൻ നമ്പ്യാർ**

ബി.എം.എസ്. കോടഞ്ചേരി
പഞ്ചായത്ത് (കോഴിക്കോട്)
കമ്മറ്റിയുടെ മുൻ
പ്രസിഡന്റ്.

## ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2022 സെപ്റ്റംബർ,ഒക്ടോബർ മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 22-12-2022 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| | | ലിങ്കിങ് ഫാക്ടർ | വിലസൂചിക | | വിലസൂചിക | |
|---|---|---|---|---|---|---|
| | | | അടിസ്ഥാനവർഷം: 2011-12=100 | | അടിസ്ഥാനവർഷം: 1998-99=100 | |
| Sl. No. | സെന്റർ | | 2022 സെപ്റ്റംബർ | 2022 ഒക്ടോബർ | 2022 സെപ്റ്റംബർ | 2022 ഒക്ടോബർ |
| 1. | തിരുവനന്തപുരം | 2.11 | 194 | 192 | 409 | 405 |
| 2. | കൊല്ലം | 2.09 | 187 | 187 | 391 | 391 |
| 3. | പുനലൂർ | 2.10 | 196 | 195 | 412 | 410 |
| 4. | പത്തനംതിട്ട | 2.03 | 210 | 205 | 426 | 416 |
| 5. | ആലപ്പുഴ | 2.05 | 193 | 190 | 396 | 390 |
| 6. | കോട്ടയം | 2.08 | 195 | 195 | 406 | 406 |
| 7. | മുണ്ടക്കയം | 2.17 | 189 | 188 | 410 | 408 |
| 8. | ഇടുക്കി | 1.97 | 193 | 194 | 380 | 382 |
| 9. | എറണാകുളം | 2.03 | 189 | 189 | 384 | 384 |
| 10. | ചാലക്കുടി | 2.00 | 208 | 207 | 416 | 414 |
| 11. | തൃശൂർ | 1.87 | 200 | 200 | 374 | 374 |
| 12. | പാലക്കാട് | 2.09 | 184 | 184 | 385 | 385 |
| 13. | മലപ്പുറം | 2.00 | 187 | 186 | 374 | 372 |
| 14. | കോഴിക്കോട് | 2.02 | 193 | 192 | 390 | 388 |
| 15. | വയനാട് | 1.93 | 191 | 189 | 369 | 365 |
| 16. | കണ്ണൂർ | 2.02 | 198 | 195 | 400 | 394 |
| 17. | കാസർഗോഡ് | 2.05 | 197 | 194 | 404 | 398 |

# തോട്ടട ഇഎസ്ഐ ആശുപത്രിയുടെ സമഗ്രവികസനത്തിന് ശുപാർശ ചെയ്യും

## – വി. രാധാകൃഷ്ണൻ



കണ്ണൂർ: തോട്ടട ഇഎസ്ഐ ആശുപത്രിയുടെ സമഗ്രവികസനത്തിന് ആവശ്യമായ ശുപാർശ കേന്ദ്ര ഇഎസ്ഐ ബോർഡിന് കൈമാറുമെന്ന് ബോർഡ് മെമ്പറും ബി.എം.എസ്. ദേശീയ സെക്രട്ടറിയുമായ വി. രാധാകൃഷ്ണൻ പറഞ്ഞു. തോട്ടടയിലെ ഇഎസ്ഐ ആശുപത്രി സന്ദർശിച്ച് രോഗികളോടും ഉദ്യോഗസ്ഥരോടും ആശുപത്രി സംബന്ധിച്ച കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തോട്ടട ഇഎസ്ഐ ആശുപത്രിയെ ഉന്നതനിലവാരത്തിലേക്കുയർത്താനാണ് കോർപറേഷൻ ശ്രമിക്കുന്നത്. 50 കിടക്കകളുള്ള ആശുപത്രിയെ 100 കിടക്കയായി ഉയർത്താനുള്ള സൗകര്യം ഇവിടെയുണ്ട്. അടിസ്ഥാന സൗകര്യം വർധിപ്പിച്ചാലേ കൂടുതൽ രോഗികളെ പ്രവേശിപ്പിക്കാനാകൂ. മറ്റ് ആശുപത്രികളിൽ റഫർ ചെയ്യുന്ന രീതി മാറ്റിയെടുക്കാനാവണം. തോട്ടട ഇഎസ്ഐയിൽ എത്തുന്ന രോഗികൾക്കുള്ള മരുന്ന് ഇവിടെനിന്ന് തന്നെ നൽകാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കും. നിലവിൽ ആശുപത്രി ഫാർമസിയിൽ നിന്ന് മരുന്ന് നൽകാനായി ജീവനക്കാരനെ നിയമിക്കാൻ ഉടൻ നടപടിയെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

പദ്ധതിക്ക് കീഴിൽ വരുന്നവർക്ക് തൃപ്തികരമായ സേവനം ലഭ്യമാക്കാൻ ഇഎസ്ഐ കോർപ്പറേഷൻ പ്രതിജ്ഞാബദ്ധമാണ്. തൊഴിലാളിക്കും കുടുംബത്തിനും പ്രതിവർഷം ആളോഹരി പത്ത് ലക്ഷം രൂപയുടെ ചികിത്സാ സഹായം നല്കുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ സംവിധാനമാണ് ഇഎസ്ഐ



**ബി.എം.എസ്. ദേശീയ സെക്രട്ടറിയും ബോർഡ് മെമ്പറുമായ വി. രാധാകൃഷ്ണൻ തോട്ടട ഇ.എസ്.ഐ. ആശുപത്രി സന്ദർശിച്ചപ്പോൾ**

എന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പതിനൊന്ന് ഇഎസ്ഐ ആശുപത്രികളിൽ ഏറ്റവും മോശമായ സ്ഥിതിയിലുള്ള ആശുപത്രികളിൽ ഒന്നാണ് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള തോട്ടടയിലെ ആശുപത്രി. അമ്പത് പേരെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയിൽ ഒമ്പതോ പത്തോ പേരാണ് നിലവിൽ ചികിത്സയിലുള്ളത്. 53,000 തൊഴിലാളികൾ കണ്ണൂരിലും 11,000 പേർ കാസർഗോഡ് ജില്ലയിലും ഇഎസ്ഐയിൽ അംഗങ്ങളാണ്. ഇവരും ഇവരുടെ കുടുംബവും ചേർന്ന് രണ്ട്ലക്ഷത്തിലധികം ഗുണഭോക്താക്കൾ ആശുപത്രിക്ക് കീഴിലുണ്ട്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ഡോക്ടർമാരുടെയും ഉദ്യോഗസ്ഥരുടേയും എണ്ണക്കുറവും കാരണം തൊഴിലാളികൾ ചികിത്സതേടി എത്താത്ത സാഹചര്യമാണ്. രാവിലെ 8 മണി മുതൽ 1 മണി വരെ മാത്രമാണ് ഒപി സൗകര്യം ഉള്ളത്. ഇതിനെല്ലാം പരിഹാരം കാണേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ആശുപത്രിയുടെ ചുമതലയുള്ള സംസ്ഥാന തൊഴിൽ വകുപ്പിനും ഇഎസ്ഐ കോർപ്പറേഷനും വിശദമായ റിപ്പോർട്ട് ബോർഡ് അംഗമെന്ന നിലയിൽ അടുത്ത ദിവസംതന്നെ നല്കുമെന്ന് അദ്ദേഹം പറഞ്ഞു.

തോട്ടടയിലെ ആശുപത്രി നവീകരണത്തിന് കൂടുതൽ തുക അനുവദിക്കാൻ കോർപ്പറേഷനോടും സർക്കാരിനോടും ആവശ്യപ്പെടും. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് തൊഴിലാളികളെ ഇഎസ്ഐയിൽ അംഗമാക്കിയിട്ടുള്ളൂ. 21000 രൂപയിൽ ചുവടെ ശമ്പളമുള്ള പത്ത് തൊഴിലാളികളെങ്കിലുമുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളെയെല്ലാം നാമമാത്രമായ മാസതുകയടച്ച് ഇഎസ്ഐയിൽ അംഗമാക്കാവുന്നതാണ്. എന്നാൽ നല്ലൊരു വിഭാഗം സ്ഥാപനങ്ങളും ഈ സൗകര്യം തൊഴിലാളികൾക്ക് ചെയ്തുകൊടുക്കാത്ത സാഹചര്യമുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളിലെ അർഹരായ തൊഴിലാളികളെ മുഴുവൻ ഇഎസ്ഐയിൽ അംഗമാക്കാൻ പ്രത്യേക കാമ്പയിൻ നടത്താനുള്ള നടപടികളെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

ബി.എം.എസ്. ജില്ലാ പ്രസിഡന്റ് സി.വി. തമ്പാൻ, സെക്രട്ടറി എം. വേണുഗോപാൽ എന്നിവരും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

# കാർഷിക സർവകലാശാലയ്ക്ക് സ്ഥിരം വി.സി വേണം: എംപ്ലോയീസ് സംഘ്

**തൃശ്ശൂർ:** കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ തസ്തികയിലേക്ക് നിയമനം നടത്താൻ ചാൻസലറും സർക്കാരും മുൻകൈ എടുക്കണമെന്ന് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എംപ്ലോയീസ് സംഘ് ആവശ്യപ്പെട്ടു. ഒക്ടോബർ 8 മുതൽ വിസി സ്ഥാനം ഒഴിഞ്ഞു കിടക്കുകയാണ്. താത്കാലിക ചുമതല പ്രൊ ചാൻസലർ കൂടിയായ വകുപ്പ് മന്ത്രിയുടെ ശിപാർശ പ്രകാരം കാർഷികോല്പാദന കമ്മീഷണർ ഇഷിതാ റോയിക്ക് നൽകിയതിനെതിരെ ഇടത് അധ്യാപക സംഘടനയായ കാർഷിക സർവകലാശാലാ ടീച്ചേഴ്സ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ഡോ.പി.കെ.സുരേഷ്കുമാർ ഹൈക്കോടതിയിൽ നൽകിയ ഹർജി അനുകൂലമായി തീർപ്പാക്കിയിരുന്നു.

താത്കാലിക ചുമതല സർവകലാശാലയിലെ തന്നെ സീനിയർ പ്രൊഫസ്സർമാരിൽ ആർക്കെങ്കിലും നല്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കവെ ഡോ.കെ.ആര്യയ്ക്ക് വിസിയുടെ ചുമതല നൽകിയതായി സർക്കാരും അധിക ചുമതല വഹിക്കാൻ താൽപ്പര്യമില്ലെന്ന് ഇഷിതാ റോയിയും കോടതിയെ അറിയിച്ചിരുന്നു. ഇത് പരിഗണിച്ചാണ് ഹർജി തീർപ്പാക്കിയത്.

എന്നാൽ അതിനുശേഷവും സീനിയർ വിഷയം ഉയർത്തി വിസിക്കെതിരെ ഇടതു സംഘടനാ നേതാവ് കഴിഞ്ഞ ദിവസം രംഗത്തു വന്നിരുന്നു. അഞ്ചര വർഷം ഇരുപതോളം സീനിയർമാരെ മറികടന്ന് സ്വന്തം സംഘടനക്കാരനെ വെള്ളായണി കാർഷിക കോളേജിലെ ഡീനായി നിയമിച്ചത് മറച്ചുവച്ചാണ് ഈ നീക്കങ്ങളെന്ന് എംപ്ലോയീസ് സംഘ് പ്രസിഡന്റ് അജി വി.എൻ., ജനറൽ സെക്രട്ടറി അനൂപ് ശങ്കരപ്പിള്ള എന്നിവർ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെ ഇൻചാർജ് ഭരണത്തിന്റെ ആനുകൂല്യവും ഇടത് സംഘടനാ അംഗങ്ങൾ ആസ്വദിക്കുകയാണ്. ഈ വിഷയങ്ങളിൽ കൂടി കേസിനു പോയി മാതൃക കാട്ടണമെന്ന് എംപ്ലോയീസ് സംഘ് നേതാക്കൾ പരിഹസിച്ചു.

# ലീവ് സറണ്ടർ ഇടതുസർക്കാർ ജീവനക്കാരെ കബളിപ്പിക്കുന്നു - എൻ.ജി.ഒ. സംഘ്

**തിരുവനന്തപുരം:** ജീവനക്കാരുടെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ലഭ്യമായിരുന്ന ലീവ് സറണ്ടർ മൂന്ന് മാസം കഴിഞ്ഞു അനുവദിച്ച് നാല് വർഷത്തിന് ശേഷം ലഭ്യമാക്കുമെന്ന് പറഞ്ഞുകൊണ്ട് സർക്കാർ ഇറക്കിയ ഉത്തരവ് പുതുവർഷത്തിൽ ജീവനക്കാരെ കബളിപ്പിക്കുന്നതും വിചിത്രവുമാണെന്ന് എൻ.ജി.ഒ. സംഘ്. നാല് വർഷം കഴിഞ്ഞു മാത്രമേ ലീവ് സറണ്ടർ തുക ജീവനക്കാർക്ക് പണമായി ലഭിക്കുകയുള്ളൂ എന്നാണ് ഉത്തരവിൽ പറയുന്നത്. അതിനുവേണ്ടി ഇപ്പോൾ ഇത്തരത്തിൽ ഒരു ഉത്തരവ് ഇറക്കേണ്ട സാഹചര്യം എന്താണെന്ന് സർക്കാർ വ്യക്തമാക്കണം. ചുരുക്കത്തിൽ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ സറണ്ടർ ആനുകൂല്യം ലഭിക്കില്ലെന്ന് ഉറപ്പായിരിക്കുകയാണ്.

ഈ സർക്കാർ രണ്ടാമതും അധികാരത്തിൽ വന്ന ശേഷം ഒരു രൂപയുടെ പോലും ആനുകൂല്യം ജീവനക്കാർക്ക് അനുവദിച്ചിട്ടില്ല. മാത്രമല്ല നിലവിലുള്ള ആനുകൂല്യങ്ങൾ ഒന്നൊന്നായി ഇല്ലാതാക്കുകയുമാണ്. വിലക്കയറ്റം അതിരൂക്ഷമായി തുടരുമ്പോഴും കഴിഞ്ഞ രണ്ടര വർഷത്തെ അഞ്ചു ഗഡു ക്ഷാമബത്ത കുടിശ്ശികയായി കഴിഞ്ഞു. ലീവ് സറണ്ടറിന്റെ പേരിൽ ഇറക്കിയ വിചിത്രമായ ഉത്തരവിലൂടെ ഇടതു സർക്കാർ ജീവനക്കാരെ അവഹേളിക്കുകയാണ് ചെയ്തിരിക്കുന്നത്. ജീവനക്കാരോട് ഈ സർക്കാരിന് എന്തെങ്കിലും പ്രതിബദ്ധത ഉണ്ടെങ്കിൽ 2022 -2023 വർഷത്തെ ലീവ് സറണ്ടർ തുക പണമായി നൽകുവാനും കുടിശ്ശികയുള്ള ക്ഷാമബത്ത അടിയന്തിരമായി അനുവദിക്കുവാനും സർക്കാർ തയ്യാറാകണമെന്ന് കേരള എൻ.ജി.ഒ സംഘ് സംസ്ഥാന പ്രസിഡന്റ് ടി.എൻ.രമേശ്, ജനറൽ സെക്രട്ടറി എ.പ്രകാശ് എന്നിവർ ആവശ്യപ്പെട്ടു.

## കർഷകതൊഴിലാളി ക്ഷേമനിധി:

# വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

കർഷകതൊഴിലാളി ക്ഷേമനിധിബോർഡ് അംഗങ്ങളുടെ കുട്ടികൾക്ക് 2022 വർഷത്തെ ഉന്നത വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ നൽകാം. കേരളത്തിന് അകത്തുള്ള സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിച്ച ഡിഗ്രി, പ്രൊഫഷണൽ പി.ജി., ഐടിഐ, ടിടിസി, പോളിടെക്നിക്, ജനറൽ നഴ്സിംഗ്, ബിഎഡ്, മെഡിക്കൽ ഡിപ്ലോമ പരീക്ഷയിൽ ഉന്നതവിജയം നേടിയ മാതാപിതാക്കൾക്ക് അപേക്ഷിക്കാം.

അപേക്ഷാഫോറം www.agriworkersfund.org യിൽ ലഭിക്കും. നിശ്ചിതഫോമിലുള്ള അപേക്ഷ, ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ ജനുവരി 1 മുതൽ 31 വരെ സ്വീകരിക്കും. അപേക്ഷയ്ക്കൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്) സർട്ടിഫിക്കറ്റ് (പ്രൊവിഷണൽ അല്ലെങ്കിൽ ഒറിജിനൽ) പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്), അംഗത്വ പാസ്ബുക്കിന്റെ പകർപ്പ് (ആദ്യപേജിന്റെയും അംശാദായം അടച്ചതിന്റെയും വിവരങ്ങൾ), ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, അപേക്ഷകൻ/അപേക്ഷക കർഷകതൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം എന്നിവ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടണം.

# ഇ.പി.എഫ്. പെൻഷൻ നടപടികൾ ആരംഭിച്ചു

ഉയർന്ന പെൻഷൻ സംബന്ധിച്ച് 2022 നവംബർ 4-ന് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾക്ക് ഇ.പി.എഫ്. ഓർഗനൈസേഷൻ തുടക്കം കുറിച്ചു. 2022 ഡിസംബർ 22ന് പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ഇ.പി.എഫിൽ ഉയർന്ന ശമ്പളത്തിനനുസൃതമായി വരിസംഖ്യ അടയ്ക്കുകയും ഉയർന്ന പെൻഷനുവേണ്ടി ഓപ്ഷൻ നൽകുകയും ചെയ്തിട്ടും നിശ്ചിത തീയതിക്കകം ഓപ്ഷൻ നല്കിയില്ലെന്നതിനാൽ ഓപ്ഷൻ നിരാകരിക്കപ്പെട്ടവർക്ക് പുതിയ ഓപ്ഷൻ നല്കാൻ സുപ്രീംകോടതി ഉത്തരവായിരുന്നു. ഇവർക്ക് ഓപ്ഷൻ നൽകാൻ പുതുതായി നാലു മാസം കൂടി അനുവദിക്കാനാണ് കോടതിയുടെ ഉത്തരവുണ്ടായിരുന്നത്. ഇതു സംബന്ധിച്ച് നടപടികൾ എട്ട് ആഴ്ചകൾക്കകം തുടങ്ങണമെന്നും കോടതി നിർദ്ദേശിച്ചിരുന്നു. അതിനനുസൃതമായ നടപടികൾ കൈക്കൊള്ളാൻ കേന്ദ്രസർക്കാർ നിർദ്ദേശം നല്കിയതിനെത്തുടർന്നാണ് ഇപിഎഫ്ഒ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. ഓപ്ഷൻ ഓൺലൈനായാണ് നല്കുന്നത്. 2014 സപ്തംബർ 1-ന് മുൻപ് റിട്ടയർ ചെയ്തവർ വരിക്കാരല്ലാതായി മാറിയതിനാൽ അവർക്ക് പുതിയ ഓപ്ഷന് അവകാശമുണ്ടാകില്ല. അവർക്ക് 2014-ലെ ഭേദഗതികൾക്കു മുൻപ് നിലവിലുള്ള ആനുകൂല്യത്തിനേ അർഹതയുണ്ടാകൂ. വിശദമായ സർക്കുലർ ഇപിഎഫ് കമ്മീഷണർമാർ പുറപ്പെടുവിക്കുന്നതാണ്.




കേരള വൈദ്യുതി മസ്ദൂർ സംഘം സംസ്ഥാന ശിൽപശാല ബിഎംഎസ് ദേശീയ നിർവ്വാഹക സമിതി അംഗം കെ.കെ.വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

---



ഓട്ടോയിൽ മറന്നു വെച്ച സ്വർണാഭരണങ്ങൾ അടങ്ങിയ ബാഗ് ഉടമസ്ഥന് മടക്കി നൽകിയ കോഴിക്കോട് രാമനാട്ടുകരയിലെ ഓട്ടോ തൊഴിലാളിയും ബി.എം.എസ്. പ്രവർത്തകനുമായ ഹരികൃഷ്ണനെ ഫറോക്ക് പോലീസ് പൊന്നാട അണിയിച്ച് ആദരിച്ചപ്പോൾ.

---




ഉദ്യോഗമണ്ഡൽ കോൺട്രാക്ട് വർക്കേഴ്സ് യൂണിയൻ നോർത്ത് ഗേറ്റ് യൂണിറ്റ് സമ്മേളനം ബി.എം.എസ്. എറണാകുളം ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട് ഉദ്ഘാടനം ചെയ്യുന്നു.

അനുസ്മരണം

# ജി. ദേവൻ ഇനി ഓർമ്മകൾ മാത്രം

**വി. രാധാകൃഷ്ണൻ**
**ഭാരതീയ മസ്ദൂർസംഘം ദേശീയസെക്രട്ടറി**



**പാ**ലക്കാട് വ്യാസവിദ്യാപീഠത്തിലെ പ്രിൻസിപ്പലും യോഗാചാര്യനുമായ ജി. ദേവൻ ഡിസംബർ പതിനാറിന് രാവിലെ വാഹനാപകടത്തിൽ മരിച്ചുവെന്ന വാർത്ത അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്നതായിരുന്നു. അതിരാവിലെയുള്ള പതിവ് നടത്തത്തിനും വീട്ടിലേക്ക് ആവശ്യമായ പാൽ വാങ്ങിക്കുന്നതിനുമായി എടത്തറ വീടിനടുത്തുള്ള കടയിലേയ്ക്ക് നടന്നു പോകുമ്പോഴാണ് അതിവേഗതയിൽ വന്ന ഓട്ടോറിക്ഷ പിന്നിൽവന്ന് ഇടിച്ചത്. ഇടിയുടെ ആഘാതത്തിൽ വീണ് തലച്ചോറിന് കാര്യമായ പരിക്ക് പറ്റിയതാണ് മരണകാരണം. ഉടൻതന്നെ പാലക്കാട് ആശുപത്രിയിലേയ്ക്കും പിന്നീട് കോയമ്പത്തൂരിലേയ്ക്കും കൊണ്ടുപോയെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.

കോളേജ് പഠനകാലത്ത് എ.ബി.വി.പി. യിലൂടെയാണ് അദ്ദേഹം സംഘടനാപ്രവർത്തനത്തിലെത്തുന്നത്. ആദ്യമായി കോളേജിൽ എ.ബി.വി.പി. പ്രതിനിധിയായി ഇലക്ഷനിൽ ജയിച്ചത് ദേവൻ ആയിരുന്നു. 1986-ൽ കുറച്ചുകാലം പാലക്കാട് ബി.എം.എസ്. ഓഫീസ് സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. വിദ്യാഭാരതിയുടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ യോഗപ്രമുഖ് എന്ന ചുമതല വഹിച്ചിരുന്ന ദേവൻ മാസ്റ്റർ സംഘകുടുംബത്തിലെ ഒരു ആദർശ മാതൃകാ സ്വയംസേവകനായിരുന്നു. ദേവൻ എനിക്ക് വെറും സുഹൃത്ത് മാത്രമായിരുന്നില്ല. 1981 മുതൽ 1985 വരെ നെന്മാറ എൻ.എസ്.എസ്. കോളേജിൽ ഒരു ക്ലാസ് റൂമിൽ ഒരു ബഞ്ചിൽ അടുത്തടുത്തിരുന്നാണ് പ്രീഡിഗ്രിയും ഡിഗ്രിയും ഞങ്ങൾ പൂർത്തീകരിച്ചത്. ഊഷ്മളമായ സൗഹൃദത്തിന്റെയും നൈർമല്യമുള്ള സ്നേഹത്തിന്റെയും ആദർശ ജീവിതത്തിന്റെയും ആൾരൂപമായിരുന്നു. 1986 കാലഘട്ടത്തിൽ ബി.എം.എസിന്റെ പാലക്കാട് ഓഫീസ് സെക്രട്ടറി ആയിരുന്ന സമയത്ത് ബി.എം.എസിനെ പരിചയപ്പെടുത്തുകയും പ്രവർത്തനത്തിന് എന്നെ ക്ഷണിക്കുകയും ചെയ്തത് ദേവനാണ്. തുടർന്നുള്ള പ്രവർത്തനങ്ങളിലും എന്റെ വ്യക്തിജീവിതത്തിലും നല്ല ഉപദേശങ്ങളും പ്രോത്സാഹനങ്ങളും നല്കിയ എല്ലാമെല്ലാമായ ദേവന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

# കർമ്മ ധീരയായ മാതാവ് ഹീരാബെൻ മോദി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അമ്മ ഹീരാബെൻ (100 വയസ്സ്) ഡിസംബർ 30 ന് പുലർച്ചെ അന്തരിച്ചു. അഹമ്മദാബാദ് യു.എൻ. മെഹ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാർഡിയോളജി & റിസർച്ച് സെന്ററിൽ ആയിരുന്നു അന്ത്യം. പ്രധാനമന്ത്രിയുടെ മാതാവ് ഹീരാബെൻ മോദി ഓർമ്മയാകുമ്പോൾ അന്ത്യമാകുന്നത് ഒരു കർമ്മ യോഗിയുടെ ജീവിതമാണ്. രാജ്യത്തിന് വേണ്ടി മകനെ സമർപ്പിച്ച അമ്മയാണ് അവർ.



മകൻ ആഗ്രഹിച്ചത് പോലെ രാഷ്ട്രീയത്തിന്റെ നെറുകയിൽ എത്തുന്നത് കണ്ട അമ്മ അപ്പോഴും അഹമ്മദാബാദിലെ വീട്ടിൽ മാത്രമൊതുങ്ങി. അധികാരത്തിന്റെ അകത്തളങ്ങളിലേക്ക് പോകാതെ മകന് വേണ്ടി പ്രാർത്ഥനയോടെ കഴിയുകയായിരുന്നു ആ അമ്മ.

ഗുജറാത്ത് മുഖ്യമന്ത്രി പദം മുതൽ പ്രധാനമന്ത്രി കസേര വരെ നീണ്ടുനിൽക്കുന്ന നരേന്ദ്ര മോദിയുടെ രാഷ്ട്രീയ ജീവിതത്തിലെ പല ഘട്ടത്തിലും അമ്മയുടെ അനുഗ്രഹം വാങ്ങാൻ അദ്ദേഹം ഓടിയെത്തിയിരുന്നു. 2014 സെപ്റ്റംബർ 17 ന് പ്രധാനമന്ത്രിയായ ശേഷമുള്ള തന്റെ പിറന്നാൾ ദിനത്തിൽ അമ്മയെ കാണാൻ ഒരു സുരക്ഷാ സംവിധാനങ്ങളുമില്ലാതെ മോദി ഗാന്ധി നഗറിലെത്തിയിരുന്നു.അമ്മയോടൊപ്പമുള്ള നിമിഷങ്ങൾ പലപ്പോഴും അദ്ദേഹം സമൂഹമാധ്യമങ്ങളിലൂടെ പങ്കുവെച്ചിരുന്നു. പ്രധാനമന്ത്രിയുടെ അമ്മയാണെങ്കിലും, പൊതുഗതാഗത മാർഗങ്ങൾ ഉപയോഗിച്ച് യാത്ര ചെയ്യുന്നതുൾപ്പെടെ ലളിതമായ ജീവിതമാണ് ഹീരാബെൻ ഇഷ്ടപ്പെട്ടിരുന്നത്.

പ്രധാനമന്ത്രിയായ ശേഷം 2016 മെയ് 16ന് നരേന്ദ്ര മോദിയെ കാണുവാനായി അമ്മ അദ്ദേഹത്തിന്റെ റെയ്സ് കോഴ്സ് റോഡിലുള്ള ഔദ്യോഗിക വസതിയിലെത്തിയ സന്ദർഭത്തെ കുറിച്ച് മോദി ഇങ്ങനെ കുറിച്ചു- ഏറെ നാളുകൾക്ക് ശേഷം അമ്മയോടൊപ്പം ചില നല്ല നിമിഷങ്ങൾ ചെലവഴിച്ചു. റെയ്സ് കോഴ്സ് റോഡിലെ വീട്ടിലേക്കുള്ള അമ്മയുടെ ആദ്യ സന്ദർശനമായിരുന്നു ഇത്.

1922 ജൂൺ 18ന് ഗുജറാത്തിലെ മെഹ്സാനയിലാണ് ഹീരാബെൻ മോദി ജനിച്ചത്. ചായ വിൽപനക്കാരനായ ദാമോദർദാസ് മൂൽചന്ദ് മോദിയെ ചെറുപ്പത്തിൽ തന്നെ വിവാഹം കഴിച്ചു. ദാമോദർദാസ് മൂൽചന്ദ് മോദിയുടെയും ഹീരാബെന്നിന്റെയും ആറു മക്കളിൽ മൂന്നാമനാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി. സോമ മോദിയാണു മൂത്ത മകൻ. അമൃത് മോദി, പ്രഹ്ലാദ് മോദി, പങ്കജ് മോദി എന്നിവരാണ് മറ്റു ആൺ മക്കൾ. ഏക മകൾ വാസന്തിബെൻ. ഭർത്താവിന്റെ മരണത്തിന് മുൻപ് വഡ്നഗറിലെ കുടുംബത്തിന്റെ തറവാട്ടു വീട്ടിലായിരുന്നു ഹീരാബെൻ മോദി താമസിച്ചിരുന്നത്. ഭർത്താവിന്റെ മരണശേഷം ഇളയമകനായ പങ്കജിന്റെ വീട്ടിലേക്ക് മാറി.

2014 ലെ ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം പുറത്തുവരുന്നതിനു മുൻപ് മോദി, അമ്മയെ സന്ദർശിച്ച് അനുഗ്രഹം വാങ്ങിയിരുന്നു. 2015ൽ യുഎസ് സന്ദർശന വേളയിൽ, ഫേസ്ബുക് ആസ്ഥാനം സന്ദർശിക്കുന്നതിനിടെ അമ്മയെക്കുറിച്ച് സംസാരിച്ച മോദി വികാരാധീനനായി.

അമ്മയുമായുള്ള ബന്ധത്തെക്കുറിച്ച് പലപ്പോഴും പറഞ്ഞിട്ടുള്ള പ്രധാനമന്ത്രി, അടു

ത്തിടെ നടന്ന ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പു പ്രചാരണത്തിനായി ഗുജറാത്തിലെത്തിയപ്പോൾ അമ്മയെ സന്ദർശിച്ചിരുന്നു. അമ്മയുമായി പ്രധാനമന്ത്രി സംസാരിക്കുന്നതിന്റെയും ചായ കുടിക്കുന്നതിന്റെയും ദൃശ്യങ്ങളും സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. കഴിഞ്ഞ ജൂണിൽ അമ്മ 100ാം വയസ്സിലേക്കു പ്രവേശിച്ചപ്പോൾ ഗാന്ധിനഗറിലെ വീട്ടിലെത്തി മോദി പാദപൂജ നടത്തിയിരുന്നു.



## ആരും എത്തേണ്ട അവരവരുടെ ജോലികൾ പൂർത്തിയാക്കൂ

അമ്മയുടെ സംസ്ക്കാര ചടങ്ങ് തികച്ചും സ്വകാര്യ ചടങ്ങായി നടത്താനാണ് പ്രധാനമന്ത്രി ആഗ്രഹിച്ചത്. ഹീരാബെന്നിന്റെ മരണ വിവരമറിഞ്ഞ കേന്ദ്രമന്ത്രിമാർ അഹമ്മദാബാദിലേക്കെത്താൻ ശ്രമിച്ചപ്പോഴും ഏവരെയും സ്നേഹത്തോടെ വിലക്കി. ആരും എത്തേണ്ടതില്ലെന്നും രാവിലെ തന്നെ ചടങ്ങുകൾ പൂർത്തിയാക്കുമെന്നും പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് സന്ദേശം പോയി. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ കർണാടകയിലും ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ ജെ.പി.നദ്ദ ഡൽഹിയിലും പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് കേരളത്തിലും ഔദ്യോഗികപരിപാടികളിലായിരുന്നു. ഏവരോടും അവരുടെ ജോലികൾ നിർവഹിക്കാനായിരുന്നു നിർദേശം. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ മാത്രമായിരുന്നു സംസ്ക്കാര ചടങ്ങുകളിൽ പ്രധാനമന്ത്രിക്കൊപ്പമുണ്ടായിരുന്നത്.

## എന്റെ അമ്മ തപസ്വി, നിസ്വാർത്ഥ കർമ്മയോഗി

'മഹത്തായ ഒരു നൂറ്റാണ്ട് ഇനി ഈശ്വര പാദങ്ങളിൽ കുടികൊള്ളും. അമ്മയിൽ ഇപ്പോഴും ത്രിമൂർത്തി രൂപമാണ് ഞാൻ കണ്ടിരുന്നത്. ഒരു തപസ്വിയുടെ യാത്രയായിരുന്നു അത്. നിസ്വാർത്ഥ കർമ്മയോഗിയുടെ പ്രതീകമായി 'അമ്മ മാറി. മൂല്യങ്ങളിൽ അടിയുറച്ച ജീവിതമായിരുന്നു അമ്മയുടേത്'

*(അമ്മയെ അനുസ്മരിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി ട്വിറ്ററിൽ കുറിച്ചത്.)*

### രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ അനുശോചന സന്ദേശം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബഹുമാന്യയായ മാതാവ് ഹീരാഭായിയുടെ ശ്രേഷ്ഠ ജീവിതം അവസാനിച്ചിരിക്കുന്നു. രാഷ്ട്രീയ സ്വയംസേവകസംഘത്തിന്റെ ഓരോ സ്വയംസേവകരും പരേതയുടെ ആത്മാവിന് ആദരാഞ്ജലി അർപ്പിക്കുന്നു.

ജീവിതത്തിൽ അതികഠിനമായ പ്രയാസങ്ങൾ സഹിച്ചിട്ടും മൂല്യങ്ങളോട് പ്രതിബദ്ധത പുലർത്തുകയും സർവ്വശക്തനിൽ അചഞ്ചലമായ വിശ്വാസവും ഉണ്ടായിരുന്ന അവർ കർത്തവ്യവും അർത്ഥപൂർണ്ണവുമായ ജീവിതം നയിച്ചു. ദുഖത്തിന്റെ ഈ വേളയിൽ ശ്രീ നരേന്ദ്രഭായ് മോദിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും ഞങ്ങളുടെ അഗാധമായ അനുശോചനം അറിയിക്കുന്നു.

പരേതാത്മാവിന് മോക്ഷം ലഭിക്കട്ടെ. ഓം ശാന്തി!

**ഡോ.മോഹൻ ഭാഗവത്**
സർസംഘചാലക്
രാഷ്ട്രീയ സ്വയംസേവക സംഘം

**ദത്താത്രയ ഹൊസബാളെ**
സർകാര്യവാഹ്